അറിവോരം

ISSN 2582-2764

ARIVORAM - OFFICIAL NEWSLETTER OF KERALA LEGISLATIVE ASSEMBLY

Vol. 2 | Issue 2 | Bimonthly | April 2022 | Thiruvananthapuram | Page 20 | Price ₹10

» 05 സിൽവർ ലൈൻ സ്വപ്നപദ്ധതിയോ ?

» 07 നിയമസഭാ സമിതി റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യപ്പെടണം

» 20 നൂറ് ദിന കർമ്മ പദ്ധതി

സഭാധ്യക്ഷന്റെ പേജ്

യുദ്ധത്തിന് പിന്നിലെ തന്ത്രങ്ങൾ

എം.ബി. രാജേഷ്
സ്പീക്കർ

മനുഷ്യചരിത്രം സംഘർഷങ്ങളുടേത് കൂടിയാണ്. ആശയങ്ങൾ തമ്മിലുള്ള സംഘർഷവും ആയുധങ്ങൾ ഉപയോഗിച്ചുള്ള സംഘർഷവും. വർഗസംഘർഷങ്ങൾ ചരിത്രത്തിന്റെ മുന്നോട്ടുപോക്കിലെ ഒരു സവിശേഷ മാറ്റമായിരുന്നെങ്കിൽ വംശീയ സംഘർഷം ചരിത്രത്തിന്റെ പിന്നോട്ടുപോക്കാണ്. ആധുനിക കാലത്തെ സംഘർഷങ്ങളിൽ സാമ്രാജ്യത്വ താൽപര്യങ്ങൾ എപ്പോഴും ഒരു ഭാഗത്ത് ഉണ്ടായിരിക്കുമെന്നത് ലോകത്തിന്റെ അനുഭവമാണ്. കേവലം റഷ്യയും ഉക്രൈനും തമ്മിലുള്ള സംഘർഷമായി ഇപ്പോഴുണ്ടായ യുദ്ധത്തെ വിലയിരുത്തുന്നത് വസ്തുതാപരമോ ചരിത്രത്തോട് നീതി പുലർത്തുന്നതോ ആകില്ല. ഒരു ഭാഗത്ത് റഷ്യയും മറുഭാഗത്ത് അമേരിക്ക-നാറ്റോ കൂട്ടുകെട്ടും തമ്മിലുള്ള യുദ്ധമാണിത്. യുദ്ധരംഗം ഉക്രൈൻ ആണെന്ന് മാത്രം.

ചില യുദ്ധങ്ങൾക്ക് പിന്നിൽ വലിയ ജനകീയശക്തി അണിനിരക്കാറുണ്ട്. രണ്ടാം ലോക മഹായുദ്ധ കാലത്ത് നാസി ജർമനിക്കെതിരായി ലോക മനഃസാക്ഷി അണിനിരന്നു. അതിനാൽ മഹത്തായ ദേശാഭിമാനയുദ്ധമെന്ന് വിശേഷിപ്പിക്കപ്പെട്ട സോവിയറ്റ് യൂണിയൻ-നാസി ജർമനി യുദ്ധം ലോകത്തിന്റെ നിലനിൽപിന് വേണ്ടിയുള്ള മഹത്തായ ജനകീയയുദ്ധമായി മാറി. ആ യുദ്ധത്തിൽ സോവിയറ്റ് യൂണിയൻ വിജയിച്ചതുകൊണ്ടാണ് ലോകം ഇന്നത്തെ നിലയിൽ തുടരുന്നത്. വിയറ്റ്നാമിനെതിരെ അമേരിക്ക നടത്തിയ കാൽനൂറ്റാണ്ട് യുദ്ധകാലത്ത് ലോകത്തെങ്ങുമുള്ള ജനാധിപത്യവാദികളും സമാധാനപ്രിയരും വിയറ്റ്നാമിന്റെ പിന്നിലാണ് അണിനിരന്നത്. അമേരിക്കൻ സാമ്രാജ്യത്വത്തിന് അവസാനം മുട്ടുമടക്കേണ്ടിവന്നു. യുദ്ധത്തിൽ പങ്കെടുക്കുന്നവരെല്ലാം സമാധാനത്തിന്റെ ശത്രുക്കൾ എന്ന സാമാന്യവൽക്കരിക്കൽ ചരിത്രബോധമുള്ളവർ സ്വീകരിക്കില്ല.

രണ്ടാം ലോക മഹായുദ്ധം അവസാനിച്ചത് പ്രധാനമായും ജർമനിയുടെ കീഴടങ്ങലോടെയാണ്. 1945 മെയ് ഏഴിന് ജർമനി ഔദ്യോഗികമായി കീഴടങ്ങി. 1945 ജൂലൈയിലെ പോട്സ്ഡാം ഉച്ചകോടിയിൽ വച്ച് തന്നെ ജപ്പാൻ കീഴടങ്ങാനുള്ള സന്നദ്ധത അറിയിച്ചിരുന്നു. എന്നാൽ തങ്ങളുടെ രണ്ടു ബില്യൺ ഡോളറിന്റെ പരീക്ഷണം പൂർത്തിയാക്കാൻ ഹിരോഷിമയിലും നാഗസാക്കിയിലും അണുബോംബിട്ട് ലക്ഷങ്ങളെ കൊന്നൊടുക്കിയതിന് ശേഷം മാത്രമേ ഔദ്യോഗിക കീഴടങ്ങലിന് സാമ്രാജ്യത്വ ശക്തികൾ ജപ്പാനെ അനുവദിച്ചുള്ളൂ. ലീഗ് ഓഫ് നേഷൻസ് എന്ന അന്താരാഷ്ട്ര സംഘടനയ്ക്ക് രണ്ടാം ലോക മഹായുദ്ധം ഒഴിവാക്കാൻ കഴിയാതിരുന്നതുകൊണ്ട് രണ്ടാം ലോക മഹായുദ്ധത്തിനു ശേഷം ലോകത്ത് സമാധാനവും സൗഹൃദവും പുരോഗതിയും ഉറപ്പുവരുത്താനായി ഐക്യരാഷ്ട്ര സംഘടന രൂപീകരിച്ചു. എന്നാൽ സാമ്രാജ്യത്വത്തിന് അത്തരത്തിലൊരു സമാധാനം സഹിക്കുമായിരുന്നില്ല. അതുകൊണ്ട് ഒരു സൈനിക

8ാം പേജിൽ തുടരും...

ബജറ്റ് സമ്മേളനം അവസാനിച്ചു

പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനം 2022 ഫെബ്രുവരി 18 ന് ആരംഭിച്ചു. 2022 ഫെബ്രുവരി 18 മുതൽ 2022 മാർച്ച് 23 വരെ രണ്ട് ഘട്ടങ്ങളിലായി ആകെ 14 ദിവസം സഭ സമ്മേളിക്കുന്നതിനാണ് നിശ്ചയിച്ചിരുന്നതെങ്കിലും 2022 ഫെബ്രുവരി 22 ന് സഭ അംഗീകരിച്ച കാര്യോപദേശക സമിതിയുടെ അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശ പ്രകാരം 2022 മാർച്ച് 21 മുതലുള്ള മൂന്നു ദിവസങ്ങളിലെ സമ്മേളനങ്ങൾ ഒഴിവാക്കി 2022 മാർച്ച് 18 ന് സമ്മേളനം അവസാനിപ്പിക്കാൻ തീരുമാനിക്കുകയും അതനുസരിച്ച് കാര്യപരിപാടികൾ പുനഃക്രമീകരിക്കുകയും ചെയ്തു. 2022 കലണ്ടർ വർഷത്തെ ആദ്യസമ്മേളനം ആയതിനാൽ ഗവർണർ ആരിഫ് മുഹമ്മദ് ഖാന്റെ നയപ്രഖ്യാപന പ്രസംഗത്തോടു കൂടിയാണ് നാലാം സമ്മേളനം ആരംഭിച്ചത്. 2022 ഫെബ്രുവരി 21 ന് തൃക്കാക്കര മണ്ഡലത്തിൽ നിന്നുള്ള സാമാജികനായിരുന്ന പി.ടി.തോമസിന്റെ നിര്യാണത്തിൽ സഭ ചരമോപചാരം അർപ്പിച്ചു. തുടർന്ന് മൂന്ന് ദിവസം ഗവർണറുടെ പ്രസംഗത്തിനുള്ള നന്ദിപ്രമേയത്തിന്മേലുള്ള ചർച്ചയ്ക്കുശേഷം 2022 ഫെബ്രുവരി 24 ന് സഭ താൽക്കാലികമായി പിരിഞ്ഞു. മാർച്ച് 11 ന് ചേർന്ന സഭയിൽ ധനകാര്യ വകുപ്പുമന്ത്രി 2022-23 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കുകയും മാർച്ച് 14, 15, 16 തീയതികളിൽ ബജറ്റിന്മേലുള്ള പൊതുചർച്ച നടത്തുകയും ചെയ്തു. 2021-22 വർഷത്തെ ബജറ്റിലേക്കുള്ള അന്തിമ ഉപധനാഭ്യർത്ഥന മുൻ വർഷങ്ങളിലെ അധിക ധനാഭ്യർത്ഥനകൾ എന്നിവ സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും മാർച്ച് 17 നും 2022-23 വർഷത്തെ വോട്ട് ഓൺ അക്കൗണ്ട് സംബന്ധിച്ച ചർച്ചയും വോട്ടെടുപ്പും മാർച്ച് 18 നും നടന്നു. അതുമായി ബന്ധപ്പെട്ട ആറ് ധനവിനിയോഗ ബില്ലുകളും സഭ പാസ്സാക്കി.

ഈ സമ്മേളനകാലത്ത് ചട്ടം 50 പ്രകാരമുള്ള 5 നോട്ടീസുകളാണ് സഭ മുമ്പാകെ വന്നത്. അതിൽ മാർച്ച് 14 ന് സഭ മുമ്പാകെ വന്ന സിൽവർ ലൈൻ പദ്ധതിയുമായി ബന്ധപ്പെട്ട നോട്ടീസ് സഭ പരിഗണിക്കുകയും അതിന്മേൽ 2 മണിക്കൂർ ചർച്ച നടത്തുകയും ചെയ്തു. വിവിധ ജനകീയ പ്രശ്നങ്ങളിന്മേലുള്ള 13 ശ്രദ്ധക്ഷണിക്കലുകളും 66 സബ്മിഷനുകളും ഈ സമ്മേളനകാലത്ത് സഭാ നടപടികൾ സജീവമാക്കി.

നാലാം സമ്മേളനത്തിൽ 2022 ഫെബ്രുവരി 22 മുതൽ മാർച്ച് 18 വരെയുള്ള കാലത്തുണ്ടായിരുന്ന 8 ചോദ്യ ദിവസങ്ങളിൽ ഉത്തരം ലഭിക്കുന്നതിനായി നക്ഷത്ര ചിഹ്നമിട്ടതും നക്ഷത്ര ചിഹ്നമിടാത്തതുമായ ആകെ 3416 ചോദ്യങ്ങൾക്കുള്ള നോട്ടീസുകളാണ് ലഭിച്ചത്. ഇതിൽ 34 എണ്ണം വിവിധ കാരണങ്ങളാൽ നിരസിക്കുകയും 24 എണ്ണം പിൻവലിക്കുകയും ചെയ്തു. ശേഷിച്ചവയിൽ 240 എണ്ണം നക്ഷത്ര ചിഹ്നമിട്ട ചോദ്യങ്ങളുടെ ലിസ്റ്റിലും 3118 എണ്ണം നക്ഷത്ര ചിഹ്നമിടാത്ത ചോദ്യങ്ങളുടെ ലിസ്റ്റിലും ഉൾപ്പെടുത്തി ആകെ 3358 ചോദ്യങ്ങൾ അച്ചടിച്ചു. ഇതിൽ നക്ഷത്ര ചിഹ്നമിട്ട 240 ചോദ്യങ്ങൾക്കും നക്ഷത്ര ചിഹ്നമിടാത്ത 2804 ചോദ്യങ്ങൾക്കും ബന്ധപ്പെട്ട വകുപ്പുമന്ത്രിമാർ ഈ സമ്മേളനകാലത്ത് തന്നെ ഉത്തരം ലഭ്യമാക്കിയിട്ടുണ്ട്.

ചോദ്യോത്തര വേളയിൽ 23 ചോദ്യങ്ങൾ വാക്കാൽ മറുപടി നൽകുന്നതിനായി പരിഗണിച്ചിട്ടുണ്ട്. 180 അവസരങ്ങളിലായി 202 ഉപചോദ്യങ്ങൾ ഉന്നയിക്കപ്പെട്ടു. പതിമൂന്നും പതിനാലും കേരള നിയമസഭകളുടെ വിവിധ സമ്മേളനങ്ങളിലും പതിനഞ്ചാം കേരള നിയമസഭയുടെ ഒന്നു മുതൽ മൂന്നു വരെയുള്ള സമ്മേളനങ്ങളിലും മറുപടിയോ അന്തിമ മറുപടിയോ ലഭ്യമാക്കാത്ത ചോദ്യങ്ങളിൽ 210 എണ്ണത്തിന്റെ ഉത്തരം ചട്ടം 47(2) പ്രകാരമുള്ള കാലതാമസപത്രിക സഹിതം ഈ സമ്മേളനകാലത്ത് സഭയിൽ സമർപ്പിക്കുകയുണ്ടായി. വിവിധ സമ്മേളനങ്ങളിലെ നക്ഷത്ര ചിഹ്നമിടാത്ത 4 ചോദ്യങ്ങളുടെ ഉത്തരത്തിലെ തെറ്റ് തിരുത്തിക്കൊണ്ടുള്ള പ്രസ്താവനകളും ഈ സമ്മേളനത്തിൽ സഭയിൽ സമർപ്പിക്കുകയുമുണ്ടായി.

നാലാം സമ്മേളനകാലത്ത് 894 രേഖകളും വിവിധ നിയമസഭാ സമിതികളുടെ 44 റിപ്പോർട്ടുകളും സഭയുടെ മേശപ്പുറത്ത് വച്ചു. ലൈഫ് ഇൻഷ്വറൻസ് കോർപ്പറേഷൻ ഓഫ് ഇന്ത്യയുടെ ഓഹരികൾ വിറ്റഴിക്കുന്നതിൽനിന്നും കേന്ദ്രസർക്കാർ പിന്മാറണമെന്നാവശ്യപ്പെടുന്ന ഒരു ഗവണ്മെന്റ് പ്രമേയം ചട്ടം 118 പ്രകാരം മുഖ്യമന്ത്രി സഭയിൽ അവതരിപ്പിക്കുകയും സഭ ഐകകണ്ഠ്യേന പാസ്സാക്കുകയും ചെയ്തു. നടപ്പുസമ്മേളന കാലയളവിൽ അനൗദ്യോഗികാംഗങ്ങളുടെ ബില്ലുകളും പ്രമേയങ്ങളും സംബന്ധിക്കുന്ന ബിസിനസുകൾക്കായി സമയം മാറ്റി വച്ചില്ല. ഗവർണ്ണറുടെ പ്രസംഗം, പി.ടി.തോമസിന്റെ നിര്യാണം സംബന്ധിച്ച റഫറൻസ്, ബജറ്റ് അവതരണം എന്നീ ബിസിനസുകൾ നടന്ന ദിവസങ്ങളിൽ ചോദ്യോത്തരവേള ഉൾപ്പെടെയുള്ള മറ്റെല്ലാ ബിസിനസുകളും ഒഴിവാക്കിയിരുന്നു.

മൊഴിമുഴക്കം

"രാജ്യസ്നേഹമാണ് മതം. മതമെന്നാൽ ഇന്ത്യയോടുള്ള സ്നേഹവും".

സ്വാമി വിവേകാനന്ദൻ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

ജൽ ജീവൻ മിഷൻ പദ്ധതിക്ക് സർവകലാശാലയുടെ സ്ഥലം

പി.അബ്ദുൽ ഹമീദ്
വള്ളിക്കുന്ന്

നവംബർ 30 ന് ചേളാരി സ്കൂളിൽ പി.അബ്ദുൽ ഹമീദ് എം.എൽ.എ വിളിച്ച് ചേർത്ത യോഗത്തിൽ വള്ളിക്കുന്ന് മണ്ഡലത്തിലെ ജൽ ജീവൻ മിഷൻ കുടിവെള്ള പദ്ധതിക്കായി സ്ഥലം വിട്ട് കിട്ടുന്നതിനായി കാലിക്കറ്റ് സർവകലാശാലയെ സമീപിക്കാൻ തീരുമാനിച്ചിരുന്നു. പദ്ധതി വേഗത്തിലാക്കാൻ വിദഗ്ധ സമിതിയും രൂപീകരിച്ചു. യോഗതീരുമാനം സർവകലാശാലയെ അറിയിച്ചതിനെത്തുടർന്നാണ് ഭൂമി വിട്ട് നൽകാൻ തീരുമാനമായത്. എം.എൽ.എ യുടെ ഇടപെടലിനെ തുടർന്ന് പദ്ധതിക്ക് സർക്കാർ 287 കോടി രൂപയുടെ ഭരണാനുമതി നൽകി. യൂണിവേഴ്സിറ്റിക്കടുത്ത ചെനക്കലിൽ ജല അതോറിറ്റിയുടെ നിലവിലുള്ള ടാങ്കിനടുത്ത് തന്നെയാണ് സ്ഥലം പരിഗണിക്കുന്നത്. 33 മില്യൻ ലിറ്റർ ശേഷിയുള്ള സംഭരണിയാണ് നിർമ്മിക്കുക.

തേഞ്ഞിപ്പലം, മൂന്നിയൂർ, വള്ളിക്കുന്ന്, ചേലേമ്പ്ര എന്നീ പഞ്ചായത്തുകൾക്കും സർവ്വകലാശാലയ്ക്കും കുടിവെള്ളമെത്തിക്കുന്നതിന് വേണ്ടി 18 കിലോമീറ്റർ അകലെയുള്ള ചാലിയാർ മുണ്ടുകുഴിയിൽ നിന്ന് വെള്ളം എത്തിച്ച് വിതരണം ചെയ്യാനാണ് ലക്ഷ്യമിടുന്നത്. ജലസംഭരണിയും ശുദ്ധീകരണ പ്ലാന്റുമാണ് നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളത്. സർവകലാശാല സ്ഥലം നൽകാൻ തയ്യാറായ സ്ഥിതിക്ക് തുടർ പ്രവർത്തനങ്ങൾ വേഗത്തിലാക്കുമെന്ന് എം.എൽ.എ. അറിയിച്ചു.

സാൾട്ട് എക്സ്ക്ലൂഷൻ ചെക്ക്ഡാം

പള്ളിപ്പുഴയിൽ ഉപ്പുവെള്ളം കയറുന്നത് തടയുന്നതിനായി 10 കോടി രൂപ ചെലവഴിച്ച് നിർമ്മിക്കുന്ന സാൾട്ട് എക്സ്ക്ലൂഷൻ ചെക്ക്ഡാമിനായി കണ്ടെത്തിയ സ്ഥലത്തെ മണ്ണിന്റെ ഘടന പരിശോധിക്കുന്നതിന് കരാറെടുത്ത കമ്പനി പ്രതിനിധികളും ഗ്രാമ പഞ്ചായത്ത് പ്രതിനിധികളും ജലസേചന വിഭാഗം ഉദ്യോഗസ്ഥരും സ്ഥലം സന്ദർശിച്ചു. 7.70 ലക്ഷം രൂപയുടെ മണ്ണ് പരിശോധന ഏറ്റെടുത്ത് ചെയ്യുന്നത് കൊല്ലം കേന്ദ്രീകരിച്ച് പ്രവർത്തിക്കുന്ന ഷിയർ ഇൻവെസ്റ്റോ പ്രൈവറ്റ് ലിമിറ്റഡ് കമ്പനിയാണ്. മാർച്ച് 31 നകം പദ്ധതിയുടെ ഡി.പി.ആർ ഭരണാനുമതിക്കായി സമർപ്പിക്കാൻ സാങ്കേതികവിഭാഗത്തിന് നിർദേശം നൽകി.

കെ.എസ്.ആർ.ടി.സി പാലോട് ഡിപ്പോയ്ക്ക് പുതിയ മന്ദിരം

ഡി.കെ.മുരളി
വാമനപുരം

പാലോട് കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ എം.എൽ.എ യുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ച പുതിയ മന്ദിരത്തിന്റെ ഉദ്ഘാടനം നിർവ്വഹിച്ചു. മന്ദിരത്തിൽ സ്റ്റേഷൻ മാസ്റ്ററുടെ ഓഫീസ്, ടിക്കറ്റ് ആൻഡ് ക്യാഷ് കൗണ്ടർ, സ്റ്റോർ റൂം, പുരുഷ, വനിതാ ജീവനക്കാർക്ക് പ്രത്യേകം വിശ്രമ മുറികൾ എന്നിവ ഉൾപ്പെടുത്തിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ഡിപ്പോ അങ്കണത്തിൽ നടന്ന ചടങ്ങിൽ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ജി.കോമളം അധ്യക്ഷത വഹിച്ചു.

തച്ചോണം മുണ്ടോണിക്കര റോഡ് ഉദ്ഘാടനം ചെയ്തു

എം.എൽ.എ യുടെ 2020-21 ലെ പ്രത്യേക വികസന പദ്ധതി പ്രകാരം 10 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മാണം പൂർത്തികരിച്ച പാങ്ങോട് ഗ്രാമ പഞ്ചായത്തിലെ തച്ചോണം മുണ്ടോണിക്കര റോഡിന്റെ ഉദ്ഘാടനം എം.എൽ.എ നിർവ്വഹിച്ചു.



വേങ്കൊല്ല, ശാസ്താംനട – പോട്ടോമാവ് സാംസ്കാരിക നിലയം റോഡ്

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതി പ്രകാരം 15 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മാണം പൂർത്തീകരിച്ച വേങ്കൊല്ല,ശാസ്താംനട - പോട്ടോമാവ് സാംസ്കാരിക നിലയം റോഡ് എം.എൽ.എ ഉദ്ഘാടനം ചെയ്തു.

വൈപ്പിൻ ഫോക്‌ലോർ ഫെസ്റ്റ് – 2021 സംഘടിപ്പിച്ചു

കെ. എൻ. ഉണ്ണികൃഷ്ണൻ
വൈപ്പിൻ

കോവിഡ് മഹാമാരി തീർത്ത കടുത്ത വിഷാദത്തിനും മാന്ദ്യത്തിനുമിടെ നാടിനു സമാശ്വാസവും പ്രത്യാശയുമേകുന്ന പുത്തനുണർവ്വുമായി ഫോക്‌ലോർ ഫെസ്റ്റ് - വിവിഎഫ് 21 ഡിസംബർ 1 മുതൽ 31 വരെ സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷത്തിന്റെ ഭാഗമായി വൈപ്പിനിൽ സംഘടിപ്പിച്ചു. മഹാമാരി ബുദ്ധിമുട്ടിലാക്കിയ ടൂറിസത്തെയും ഫോക്‌ലോർ കലകളെയും കലാകാരൻമാരെയും സഹായിക്കുക, ലോകത്തിനുമുന്നിൽ വൈപ്പിൻ മേഖലയെ കേരളത്തിന്റെ ഫോക്‌ലോർ കലകളുടെ പ്രദർശനാലയമാക്കിക്കൊണ്ട് സാംസ്കാരിക ടൂറിസത്തിന്റെ കേന്ദ്രമാക്കുക, പ്രാദേശിക കലാകാരൻമാർക്ക് കലാവതരണത്തിന് അവസരം ഒരുക്കുക, കാർഷിക മേഖലയിൽ സാമ്പത്തിക ഉണർവ്വ് പകരുക, തനത് ടൂറിസം മേഖല നവീകരിക്കുക തുടങ്ങിയ കാഴ്ചപ്പാടുമായാണ് പരിപാടി സംഘടിപ്പിച്ചത്.

ഗ്രാഫിറ്റി രചന, സ്വാതന്ത്ര്യത്തിന്റെ എഴുപത്തിയഞ്ചാം വാർഷികാഘോഷത്തിന്റെ ഭാഗമായ വിവിധഭാഷാ കവിയരങ്ങ്, വൈപ്പിൻ കാർഷിക നവോത്ഥാന പദ്ധതിയുമായി ബന്ധപ്പെട്ട സെമിനാർ, ഭക്ഷ്യമേളകൾ, ബീച്ച് ഗുസ്തി, ചിത്രപ്രദർശനം, പുരാരേഖാ പ്രദർശനം, കവി കുരീപ്പുഴ ശ്രീകുമാറിന്റെ കാവ്യസല്ലാപം, അഡ്വ. എം. വി. പോൾ സ്മാരക മത്സരാധിഷ്ഠിത ഘോഷയാത്ര, ഫോക്‌ലോർ ഫിലിം ഫെസ്റ്റിവൽ, മാനവികതയുടെയും സൗഹാർദത്തിന്റെയും സന്ദേശം വിളംബരം ചെയ്ത 'സാന്തക്കൊപ്പം നടക്കൂ' കരോൾ നിശാ പരിപാടി തുടങ്ങിയവ ഫോക്‌ലോർ ഫെസ്റ്റിൽ അവതരിപ്പിച്ചു. ഫെസ്റ്റിന്റെ ഭാഗമായി വിദ്യാർത്ഥികളും സന്നദ്ധ പ്രവർത്തകരും വളപ്പ്, കുഴുപ്പിള്ളി ബീച്ചുകൾ ശുദ്ധീകരിക്കുകയും കുഴുപ്പിള്ളി ബീച്ചിൽ പട്ടം പറത്തുകയും വർക്ക്ഷോപ്പ് സംഘടിപ്പിക്കുകയും ചെയ്തു. ഓട്ടിസം ബാധിത കുട്ടികളുടെ ക്ഷേമത്തിന് റോട്ടറി കൊച്ചിൻ നൈറ്റ്സ് സംഘടിപ്പിച്ച സാന്താറൺ മാരത്തോൺ - സൈക്ലത്തോണിന്റെ സമ്മാനദാനവും നടത്തി. ഇതോടനുബന്ധിച്ച് വാർത്താപത്രിക തയ്യാറാക്കി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുകയും വാക്കത്തോൺ സംഘടിപ്പിക്കുകയും കലാപ്രതിഭകളെ ആദരിക്കുകയും ഗോത്ര - പാരമ്പര്യ കലാപ്രകടനങ്ങൾ നടത്തുകയും സമാപനത്തോടനുബന്ധിച്ച് നാടൻപാട്ടുത്സവം സംഘടിപ്പിക്കുകയും ചെയ്തു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

സാമാജികരുടെ നിയോജകമണ്ഡലങ്ങളിലൂടെ.....

കോങ്ങാട് വികസന പാതയിൽ

ശാന്തകുമാരി കെ.
കോങ്ങാട്

തച്ചമ്പാറ കാഞ്ഞിരപ്പുഴ പഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന തച്ചമ്പാറ മുതുകുറുശ്ശി റോഡ് പൊതുമരാമത്ത് ടൂറിസം വകുപ്പ് മന്ത്രി പി.എ. മുഹമ്മദ് റിയാസ് ഉദ്ഘാടനം ചെയ്യുന്നു.

കാഞ്ഞിരപ്പുഴ ഉദ്യാനം കൾച്ചറൽ പ്രോഗ്രാം 2021 'വാടികസ്മിതം' വൈദ്യുതി വകുപ്പ് മന്ത്രി കെ. കൃഷ്ണൻകുട്ടി ഉദ്ഘാടനം ചെയ്തു.

കെ.എസ്.ഇ.ബി. സൗര സബ്സിഡിയുടെ ഭാഗമായി തയ്യാറാക്കിയ 3.43 കിലോവാട്ട് പുരപ്പുറ സോളാർ പ്ലാന്റിന്റെ നിയോജകമണ്ഡല തല ഉദ്ഘാടനം കല്ലടിക്കോട് പറക്കാട് നടന്നു.

പ്രളയത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് നഷ്ടപരിഹാരം

സെബാസ്റ്റ്യൻ കുളത്തുങ്കൽ
പൂഞ്ഞാർ

2021 ലെ പ്രളയത്തിൽ വീടും സ്ഥലവും നഷ്ടമായവർക്ക് പുതിയ വീടും സ്ഥലവും നിർമ്മിക്കാനുള്ള ധനസഹായ വിതരണത്തിന്റെ ഔപചാരികമായ ഉദ്ഘാടനം സംസ്ഥാന റവന്യു വകുപ്പ് മന്ത്രി കെ. രാജൻ നിർവഹിച്ചു. വീട് പൂർണ്ണമായി നഷ്ടപ്പെട്ടവർക്ക് 4 ലക്ഷം രൂപയും വീടും സ്ഥലവും നഷ്ടപ്പെട്ടവർക്ക് 10 ലക്ഷം രൂപയുമാണ് നഷ്ടപരിഹാരമായി ലഭിക്കുക. വീട് ഭാഗികമായി നഷ്ടപ്പെട്ടവർക്ക് ആനുപാതിക നഷ്ടപരിഹാരവും ലഭിക്കും. സഹകരണ രജിസ്ട്രേഷൻ വകുപ്പ് മന്ത്രി വി.എൻ. വാസവൻ യോഗത്തിൽ അധ്യക്ഷത വഹിച്ചു. വീടും സ്ഥലവും നഷ്ടപ്പെട്ട 117 കുടുംബങ്ങൾക്ക് 18 കോടി 80 ലക്ഷം രൂപയാണ് ആകെ വിതരണം ചെയ്യുന്നത്. ഇതിൽ 47 കുടുംബങ്ങൾക്കുള്ള ആദ്യഗഡു സഹായധനം യോഗത്തിൽ മന്ത്രി വിതരണം ചെയ്തു.

സഹകരണ മന്ത്രി വി.എൻ. വാസവൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ സർക്കാർ ചീഫ് വിപ്പ് ഡോ. എൻ. ജയരാജ്, ആന്റോ ആന്റണി എം.പി. എന്നിവർ പങ്കെടുത്തു. സെബാസ്റ്റ്യൻ കുളത്തുങ്കൽ നന്ദി രേഖപ്പെടുത്തി. ജില്ലാ കളക്ടർ ഡോ. പി.കെ. ജയശ്രീ റിപ്പോർട്ട് അവതരിപ്പിച്ചു.

എം. എൽ. എ ഫണ്ട് വിനിയോഗിച്ച് പൂർത്തീകരിച്ച ആദ്യ പദ്ധതിയുടെ ഉദ്ഘാടനം

പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ എം.എൽ.എ ഫണ്ട് ഉപയോഗിച്ച് പൂർത്തീകരിച്ച ആദ്യ പദ്ധതിയായ പൂഞ്ഞാർ ഗ്രാമപഞ്ചായത്ത് 12 ാം വാർഡിലെ കയ്യാനികടവ് കുടിവെള്ള പദ്ധതി എം.എൽ.എ. ഉദ്ഘാടനം ചെയ്തു. മുടങ്ങിക്കിടന്ന പദ്ധതി പുനരുജ്ജീവിപ്പിച്ച് യാഥാർത്ഥ്യമാക്കിയതിലൂടെ 48 കുടുംബങ്ങൾക്ക് ശുദ്ധജലം എത്തിക്കാൻ കഴിഞ്ഞു.

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം – ഒന്നാം റീച്ചിന് വസ്തു ഏറ്റെടുക്കുന്നു

വി.കെ.പ്രശാന്ത്
വട്ടിയൂർക്കാവ്

വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതിയുമായി ബന്ധപ്പെട്ട് ശാസ്തമംഗലം മുതൽ മണ്ണറക്കോണം വരെയുള്ള ആദ്യ റീച്ചിലേയ്ക്കാവശ്യമായ ഭൂമി ഏറ്റെടുക്കുന്നതിനുള്ള 11 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ചു. തിരുവനന്തപുരം താലൂക്കിലെ ശാസ്തമംഗലം, വട്ടിയൂർക്കാവ്, പേരൂർക്കട വില്ലേജുകളിൽ നിന്നായി 273.59 ആർ ഭൂമിയാണ് വിജ്ഞാപനത്തിൽ ഉൾപ്പെട്ടിട്ടുള്ളത്. മണ്ണറക്കോണം പേരൂർക്കട, മണ്ണറക്കോണം വഴയില എന്നീ രണ്ടും മൂന്നും റീച്ചുകളുടെ 11(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടികൾ അവസാന ഘട്ടത്തിലാണ്.

വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസനം പൊതുമരാമത്ത് വകുപ്പിന്റെ പദ്ധതിയായും ഒഴിപ്പിക്കപ്പെടുന്നവരുടെ പുനരധിവാസം തദ്ദേശസ്വയംഭരണ വകുപ്പിന്റെ പദ്ധതിയായും രണ്ടു ഭാഗങ്ങളായാണ് കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്നത്. കേരള റോഡ് ഫണ്ട് ബോർഡും ടിഡയുമാണ് സ്പെഷ്യൽ പർപ്പസ് വെഹിക്കിളുകൾ. ശാസ്തമംഗലം - വട്ടിയൂർക്കാവ് - പേരൂർക്കട റോഡ് 3 റീച്ചുകളിലായി 10.75 കിലോമീറ്റർ ദൂരം 18.5 മീറ്റർ വീതിയിൽ വികസിപ്പിക്കുന്നതിനും റോഡ് വികസനത്തിന്റെ ഭാഗമായി നാശനഷ്ടം സംഭവിക്കുന്ന 570 ൽ പരം വ്യാപാര സ്ഥാപനങ്ങളിലെ വ്യാപാരികളിൽ 200 ഓളം പേരെ പുനരധിവസിപ്പിക്കുന്നതിനും പദ്ധതി ലക്ഷ്യമിടുന്നു. വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനത്തിനുള്ള വസ്തു ഏറ്റെടുക്കുന്നതിനായി 95 കോടി രൂപയും റോഡ് നിർമ്മാണ പ്രവൃത്തികൾക്കായി 219.75 കോടി രൂപയും കെ.ആർ.എഫ്.ബി ക്കും പുനരധിവാസത്തിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 27.04 കോടി രൂപ ടിഡക്കും അനുവദിച്ചിട്ടുണ്ട്. പദ്ധതിക്കായി ആകെ 341.79 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

സിറ്റി സ്കൂൾ വികസനത്തിന് രണ്ടരക്കോടി രൂപ അനുവദിച്ചു

പി.എം.ജി. സിറ്റി സ്കൂളിന്റെ വികസന പ്രവർത്തനങ്ങൾക്കായി രണ്ടരക്കോടി രൂപയുടെ ഭരണാനുമതി ലഭിച്ചു. സിറ്റി സ്കൂളിൽ എം.എൽ.എ ഫണ്ടിൽ നിന്നും ഒന്നേകാൽ കോടി രൂപ ചെലവിൽ നിർമ്മാണം നടത്തി വരുന്ന കെട്ടിടത്തിന്റെ മുകളിലായി രണ്ടു നിലകൾ കൂടി നിർമ്മിക്കുന്നതിനാണ് ഭരണാനുമതി ലഭിച്ചിരിക്കുന്നത്. നിലവിൽ പുരോഗമിക്കുന്ന നിർമ്മാണ പ്രവൃത്തികൾ ഈ മാസം തന്നെ പൂർത്തിയാകും. പുതിയ ഉത്തരവ് പ്രകാരമുള്ള പ്രവൃത്തികൾ അടിയന്തിരമായി ആരംഭിച്ച് സമയബന്ധിതമായി പൂർത്തിയാക്കുമെന്നും തിരുവനന്തപുരം നഗരത്തിന്റെ ഹൃദയഭാഗത്ത് സ്ഥിതി ചെയ്യുന്ന പൊതു വിദ്യാലയമായ സിറ്റി സ്കൂളിനെ മാതൃകാ വിദ്യാലയമാക്കി മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിക്കുമെന്നും എം.എൽ.എ അറിയിച്ചു.

സെൻട്രൽ പോളിടെക്നിക്കിന് പുതിയ മുഖം

വട്ടിയൂർക്കാവ് സെൻട്രൽ പോളിടെക്നിക്കിൽ സംസ്ഥാന സർക്കാരിന്റെ വിവിധ ഫണ്ടുകളുപയോഗിച്ച് 21 കോടി രൂപയുടെ വികസനപ്രവർത്തനങ്ങൾ പൂർത്തീകരിച്ചു. കിഫ്ബി ധനസഹായത്തോടെ 5.9 കോടി രൂപ ചെലവഴിച്ച് പൂർത്തീകരിച്ച മൂന്നു നിലകളിലായുള്ള മെക്കാനിക്കൽ, സിവിൽ, ഇലക്ട്രിക്കൽ ലാബുകൾ ഉൾകൊള്ളുന്ന ലബോറട്ടറി ബ്ലോക്ക്, ലൈബ്രറി ബ്ലോക്കിന്റെ എക്സ്റ്റൻഷൻ, ആൺകുട്ടികളുടെ ടോയ്‌ലെറ്റ് ബ്ലോക്ക്, അൻപതിനായിരം ലിറ്റർ സംഭരണ ശേഷിയുള്ള സമ്പ് എന്നിവയുടെ ഉദ്ഘാടനം 2022 ഫെബ്രുവരി 16 ന് ഉന്നത വിദ്യാഭ്യാസ വകുപ്പ് മന്ത്രി ഡോ. ആർ ബിന്ദു നിർവ്വഹിച്ചു.

സംസ്ഥാന സർക്കാരിന്റെ പ്ലാൻ ഫണ്ടിൽ നിന്ന് 12 കോടി രൂപ ചെലവഴിച്ച് ഒന്നും രണ്ടും അക്കാദമിക് ബ്ലോക്കുകളുടെ നിർമ്മാണവും അസറ്റ് മെയിന്റനൻസ് ഫണ്ടിൽ നിന്നും 2.41 കോടി രൂപ ചെലവഴിച്ച് ഹോസ്റ്റൽ, മെയിൻ ബിൽഡിംഗ്, വർക്ക് ഷോപ്പ്, ടെക്സ്റ്റൈൽ ബ്ലോക്ക് എന്നിവയുടെ അറ്റകുറ്റ പണികളും പൂർത്തീകരിച്ചിട്ടുണ്ട്.

1958 ൽ രൂപീകൃതമായ സെൻട്രൽ പോളിടെക്നിക്കിനെ സെന്റർ ഓഫ് എക്സലൻസാക്കി മാറ്റുന്നതിനുള്ള നടപടികൾ സംസ്ഥാന സർക്കാരിന്റെ ഭാഗത്തു നിന്നും ആരംഭിച്ചിട്ടുണ്ട്. റെസിഡൻഷ്യൽ ക്വാർട്ടേഴ്സുകളുടെയും ഇന്റേണൽ റോഡുകളുടെയും നിർമ്മാണത്തിനായി 13.27 കോടി രൂപയുടെ പദ്ധതിയും സിവിൽ, ഇലക്ട്രിക്കൽ, മെക്കാനിക്കൽ ഡിപ്പാർട്ട്മെന്റുകൾക്കായി മൂന്ന് നില കെട്ടിടം നിർമ്മിക്കുന്നതിന് 7.5 കോടി രൂപയുടെ പദ്ധതിയും തയ്യാറാക്കിയതായി എം.എൽ.എ അറിയിച്ചു. മുടങ്ങിക്കിടക്കുന്ന പാർട്ട് ടൈം ഡിപ്ലോമ കോഴ്സ് പുനരാരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ
നം. 02/ഏപ്രിൽ 2022 | തിരുവനന്തപുരം

സ്പീക്കറുടെ പൊതുപരിപാടികൾ

മട്ടന്നൂരിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് തുടക്കം കുറിച്ചു

മട്ടന്നൂർ എം.എൽ.എ. കെ.കെ.ശൈലജ ടീച്ചറുടെ നേതൃത്വത്തിൽ നടപ്പാക്കുന്ന സമഗ്ര വിദ്യാഭ്യാസ പദ്ധതി 'തരംഗ'ത്തിന്റെ ഉദ്ഘാടനം സ്പീക്കർ എം.ബി. രാജേഷ് നിർവഹിച്ചു. ചിറ്റാരിപ്പറമ്പ് ഗവ. ഹയർ സെക്കന്ററി സ്കൂളിൽ നടന്ന ചടങ്ങിൽ വച്ചായിരുന്നു പദ്ധതിയുടെ ഉദ്ഘാടനം. പൊതു വിദ്യാഭ്യാസത്തിന്റെ ദിശാമാറ്റത്തിന് നാന്ദി കുറിക്കുന്ന വിശദമായ പദ്ധതിരേഖയും ഇതോടൊപ്പം പ്രസിദ്ധീകരിച്ചിട്ടുണ്ട്. കഴിഞ്ഞ അഞ്ചു വർഷക്കാലം പൊതു വിദ്യാഭ്യാസ രംഗത്തുണ്ടായ കാതലായ മാറ്റത്തെ അതിന്റെ തുടർച്ചയിലേക്ക് നയിക്കുന്ന ഒന്നായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. വിദ്യാർത്ഥികളുടെ അഭിരുചിയെ നിർണ്ണയിക്കുകയും അതിനെ പ്രോത്സാഹിപ്പിച്ച് വിഭിന്ന മേഖലയിലെ മികവുകളെ സൃഷ്ടിച്ചെടുക്കുകയും ചെയ്യുക എന്നതാണ് പദ്ധതി ലക്ഷ്യംവയ്ക്കുന്നത്. കെ.കെ.ശൈലജ ടീച്ചറുടെ നേതൃത്വത്തിൽ തീർത്തും ജനകീയമായാണ് ഇതിനാവശ്യമായ വിഭവ സമാഹരണം നടത്തുന്നത് എന്നത് പ്രത്യേകശ്രദ്ധ ആകർഷിക്കുന്നു.

ദിവ്യ എസ്. അയ്യരുടെ പുസ്തകം പ്രകാശനം ചെയ്തു

പത്തനംതിട്ട ജില്ലാ കലക്ടർ ദിവ്യ എസ്. അയ്യർ എഴുതിയ 'കൈയൊപ്പിട്ട വഴികൾ' എന്ന പുസ്തകം നിയമസഭാ സ്പീക്കർ എം.ബി.രാജേഷ് സാർവ്വദേശീയ വനിതാ ദിനത്തിൽ പ്രകാശനം ചെയ്തു. പ്രശസ്ത നയതന്ത്രജ്ഞൻ ടി.പി. ശ്രീനിവാസൻ ആദ്യ പ്രതി ഏറ്റുവാങ്ങി.

മുൻ നിയമസഭാംഗം കെ.എസ്.ശബരീനാഥൻ സ്വാഗതം ആശംസിച്ച ചടങ്ങിൽ ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ അധ്യക്ഷത വഹിച്ചു. ബെന്യാമിന്റെ പുസ്തകപരിചയം സദസിന് നല്ലൊരു സാഹിത്യ പ്രഭാഷണമൊരുക്കി. ലോക്സഭാംഗമായ ആന്റോ ആന്റണി, എം എൽ എ മാരായ മാത്യു ടി. തോമസ്, കെ. യു. ജനീഷ് കുമാർ, പ്രമോദ് നാരായൺ, എന്നിവരും ചടങ്ങിൽ പങ്കെടുത്തു.

ഡെപ്യൂട്ടി സ്പീക്കറുടെ പൊതുപരിപാടികൾ

സുഭിക്ഷ ഹോട്ടൽ ആരംഭിക്കും

സപ്ലൈകോയുടെ നവീകരിച്ച സൂപ്പർ മാർക്കറ്റ് ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ ഉദ്ഘാടനം ചെയ്തു. മണ്ഡലത്തിൽ സിവിൽ സപ്ലൈസ് വകുപ്പിന്റെ നേതൃത്വത്തിൽ മാർച്ച് മാസം സുഭിക്ഷ ഹോട്ടൽ ആരംഭിക്കുമെന്ന് ഡെപ്യൂട്ടി സ്പീക്കർ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

ഏറത്ത് ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന് പുതിയ കെട്ടിടം

ആരോഗ്യമേഖലയിൽ പ്രവർത്തന മികവുകൊണ്ട് ലോകത്തിന്റെ ആദരവ് നേടിയെടുക്കാൻ സർക്കാരിന് സാധിച്ചതായി ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ. ഏറത്ത് ഗ്രാമപഞ്ചായത്തിലെ പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെ പുതിയ കെട്ടിടം ഉദ്ഘാടനം നിർവ്വഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

മാതൃകാപരമായ പ്രവർത്തനങ്ങളിലൂടെ പ്രതിസന്ധി കാലഘട്ടത്തിൽ പോലും വലിയ മുന്നേറ്റം സൃഷ്ടിക്കാൻ കേരളത്തിന്റെ ആരോഗ്യമേഖലക്ക് സാധിച്ചതായും അദ്ദേഹം പറഞ്ഞു. . ഡെപ്യൂട്ടി സ്പീക്കറുടെ 2017-2018 വർഷത്തെ ആസ്തി വികസന ഫണ്ട് ഉപയോഗിച്ചാണ് കെട്ടിടം നിർമ്മിച്ചത്.



വലയിൽ നിന്ന്.......

ആനവണ്ടി

പത്തനംതിട്ടയിലെ തേയില തോട്ടങ്ങളിൽ നിന്നും കൂറ്റൻ ബോയിലറുകളിൽ നിറച്ച തേയില ആനവണ്ടിയിൽ കെട്ടി കൊല്ലം തുറമുഖത്ത് എത്തിച്ചിരുന്നു. (പത്തൊൻപതാം നൂറ്റാണ്ടിൽ എടുത്ത അപൂർവ്വ ഫോട്ടോ).

പ്രതിപക്ഷ നേതാവിന്റെ പേജ്

വി.ഡി. സതീശൻ
പ്രതിപക്ഷ നേതാവ്

സിൽവർ ലൈൻ സ്വപ്നപദ്ധതിയോ ?



കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മനസ്സിലാക്കാതെയും പാരിസ്ഥിതിക, സാമ്പത്തിക സാമൂഹിക ആഘാത പഠനങ്ങൾ നടത്താതെയും സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കാനുള്ള ഏകപക്ഷീയമായ തീരുമാനവുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. അടിസ്ഥാനസൗകര്യ മേഖലയിൽ കേരളത്തിൽ പ്രഖ്യാപിക്കപ്പെട്ട ഏറ്റവും വലിയ വികസന പദ്ധതി എന്ന നിലയിൽ വളരെ മൗലികവും സജീവവും ആയ ചർച്ചകളും പഠനങ്ങളും നടത്തി അവധാനതയോടെ നടപ്പിലാക്കേണ്ട ഒന്നാണ് സിൽവർ ലൈൻ പദ്ധതി. പൂർണ്ണമായ ഡി.പി.ആർ. പുറത്തുവിട്ട് നിയമസഭ അടക്കമുള്ള ജനാധിപത്യ വേദികളിൽ വ്യക്തവും കൃത്യവുമായ ചർച്ച നടത്തി അവിടെ ഉയരുന്ന ക്രിയാത്മക നിർദ്ദേശങ്ങൾക്കനുസരിച്ച് വേണം മുന്നോട്ട് പോകേണ്ടത്. ഇപ്പോൾ പുറത്തു വിട്ടിട്ടുള്ള ഡി.പി.ആർ. അപൂർണ്ണവും തെറ്റിദ്ധാരണാജനകവുമാണ്. ഏരിയൽ സർവ്വേ രീതി പ്രയോജനപ്പെടുത്തിയാണ് വിശദമായ പദ്ധതിരേഖ രൂപപ്പെടുത്തിയത്. സിസ്ട്ര എന്ന ഫ്രഞ്ച് കമ്പനിയാണ് ഇത് നിർവ്വഹിച്ചത്. സിൽവർ ലൈൻ പദ്ധതിയുടെ സാധ്യതാ പഠനത്തിന് കേന്ദ്ര സർക്കാരിൽ നിന്ന് ലഭിച്ചത് ഇൻ-പ്രിൻസിപ്പൽ അപ്രൂവലാണ്. അത് ഉപയോഗിച്ചാണ് ഉടൻ പദ്ധതി നടപ്പിലാക്കാൻ പോകുന്നു എന്ന പ്രതീതി ജനിപ്പിച്ച് സംസ്ഥാന സർക്കാർ മുന്നോട്ട് പോകുന്നത്.

ഇത്രയും വലിയ പദ്ധതി നടപ്പിലാക്കുന്നതിന് മുമ്പായി സാമൂഹിക ആഘാത പഠനം അനിവാര്യമാണ്. അത് നടത്താൻ നാളിതുവരെ സർക്കാരിന് സാധിച്ചിട്ടില്ല. കൂടാതെ നിയമപരമായ യാതൊരു നടപടിക്രമങ്ങളും പാലിച്ചിട്ടില്ല. വസ്തുത ഇതായിരിക്കെ പദ്ധതിക്കായി ഭൂമി ഏറ്റെടുക്കുന്നതിന് സർക്കാർ കാട്ടുന്ന അനാവശ്യ ധൃതി ദുരൂഹത ഉണർത്തുന്നതാണ്. കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ പ്രത്യേകതകൾ മറ്റെവിടെയും ഇല്ലാത്ത തരത്തിലാണ്. കേരളത്തിൽ താഴ്ന്ന പ്രദേശങ്ങളിൽ വെള്ളപ്പൊക്കവും മലയോര മേഖലകളിൽ മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവ ഉണ്ടാകുന്നതും നിത്യസംഭവമായി മാറിയിരിക്കുന്നു. സിൽവർ ലൈൻ പദ്ധതിയുടെ ചെലവായി സർക്കാർ കണക്കാക്കിയിരിക്കുന്നത് 64,000 കോടി രൂപയാണ്. ഈ പദ്ധതിക്ക് 2018 ൽ നീതി ആയോഗ് പ്രതീക്ഷിച്ച ചിലവ് 1.25 ലക്ഷം കോടി രൂപയാണ്. ഇത് 2022 ൽ 1.60 ലക്ഷം കോടി രൂപയ്ക്ക് മുകളിൽ വരുമെന്നുള്ളത് പ്രത്യേകം ശ്രദ്ധിക്കേണ്ട വിഷയമാണ്.

ഈ പദ്ധതി മൂലമുണ്ടാകുന്ന സാമൂഹ്യ പാരിസ്ഥിതിക ആഘാതങ്ങൾ പരിഗണിച്ചിട്ടില്ല. 15 മുതൽ 30 വരെ മീറ്റർ വീതിയിൽ വൻമതിൽ പോലെയാണ് സിൽവർ ലൈൻ നിർമ്മിക്കപ്പെടുന്നത്. 328 കി.മീറ്റർ നീളത്തിൽ വലിയ ഉയരത്തിൽ എംബാങ്ക്മെന്റും, ബാക്കി സ്ഥലത്ത് പാതയുടെ ഇരുവശത്തും ഉയരമുള്ള മതിലുകളുമാണ്. ഇത് കേരളത്തിന്റെ കിഴക്ക് പടിഞ്ഞാറ് ദിക്കുകളെ തമ്മിൽ വേർതിരിക്കുന്ന വൻ കോട്ടയായി മാറും എന്നതിൽ തർക്കമില്ല. ഒപ്പം ഈ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് ആവശ്യമായ അസംസ്കൃതവസ്തുക്കൾ എവിടെ നിന്ന് കണ്ടെത്തുമെന്നതും വലിയ വെല്ലുവിളിയാണ്. മൂന്നു വർഷം കൊണ്ട് പണി പൂർത്തീകരിക്കേണ്ട വിഴിഞ്ഞം തുറമുഖ പദ്ധതി ആറ് വർഷം കഴിഞ്ഞിട്ടും പൂർത്തീകരിക്കാൻ കഴിയാത്തതിന്റെ പ്രധാന കാരണം അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യമാണ് എന്നതും നാം വിസ്മരിക്കരുത്.

ഇന്റർ ഗവൺമെന്റൽ പാനൽ ഓൺ ക്ലൈമറ്റ് ചേഞ്ച് (ഐ.പി.സി.സി.) റിപ്പോർട്ടിൽ കേരളത്തിലെ പാരിസ്ഥിതിക ദുർബലാവസ്ഥയെക്കുറിച്ച് പ്രതിപാദിച്ചിട്ടുള്ളത് കൂടുതൽ ചർച്ചയ്ക്കും ഗൗരവതരമായ പഠനത്തിനും വിധേയമാക്കേണ്ടതുണ്ട്. ഇതോടൊപ്പം തന്നെ കാണേണ്ട പ്രധാന വസ്തുതയാണ് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ റിപ്പോർട്ടിൽ കേരളത്തിന്റെ പരിതാപകരമായ സമ്പദ്‌വ്യവസ്ഥയെ കുറിച്ച് വിശദീകരിച്ചിട്ടുള്ളത്. ഈ വക കാര്യങ്ങളെക്കുറിച്ചൊന്നും വിശദീകരിക്കാതെ എങ്ങനെയും സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കി വരുംതലമുറകളെ കൂടി കടബാധ്യതയുടെ കാണാക്കയങ്ങളിലേക്ക് തള്ളിവിടാനുള്ള ബോധപൂർവ്വമായ നീക്കത്തെ ന്യായീകരിക്കുവാൻ കഴിയുകയില്ല.

കെ-റെയിൽ കോർപ്പറേഷൻ വഴി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വിവിധ പദ്ധതികളിൽ ഒന്നായ സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കുന്നതിൽ അനാവശ്യമായ തിടുക്കം കാണിക്കുന്നത് എന്തിനെന്ന് കൃത്യമായി ബോധ്യപ്പെടുത്താതെയാണ് സർക്കാർ മുന്നോട്ടു പോകുന്നത്. അപൂർണ്ണമായ ഡി.പി.ആർ. പുറത്തുവിട്ട് സാങ്കേതിക പഠനം പോലും നടത്താതെ, ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ സംശയങ്ങൾക്ക് പോലും കൃത്യമായ മറുപടി നൽകാതെ ഒളിച്ചുകളി തുടരുന്ന സർക്കാർ ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഹൈക്കോടതി അനുമതി നൽകിയിട്ടുണ്ട്, എന്ന രീതിയിൽ കോടതിവിധിയെ തെറ്റായി വ്യാഖ്യാനിച്ച് പ്രചരിപ്പിക്കുകയാണ് .

1961 ലെ കേരള സർവ്വേ ആൻഡ് ബൗണ്ടറിസ് ആക്ടിലെ ആറാം വകുപ്പ് പ്രകാരം സർക്കാരിന് ഏതെങ്കിലും പൊതു ആവശ്യത്തിന് ഭൂമി ഏറ്റെടുക്കാൻ അധികാരമുണ്ടോ എന്നത് മാത്രമാണ് കോടതി പരിശോധിച്ചത്. അതായത് സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള സാമൂഹിക ആഘാത പഠനത്തിന്റെ ഭാഗമായി സർവ്വേ നടത്താൻ മാത്രമാണ് ഹൈക്കോടതി ഡിവിഷൻ ബഞ്ച് ഉത്തരവ് നൽകിയത്. നിലവിലുള്ള അലൈൻമെന്റിന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അനുമതി ലഭിക്കാതെ ഭൂമി ഏറ്റെടുക്കില്ലെന്നുള്ള സംസ്ഥാന സർക്കാരിന്റെ ഉറപ്പു കിട്ടിയതിന്റെ അടിസ്ഥാനത്തിൽ മാത്രമാണ് ഹൈക്കോടതി ഈ വിധിപ്രസ്താവം നടത്തിയത്. അതിന് തങ്ങളുടേതായ സൗകര്യത്തിനനുസരിച്ച് വ്യാഖ്യാനം നടത്തിയാണ് ഇപ്പോൾ ധൃതഗതിയിലുള്ള ഈ കല്ലിടൽ പരിപാടി.

അതിവേഗതയിൽ തെക്ക് വടക്ക് സഞ്ചരിക്കണം എന്നതിന്റെ പേരിൽ മാത്രമാണ് ഇത്രയധികം പുത്തൻ വ്യാഖ്യാനങ്ങൾ ചമച്ചും അർദ്ധസത്യങ്ങളും അസത്യങ്ങളും പ്രയോഗിച്ചും സിൽവർ ലൈൻ പദ്ധതിക്കായി മുന്നോട്ട് പോകുന്നത്. പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച് നിയമപരമായി പാലിക്കേണ്ട യാതൊരു നടപടിക്രമങ്ങളും സർക്കാർ പാലിച്ചിട്ടില്ലായെന്നുള്ള വസ്തുത നമ്മൾ മറക്കാൻ പാടില്ല. സാമൂഹ്യ-പാരിസ്ഥിതിക ആഘാതപഠനമോ, വ്യക്തമായ പദ്ധതി രേഖയോ ഇല്ലാതെയുള്ള സർക്കാർ നീക്കം ദുരുപദിഷ്ടം തന്നെയാണ്. പദ്ധതി നടപ്പിലാക്കുന്നതിനേക്കാൾ സർക്കാരിന്റെ ഔൽസുക്യം വിദേശ ഏജൻസികളിൽ നിന്നും എത്രയും പെട്ടെന്ന് വായ്പ തരപ്പെടുത്തി എടുക്കുന്നതിന് വേണ്ടിയുള്ളതാണെന്നത് പകൽ പോലെ വ്യക്തമാണ്. സിൽവർലൈൻ പദ്ധതിക്കായുള്ള പാത സ്റ്റാൻഡേർഡ് ഗേജ് ആയിരിക്കും എന്നതും നമ്മൾ കാണണം. സ്റ്റാൻഡേർഡ് ഗേജ് റെയിൽവേ ലൈൻ പണം ചോരുന്ന മറ്റൊരു വഴിയാണ്. സിൽവർ ലൈൻ പദ്ധതിയിലെ ഏറ്റവും വലിയ ചതിക്കുഴിയാണ് അത്. ഇന്ത്യൻ റെയിൽവേയുടെ 96 ശതമാനവും ബ്രോഡ്ഗേജാണ്. സ്റ്റാൻഡേർഡ് ഗേജ് ആക്കിയിരിക്കുന്നത് ലോൺ നൽകുന്ന ജപ്പാൻ കമ്പനിയുടെ നിർദ്ദേശപ്രകാരമാണ്. ഈ പദ്ധതിക്ക് പകരം ചെലവുകുറഞ്ഞ പ്രായോഗിക ബദൽ മാർഗ്ഗങ്ങളെക്കുറിച്ച് സർക്കാർ ആലോചിക്കണം. നിലവിലുള്ള ബ്രോഡ്ഗേജ് പാതകൾ തന്നെ ഉപയോഗിക്കാം. പ്രസ്തുത റെയിൽപാതയുടെ വളവുകൾ ഒഴിവാക്കാൻ ആകെ 100 ഹെക്ടർ സ്ഥലം മാത്രമേ പുതുതായി വേണ്ടിവരികയുള്ളൂ. പ്രതീക്ഷിത ചെലവ് 20,000 കോടി രൂപ മാത്രമായിരിക്കും. ഇതിനും പുറമേ 2025 ഓടെ 160 കിലോമീറ്റർ വേഗതയിൽ ഓടുന്ന 75 വന്ദേ ഭാരത് എക്സ്പ്രസ്സ് സർവ്വീസ് ആരംഭിക്കുമെന്ന് കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ സാധ്യതകളും കേരളം പ്രയോജനപ്പെടുത്തണം.

ഭാവി കേരളത്തിന്റെ പാരിസ്ഥിതികവും ശാസ്ത്രീയവും സാമൂഹ്യവും സാമ്പത്തികവുമായ പുരോഗതിയാണ് ലക്ഷ്യം വയ്ക്കുന്നതെങ്കിൽ ഇവിടുത്തെ റെയിൽവേ വികസന പദ്ധതി സംബന്ധിച്ച് വിശദമായ ചർച്ച നടത്തണം. തികച്ചും പ്രായോഗികമായ രീതിയിൽ സമസ്ത വിഭാഗം ജനങ്ങളെയും വിശ്വാസത്തിലെടുത്ത് മുന്നോട്ടു പോകാനാണ് സർക്കാർ തയ്യാറാകേണ്ടത്. ദുരഭിമാനം വെടിഞ്ഞ് വസ്തുനിഷ്ഠമായ വിലയിരുത്തൽ നടത്തി പ്രായോഗിക സമീപനം സ്വീകരിക്കാൻ സർക്കാർ തയ്യാറാകണം. അതല്ലാതെ കേരളത്തിലെ ജനങ്ങളെ ഇരുട്ടിൽ നിർത്തി അവരുടെ ആശങ്കകൾക്ക് അറുതി വരുത്താതെ സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കാനുള്ള നീക്കം അനുവദിക്കാനാവില്ല.

വേർപാട്

എ. യൂനുസ് കുഞ്ഞ്
മുൻ എം.എൽ.എ

മുൻ നിയമസഭാംഗം എ.യൂനുസ് കുഞ്ഞ് (80) 2022 ഫെബ്രുവരി 3 ന് അന്തരിച്ചു. ഒൻപതാം കേരള നിയമസഭയിൽ ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിനെ പ്രതിനിധീകരിച്ച് മലപ്പുറത്തുനിന്നും നിയമസഭയിലെത്തിയ അദ്ദേഹം നിയമസഭാ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. ഒൻപതാം കേരള നിയമസഭയിലെ റൂൾസ് കമ്മിറ്റിയിലും വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV ലും അംഗമായിരുന്നു.

കൊല്ലം ജില്ലയിലെ രാഷ്ട്രീയ വിദ്യാഭ്യാസ മേഖലകളിൽ നിറസാന്നിദ്ധ്യമായിരുന്ന എ. യൂനുസ് കുഞ്ഞ് മുസ്ലീം ലീഗ് കൊല്ലം ജില്ലാ പ്രസിഡന്റ്, പ്രവർത്തക സമിതി അംഗം, വടക്കേവിള പഞ്ചായത്ത് പ്രസിഡന്റ്, പഞ്ചായത്ത് ബോർഡ് പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. കൊല്ലം ജില്ലാ കൗൺസിൽ, ഇന്ത്യൻ കാഷ്യൂ എക്സ്പോർട്ട് അസോസിയേഷൻ, കേരള സാങ്കേതിക സർവ്വകലാശാല എക്സിക്യൂട്ടീവ്, കേരള സർവ്വകലാശാല സെനറ്റ് എന്നിവയിൽ അംഗമായിരുന്നു. കേരള സ്വാശ്രയ എഞ്ചിനീയറിംഗ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റ്, രക്ഷാധികാരി എന്നീ നിലകളിലും കേരള ബി.എഡ് കോളേജ് മാനേജ്മെന്റ് അസോസിയേഷൻ പ്രസിഡന്റായും പ്രവർത്തിച്ചിട്ടുണ്ട്. 2022 ഫെബ്രുവരി 22 ന് സഭ ചരമോപചാരം അർപ്പിച്ചു.

ഭാര്യ : ദരീഫാ ബീവി. എ, ഏഴ് മക്കൾ.

പി.ജെ.തോമസ്
മുൻ എം.എൽ.എ

കോന്നി നിയോജകമണ്ഡലത്തിൽ നിന്നുള്ള മുൻ എം.എൽ.എ. പി.ജെ. തോമസ് (98) 2022 മാർച്ച് 20 ന് അന്തരിച്ചു. നാല് (1970-77) അഞ്ച് (1977-79) കേരള നിയമസഭകളിൽ യഥാക്രമം കോൺഗ്രസ് (ആർ), ഐ.എൻ.സി പ്രതിനിധിയായി കോന്നി നിയോജകമണ്ഡലത്തെ നിയമസഭയിൽ പ്രതിനിധീകരിച്ചു. 1942 ലെ ക്വിറ്റ് ഇന്ത്യ പ്രസ്ഥാനത്തിലൂടെയാണ് രാഷ്ട്രീയത്തിൽ പ്രവേശിക്കുന്നത്. 1965 ലെ തെരഞ്ഞെടുപ്പിൽ കോന്നി നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ച് നിയമസഭയിലേക്ക് തെരഞ്ഞെടുക്കപ്പെട്ടെങ്കിലും ആർക്കും ഭൂരിപക്ഷം ലഭിക്കാത്തതിനാൽ അന്ന് സഭ കൂടിയിരുന്നില്ല. റബ്ബർ ബോർഡ് ചെയർമാൻ, കോന്നി പഞ്ചായത്ത് പ്രസിഡന്റ്, കേരള പ്രദേശ് കർഷക കോൺഗ്രസ് പ്രസിഡന്റ്, ഡി.സി.സി, കെ.പി.സി.സി അംഗം എന്നീ നിലകളിലും പ്രവർത്തിച്ചിരുന്നു.

ഭാര്യ കോമളം ; മൂന്നു മക്കൾ

തലേക്കുന്നിൽ ബഷീർ
മുൻ എം.എൽ.എ

മുൻ നിയമസഭാംഗവും ലോക്സഭാംഗവും മുതിർന്ന കോൺഗ്രസ് നേതാവുമായ തലേക്കുന്നിൽ ബഷീർ (79) 2022 മാർച്ച് 25 ന് അന്തരിച്ചു. 1977 മാർച്ചിൽ അഞ്ചാം കേരള നിയമസഭയിലേക്ക് കഴക്കൂട്ടം മണ്ഡലത്തിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട തലേക്കുന്നിൽ ബഷീർ, അതേ വർഷം ജൂലൈ 25 ന് എ.കെ. ആന്റണിക്ക് വേണ്ടി എം.എൽ.എ. സ്ഥാനം രാജിവച്ചു. തുടർന്ന് അതേ വർഷം പ്രായം കുറഞ്ഞ അംഗമെന്ന ഖ്യാതിയോടെ രാജ്യസഭയിൽ. 1979-84 കാലഘട്ടത്തിൽ വീണ്ടും രാജ്യസഭാംഗമായ തലേക്കുന്നിൽ ബഷീർ 1984-89, 1989-91 എന്നീ കാലയളവുകളിൽ ചിറയിൻകീഴിൽ നിന്നുള്ള ലോക്സഭാംഗമായിരുന്നു. കെ.എസ്.യു. വിലൂടെ രാഷ്ട്രീയത്തിലെത്തിയ അദ്ദേഹം കെ.പി.സി.സി. ജനറൽ സെക്രട്ടറി, വൈസ് പ്രസിഡന്റ്, ആക്ടിംഗ് പ്രസിഡന്റ്, തിരുവനന്തപുരം ഡി.സി.സി. പ്രസിഡന്റ് തുടങ്ങിയ സ്ഥാനങ്ങൾ അലങ്കരിച്ചു. 'ട്രിഡ'-യുടെ മുൻ ചെയർമാനായിരുന്നു. വെളിച്ചം കൂടുതൽ വെളിച്ചം, രാജീവ് ഗാന്ധി : സൂര്യ തേജസിന്റെ ഓർമ്മയ്ക്ക്, മണ്ടേലയുടെ നാട്ടിൽ ഗാന്ധിജിയുടെയും, ദാമോദരൻ നായർ മുതൽ ബർലിൽ കുഞ്ഞനന്തൻ നായർ വരെ തുടങ്ങിയ കൃതികൾ രചിച്ചിട്ടുണ്ട്.

ഭാര്യ പരേതയായ സുഹ്റ; രണ്ട് മക്കൾ.

ഇതരസഭാ വാർത്തകളിലൂടെ

കാർഷിക ബജറ്റ് അവതരിപ്പിച്ച് രാജസ്ഥാൻ

ആദ്യ കാർഷിക ബജറ്റുമായി രാജസ്ഥാൻ നിയമസഭ. കർഷകരുടെ ക്ഷേമതാൽപര്യങ്ങൾ സംരക്ഷിക്കുന്നതിനും കർഷകർക്ക് പ്രയോജനപ്രദമായ നൂതന ആശയങ്ങൾ കണ്ടെത്തുന്നതിനുമായാണ് സംസ്ഥാന നിയമസഭയുടെ ചരിത്രത്തിലാദ്യമായി ഇത്തരമൊരു ബജറ്റ് അവതരിപ്പിച്ചത്. സംസ്ഥാനം ജലദൗർലഭ്യം നേരിടുന്ന സാഹചര്യത്തിൽ തുള്ളിനന, സ്പ്രിങ്ക്ളർ ജലസേചനം തുടങ്ങിയവ പ്രോത്സാഹിപ്പിക്കാനുള്ള നടപടികളും ബജറ്റിൽ ഉൾപ്പെടുത്തിയിരുന്നു. ബജറ്റിന് മുന്നോടിയായി കർഷകരെയും ക്ഷീരസംഘങ്ങളുടെ പ്രതിനിധികളെയും സന്ദർശിച്ച മുഖ്യമന്ത്രി അശോക് ഗെഹ്‌ലോട്ട്, കാർഷിക രംഗത്തിന് മാത്രമായി ഒരു ഊർജ്ജ കമ്പനി സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടെന്നും അറിയിച്ചു.

അഞ്ചിൽ നാല് നേടി ബി.ജെ.പി.

ഉത്തർപ്രദേശ്, ഉത്തരാഖണ്ഡ്, ഗോവ, പഞ്ചാബ്, മണിപ്പൂർ എന്നീ സംസ്ഥാനങ്ങളിലേക്ക് നടന്ന തെരഞ്ഞെടുപ്പുകളിൽ പഞ്ചാബ് ഒഴികെ ബാക്കി സംസ്ഥാനങ്ങളിൽ ബി.ജെ.പി. ഭരണമുറപ്പിച്ചു. പഞ്ചാബിൽ ആം ആദ്മി പാർട്ടി (AAP) മിന്നും ജയം നേടി. ഉത്തർപ്രദേശിൽ ആകെയുള്ള 403 നിയമസഭാ മണ്ഡലങ്ങളിൽ 273 സീറ്റും ഗോവയിൽ 40 ൽ 20 സീറ്റും ഉത്തരാഖണ്ഡിൽ 70 ൽ 47 സീറ്റും മണിപ്പൂരിൽ 60 ൽ 32 സീറ്റും നേടി ഭരണത്തുടർച്ചയോടെയാണ് ബി.ജെ.പി. അധികാരത്തിലെത്തിയത്. പഞ്ചാബിൽ ആകെയുള്ള 117 നിയോജകണ്ഡലങ്ങളിൽ 92 നിയോജകമണ്ഡലങ്ങൾ എ.എ.പിക്കൊപ്പം നിന്നു. ഉത്തർപ്രദേശിൽ ബി.ജെ.പി.ക്ക് 41.3% വോട്ട് വിഹിതം ലഭിച്ചപ്പോൾ മുഖ്യ എതിർകക്ഷിയായ സമാജ്‌വാദി പാർട്ടിക്ക് 32.03% വോട്ട് വിഹിതമാണ് ലഭിച്ചത്. ഗോവയിൽ ബി.ജെ.പി.ക്ക് 33.3% വോട്ട് ലഭിച്ചപ്പോൾ കോൺഗ്രസിന് 23.5% വോട്ട് നേടാനായി. അവിടെ ആം ആദ്മി പാർട്ടിക്ക് 6.7% വോട്ട് നേടാനായി എന്നത് ശ്രദ്ധേയമായി. ഉത്തരാഖണ്ഡിൽ 44.34% വോട്ട് ബി.ജെ.പി. നേടിയപ്പോൾ കോൺഗ്രസ്സിന് 37.9% വോട്ട് ലഭിച്ചു. മണിപ്പൂരിൽ ബി.ജെ.പി.ക്ക് 37.83% വോട്ടും എൻ.പി.പി.ക്ക് 17.29% വോട്ടും ലഭിച്ചു. പഞ്ചാബിൽ 42.01% വോട്ട് നേടി എ.എ.പി. അധികാരത്തിലെത്തിയപ്പോൾ ഭരണകക്ഷിയായിരുന്ന കോൺഗ്രസ് 22.98% വോട്ട് വിഹിതത്തിലേക്ക് ചുരുങ്ങി. പഞ്ചാബിൽ ഭരണം പിടിച്ചും ഗോവയിൽ രണ്ട് സീറ്റ് നേടിയും ഒരു പ്രാദേശിക പാർട്ടിയിൽ നിന്നും ദേശീയ രാഷ്ട്രീയത്തിലേക്കുള്ള കരുത്തുറ്റ കാൽവയ്പാണ് എ.എ.പി. നടത്തിയിരിക്കുന്നത്.

തലസ്ഥാന നഗരിയെ വിഭജിക്കുന്നതിനുള്ള നിയമം കൊണ്ടുവരാൻ സംസ്ഥാനത്തിന് അധികാരമില്ല

ആന്ധ്രാപ്രദേശ് തലസ്ഥാന മേഖലാ വികസന അതോറിറ്റി നിയമവും (APCRDA) ലാന്റ് പൂളിംഗ് ആക്ടും അനുസരിച്ച് ആറുമാസത്തിനുള്ളിൽ വികസന പ്രവർത്തനങ്ങൾ നടത്തി അമരാവതിയെ തലസ്ഥാന നഗരമാക്കി മാറ്റണമെന്ന് ആന്ധ്രാ ഹൈക്കോടതി. തലസ്ഥാന നഗരിയെ വിഭജിക്കാനുള്ള ഒരു നിയമ നിർമ്മാണത്തിനും സംസ്ഥാന സർക്കാരിന് നിയമപരമായ അധികാരമില്ലെന്നും കോടതി വ്യക്തമാക്കി. ഇതോടെ സംസ്ഥാനത്ത് മൂന്ന് തലസ്ഥാനങ്ങൾ രൂപീകരിക്കാനുള്ള സർക്കാർ ശ്രമങ്ങൾക്ക് കോടതി തടയിട്ടു. അമരാവതിയിലെ ഒരു കൂട്ടം കർഷകർ സമർപ്പിച്ച ഹർജിയിൽ വാദം കേൾക്കെയാണ് ചീഫ് ജസ്റ്റിസ് പ്രശാന്ത് കുമാർ മിശ്ര ഉത്തരവ് പുറപ്പെടുവിച്ചത്. തലസ്ഥാന വികസനത്തിന്റെ ഭാഗമാക്കി വികസിപ്പിച്ചതും പുനസംഘടിപ്പിച്ചതുമായ വസ്തുവകകൾ അതിന്റെ ഉടമസ്ഥർക്ക് മൂന്നു മാസത്തിനകം കൈമാറണമെന്നും കോടതി ഉത്തരവിട്ടു. സംസ്ഥാനത്ത് അധികാര വികേന്ദ്രീകരണവും വികസനവും ലക്ഷ്യമിട്ട് വിശാഖപട്ടണം ഭരണ നിർവ്വഹണ തലസ്ഥാനമായും അമരാവതി നിയമനിർമ്മാണ തലസ്ഥാനമായും കർണൂൽ നീതിനിർവ്വഹണ തലസ്ഥാനമായും മാറ്റുന്നതിന് വൈ.എസ്.ജഗൻ മോഹൻ റെഡ്ഢി സർക്കാർ പദ്ധതിയിട്ടിരുന്നു.

വിജ്ഞാനപഥം

1. വോട്ടവകാശത്തിനുള്ള പ്രായം 21 ൽ നിന്ന് 18 വയസ്സിലേക്ക് മാറ്റിയ ഭരണഘടനാ ഭേദഗതി ഏത് ?

   1988 ലെ 61 ാം ഭേദഗതി

2. കൂറുമാറ്റം നടത്തി അയോഗ്യനാക്കുന്നത് സംബന്ധിച്ച കാര്യങ്ങൾ ഭരണഘടനയുടെ ഏത് പട്ടികയിൽപെടുന്നു ?

   പത്താം പട്ടിക

3. അടിയന്തിരാവസ്ഥ പ്രഖ്യാപിക്കുമ്പോൾ ഭരണഘടനാ പ്രകാരമുള്ള മൗലികാവകാശങ്ങളെ സസ്പെന്റ് ചെയ്യുന്നതിനുള്ള വ്യവസ്ഥ ഏത് രാജ്യത്തെ ഭരണഘടനയിൽ നിന്നാണ് സ്വീകരിച്ചത് ?

   ജർമ്മനിയിലെ വീമർ ഭരണഘടന

4. കേരള നിയമസഭയിൽ ഏകദേശം ഒൻപത് മാസക്കാലത്തോളം സ്പീക്കറുടെ ചുമതല വഹിച്ച ഡെപ്യൂട്ടി സ്പീക്കർ ആര് ?

   ആർ.എസ്.ഉണ്ണി (9.5.1975 - 16.2.1976) (നാലാം കേരള നിയമസഭയിൽ)

5. ഇന്ത്യൻ പ്രധാനമന്ത്രിയായി നിയമിക്കപ്പെട്ട ആദ്യ രാജ്യസഭാംഗം ?

   ഇന്ദിരാഗാന്ധി

6. ഇന്ത്യൻ പ്രസിഡന്റായി ഒരു വ്യക്തിക്ക് എത്ര തവണ ആ സ്ഥാനത്തേക്ക് തെരഞ്ഞെടുക്കപ്പെടാം ?

   പരിധിയില്ല

7. അടിയന്തരാവസ്ഥ പ്രഖ്യാപിക്കുന്നതിന് രാഷ്ട്രപതിക്ക് അധികാരം നൽകുന്ന ഭരണഘടനാ അനുച്ഛേദം ?

   അനുച്ഛേദം 352

8. ധനകാര്യ കമ്മീഷനെകുറിച്ച് പരാമർശിക്കുന്ന ഭരണഘടനാ വ്യവസ്ഥ ഏത് ?

   അനുച്ഛേദം 280

9. ആറാം കേരള നിയമസഭയിൽ എ.കെ ശശീന്ദ്രൻ നോട്ടീസ് നൽകിയ പ്രമേയമാണ് സ്പീക്കറെ നീക്കം ചെയ്യുന്നതുമായി ബന്ധപ്പെട്ട് കേരള നിയമസഭയിൽ ആദ്യം ചർച്ച ചെയ്തത്. ഏത് സ്പീക്കർക്കെതിരെയാണ് നോട്ടീസ് നൽകിയത് ?

   എ.സി. ജോസിനെതിരെ (കാസ്റ്റിംഗ് വോട്ട് ചെയ്തതിലൂടെ ഗവൺമെന്റിന് അനുകൂലമായി പക്ഷപാതം കാട്ടി എന്ന കാരണത്താൽ)

10. വൈസ് പ്രസിഡന്റിനെതിരായ ഇംപീച്ച്മെന്റ് പ്രമേയം ആരംഭിക്കുന്നത് എവിടെ നിന്ന് ?

    രാജ്യസഭയിൽ നിന്ന് (അനുച്ഛേദം 67(b))

ഇന്ദിരാഗാന്ധി

എ.സി. ജോസ്

ആർ.എസ്.ഉണ്ണി

വാനമ്പാടിക്ക് ചരമോപചാരമർപ്പിച്ച് കേരള നിയമസഭ

ഇന്ത്യയുടെ വാനമ്പാടി ലതാ മങ്കേഷ്കർക്ക് ചരമോപചാരമർപ്പിച്ച് കേരള നിയമസഭ. 2022 ഫെബ്രുവരി 22 നാണ് സഭ ലതാമങ്കേഷ്കറിന് ചരമോപചാരമർപ്പിച്ചത്. ലോകമെങ്ങുമുള്ള ഇന്ത്യാക്കാരെ ഒരേ ചരടിൽ കോർത്തിണക്കുന്ന മാസ്മരിക സംഗീതമാണ് ലതാ മങ്കേഷ്കറിന്റേതെന്നും അവർ ഇന്ത്യാക്കാരുടെ മാത്രമല്ല ഉപഭൂഖണ്ഡത്തിലെയാകെ ജനങ്ങളുടെ പ്രിയ ഗായികയാണെന്നും സഭ അനുസ്മരിച്ചു. സ്വാതന്ത്യപൂർവ്വ ഇന്ത്യയിൽ പാടിത്തുടങ്ങിയ അവർ 75 വർഷം ഇന്ത്യൻ ചലച്ചിത്ര പിന്നണിഗാന മേഖലയിൽ ഉജ്ജ്വല ശോഭയോടെ പ്രശോഭിച്ച കലാകാരിയാണെന്നും ഗുലാം ഹൈദർ മുതൽ എ.ആർ.റഹ്മാൻ വരെയുള്ള സംഗീത സംവിധായകരുടെ സംഗീത ഭാവനകൾക്ക് അവർ സാക്ഷാത്കാരം നൽകിയെന്നും നമ്മുടെ രാജ്യത്തിന്റെ ഐക്യത്തിന്റെയും അഖണ്ഡതയുടെയും ദേശീയോദ്ഗ്രഥനത്തിന്റെയും തിളങ്ങുന്ന പ്രതീകമായി ചരിത്രത്തിൽ രേഖപ്പെടുത്തേണ്ട നാമമാണ് ലതാ മങ്കേഷ്കറിന്റേത് എന്നും സ്പീക്കർ അനുസ്മരിച്ചു.

മുൻ സാമാജികർ മനസ് തുറക്കുന്നു......

നിയമസഭാ സമിതി റിപ്പോർട്ട് സഭയിൽ ചർച്ച ചെയ്യപ്പെടണം

സി. ദിവാകരൻ

ഇന്ത്യയിലെ ഇതര സംസ്ഥാന നിയമസഭകളിൽ നിന്ന് കേരള നിയമസഭ വേറിട്ടുനില്ക്കാൻ കാരണമായ വിവിധ ഘടകങ്ങളിൽ ഒന്നാണ് 'അറിവോരം'. കേരള നിയമസഭയിൽ ഒന്നര പതിറ്റാണ്ടുകാലം അംഗമായിരുന്ന എന്റെ അനുഭവങ്ങൾ അറിവോരത്തിലൂടെ പങ്കുവയ്ക്കാൻ അവസരം ലഭിച്ചതിൽ സന്തോഷം.

തിരുവനന്തപുരം ജില്ലയിൽ തോട്ടം മണക്കാട് (കമലേശ്വരം) ചെക്കാടശ്ശേരി വീട്ടിൽ ജനനം. സി.കെ. ശിവരാമപ്പണിക്കരുടെയും ബി. അമ്മുക്കുട്ടി അമ്മയുടെയും മൂന്നാമത്തെ പുത്രൻ. മൂത്ത സഹോദരന്മാരായ ബാബു, ജയദേവൻ, സഹോദരി ലളിത, ഇളയ സഹോദരൻ പീതാംബരൻ. ഒരിടത്തരം കുടുംബം.

തിരുവനന്തപുരം കമലേശ്വരം സർക്കാർ പ്രൈമറി സ്കൂളിൽ വിദ്യാഭ്യാസം. തുടർന്ന് എസ്.എം.വി. സ്കൂളിൽ പഠനം. ഇക്കാലത്ത് കേരളത്തിലെ കമ്മ്യൂണിസ്റ്റ് സർക്കാർ വിദ്യാലയങ്ങളിൽ 'സ്കൂൾ പാർലമെന്റ്' സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിക്കുകയും പരീക്ഷണാർത്ഥം എസ്.എം.വി സ്കൂളിൽ അത് നടപ്പിലാക്കുകയും ചെയ്തു. സ്കൂൾ പാർലമെന്റിലെ പ്രധാനമന്ത്രിയായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടു. സ്കൂൾ പാർലമെന്റ് നടപടിക്രമങ്ങൾ 1957 ലെ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയിലെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ജോസഫ് മുണ്ടശ്ശേരിയും കേരള നിയമസഭയുടെ പ്രഥമ സ്പീക്കറായിരുന്ന ആർ. ശങ്കരനാരായണൻ തമ്പിയും സ്കൂളിലെത്തി ഉദ്ഘാടനം നിർവ്വഹിച്ചു.

കേരളത്തിലെ വിദ്യാർത്ഥികൾക്കിടയിൽ ജനാധിപത്യ പ്രക്രിയയുടെ ബാലപാഠങ്ങൾ പഠിക്കാനുള്ള അവസരത്തിന് വഴി തുറന്നു. നന്നേ ചെറുപ്രായത്തിൽ എന്റെ മനസ്സിലും ഈ അനുഭവം ആവേശം പകർന്നു. ഒരു പൊതുപ്രവർത്തകനാകണമെന്ന ആഗ്രഹം ഞാനറിയാതെ എന്നെ സ്വാധീനിക്കാനും ഈ സംഭവം ഒരു നിമിത്തമായി.

സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കി ഞാൻ കടന്നുചെന്നത് തിരുവനന്തപുരം മഹാത്മാഗാന്ധി കോളേജിലായിരുന്നു. പ്രീ യൂണിവേഴ്സിറ്റി സമ്പ്രദായത്തിന്റെ അവസാനബാച്ചിൽ ഞാൻ വിദ്യാർത്ഥിയായി. മന്മഥൻ സാർ അന്ന് എം.ജി. കോളേജിലെ പ്രിൻസിപ്പലായിരുന്നു. പ്രീ യൂണിവേഴ്സിറ്റി അസോസിയേഷൻ തെരഞ്ഞെടുപ്പിൽ ഞാൻ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെട്ടു. തുടർന്ന് യൂണിവേഴ്സിറ്റി കോളേജിലെത്തി. 1961-64 കാലഘട്ടത്തോടെ യൂണിവേഴ്സിറ്റി കോളേജിന്റെ പടികളിറങ്ങി. അവിടെ വിദ്യാർത്ഥിയായിരുന്ന സമയത്ത് കോളേജ് യൂണിയൻ മാഗസിൻ എഡിറ്റർ സ്ഥാനത്തേയ്ക്ക് ഞാൻ തെരഞ്ഞെടുക്കപ്പെട്ടു.

അവിടെ എന്റെ സീനിയർ വിദ്യാർത്ഥികളായിരുന്ന പലരും എന്റെ ബാച്ച്മേറ്റായിരുന്നവരും വിവിധ മേഖലകളിൽ പിൽക്കാലത്ത് പ്രശസ്തരായി. അവരിൽ ചിലരുടെ പേരുകൾ ഞാനിപ്പോഴും ഓർത്തുപോകുന്നു. കേരളകൗമുദിയിലെ എം.എസ്.മണി, വാർത്തകൾ വായിക്കുന്ന ഗോപൻ, കണിയാപുരം രാമചന്ദ്രൻ, സുന്ദരം ധനുവച്ചപുരം, വട്ടപ്പറമ്പിൽ ഗോപിനാഥപിള്ള, കുളത്തൂർ കൃഷ്ണൻ നായർ, ചിറയിൻകീഴ് രാമകൃഷ്ണൻ കൂടാതെ സഹപാഠികളായിരുന്ന ജി. കൃഷ്ണൻ ഐ.എ.എസ്., റ്റി. പി. ശ്രീനിവാസൻ ഐ.എഫ്.എസ്., ദൂരദർശൻ ഡയറക്ടറായിരുന്ന രുഗ്മിണി, പ്രൊഫ. വിശ്വമംഗലം സുന്ദരേശൻ, ബിച്ചു തിരുമല, പി. പത്മരാജൻ തുടങ്ങിയ എത്രയോ പ്രതിഭാസമ്പന്നന്മാരോടൊത്ത് യൂണിവേഴ്സിറ്റി കോളേജ് കാമ്പസ്സിൽ കറങ്ങിനടന്ന കാലത്തിന്റെ സ്മരണകളിന്നും ആവേശകരമായ അനുഭവമാണ്. യൂണിവേഴ്സിറ്റി കോളേജിലെ ജീവിതത്തിനിടയിൽ കുറച്ചുകാലം ദേശാഭിമാനി പത്രത്തിലെ തിരുവനന്തപുരം ലേഖകനായിരുന്ന പവനന്റെ അസിസ്റ്റന്റായി ജോലിചെയ്തിരുന്നു.

വിദ്യാഭ്യാസം വീണ്ടും തിരുവനന്തപുരം ഗവ. ട്രെയിനിംഗ് കോളേജിൽ ബി.എഡ്. ക്ലാസ്സിൽ തുടർന്നു. കുറച്ചുകാലം തിരുമല അബ്രഹാം മെമ്മോറിയൽ ഹൈസ്കൂളിൽ അദ്ധ്യാപകനായി ജോലി നോക്കി. തുടർന്നു പൂർണ്ണസമയ രാഷ്ട്രീയ പ്രവർത്തകനായി മാറി. തുടർന്ന് ലാ അക്കാഡമി ലാ കോളേജിൽ ചേർന്നു. പഠനം തുടരാനായില്ല.

1974 ൽ വി.ജെ.റ്റി. ഹാളിൽ വച്ച് മുഖ്യമന്ത്രി സി. അച്യുതമേനോൻ, എം.എൻ. ഗോവിന്ദൻ നായർ, കെ. സി. ജോർജ്, എൻ. ഇ. ബലറാം, വെളിയം ഭാർഗ്ഗവൻ, എൻ. കാർത്തികേയൻ എന്നീ നിരവധി നേതാക്കന്മാരുടെ സാന്നിദ്ധ്യത്തിൽ മഹിളാ സംഘം ജില്ലാ സെക്രട്ടറിയായിരുന്ന വൈക്കം തള്ളിപ്പുത്തു മഠത്തിലെ വെങ്കിടേശ്വര അയ്യരുടെ മൂത്ത പുത്രിയായ ഹേമലതയെ വിവാഹം കഴിച്ചു.

കരുനാഗപ്പള്ളി നിയോജക മണ്ഡലത്തിൽനിന്ന് 2006ൽ തെരഞ്ഞെടുക്കപ്പെട്ടതോടെ പന്ത്രണ്ടാം കേരള നിയമസഭയിലാണ് ഞാൻ ആദ്യമായി നിയമസഭാംഗമാകുന്നത്. 2011 ൽ വീണ്ടും കരുനാഗപ്പള്ളിയിൽ മത്സരിച്ചു. രണ്ടു തവണ തുടർച്ചയായി മത്സരിച്ച് വൻഭൂരിപക്ഷത്തോടെ വിജയിച്ചു. പതിനാലാം കേരള നിയമസഭയിൽ നെടുമങ്ങാട് നിയമസഭ മണ്ഡലത്തെ പ്രതിനിധീകരിച്ചു.

2006 ലെ പന്ത്രണ്ടാം കേരള നിയമസഭാ സമ്മേളനം മേയ് 24 ന് ആരംഭിച്ചു. പ്രഥമ ചോദ്യത്തിനു മറുപടി പറയാൻ എഴുന്നേറ്റുനിന്ന സന്ദർഭം എനിക്ക് മറക്കാനാവില്ല. 140 എം.എൽ.എ.മാരും സ്പീക്കറും ഒരു പുതിയ അംഗത്തിന്റെ ശബ്ദം കേൾക്കാൻ കാതോർത്തു. എല്ലാ അംഗങ്ങളുടെയും ശ്രദ്ധ എന്റെ നേർക്കായി. എന്നാൽ എല്ലാ അംഗങ്ങളെയും അത്ഭുതപ്പെടുത്തിക്കൊണ്ട് മുഖ്യ ചോദ്യത്തിനും ഉപചോദ്യങ്ങൾക്കും ഞാൻ മറുപടി പറഞ്ഞു. തുടർന്ന് സബ് മിഷൻ, ശ്രദ്ധ ക്ഷണിക്കൽ, അടിയന്തിര പ്രമേയം, ധനാഭ്യർത്ഥന പ്രസംഗം, ബില്ലുകൾ അവതരിപ്പിച്ചുകൊണ്ടുള്ള പ്രസംഗം എല്ലാം പഠിച്ചു. നിയമസഭയുടെ നടപടിക്രമങ്ങൾ ആരംഭിക്കുന്ന രാവിലെ 8.30 മുതൽ സഭ അവസാനിക്കുന്നത് വരെ പങ്കെടുക്കുക എന്റെ ശീലമായിരുന്നു.

പ്രസംഗങ്ങൾ ഉള്ള ദിവസം നന്നായി ഹോം വർക്കുചെയ്ത് മാത്രമാണ് ഞാൻ സഭയിൽ പ്രസംഗിക്കുക. സഭയിലെ പ്രതിപക്ഷ അംഗങ്ങൾക്ക് അങ്ങേയറ്റത്തെ ബഹുമാനം നൽകിയിരുന്നു. സഭയിലെ ഒരംഗത്തെപ്പോലും ഞാൻ വ്യക്തിപരമായി ആക്ഷേപിച്ചിരുന്നില്ല.

എന്റെ സുദീർഘമായ പതിനഞ്ചു വർഷക്കാലയളവിൽ നിയമസഭാ നടപടികളിൽ ശക്തമായി നിരന്തരം ഇടപെട്ടിരുന്നു. സ്പീക്കറുടെ ഒരു ശാസനപോലും ഈ കാലയളവിൽ എന്റെ നേർക്കുണ്ടായിട്ടില്ല. എന്നാൽ അവസാന നാളുകളിൽ അത്യന്തം നിർഭാഗ്യകരങ്ങളായ ചില സംഭവങ്ങളിൽ ഞാനും പങ്കാളിയായിരുന്നു. തിരിഞ്ഞുനോക്കുമ്പോൾ ആ സംഭവം ഒഴിവാക്കാമായിരുന്നു എന്ന് തോന്നുന്നു.

ഭക്ഷ്യവും പൊതുവിതരണവും മൃഗസംരക്ഷണവും വകുപ്പു മന്ത്രി എന്ന നിലയിൽ നിർണ്ണായകമായ പല നടപടികളും സ്വീകരിച്ചു. അഞ്ചുവർഷം വിലക്കയറ്റം പൂർണ്ണമായും തടഞ്ഞുനിറുത്തി. ഇന്ത്യയിലെ പൊതുവിതരണ സമ്പ്രദായത്തിൽ കാതലായ മാറ്റങ്ങൾ വരുത്തി. ഫോട്ടോ പതിച്ച ലാമിനേറ്റ് ചെയ്ത റേഷൻ കാർഡുകൾ വിതരണം ചെയ്തു. കേന്ദ്രത്തിന്റെ അവഗണനയ്ക്കെതിരെ മുഖ്യമന്ത്രിയടക്കം മന്ത്രിമാർ ഒന്നടങ്കം ഡൽഹിയിൽ പോയി കൂട്ട സത്യാഗ്രഹം നടത്തി പ്രശ്നം പരിഹരിച്ചു. രണ്ടു രൂപയ്ക്ക് ഒരു കിലോ അരി സമ്പ്രദായം നടപ്പിലാക്കി. പാവപ്പെട്ടവർക്കായി ഓണക്കാലത്ത് സൗജന്യമായി ഓണക്കിറ്റ് വിതരണം ചെയ്തു. ക്ഷീര കർഷകരുടെ ക്ഷേമപദ്ധതി നിയമം സഭയിൽ അവതരിപ്പിച്ചു. വെറ്ററിനറി സയൻസ് സർവ്വകലാശാല ബിൽ കൊണ്ടുവന്നു. ഈ രണ്ടു സഭാ നടപടികളും എന്റെ പാർലമെന്ററി പ്രവർത്തനങ്ങളുടെ ശ്രദ്ധേയമായ ഭാഗമായി മാറി. ഞാൻ അവതരിപ്പിച്ച മൃഗസംരക്ഷണ വകുപ്പിന്റെ ധനാഭ്യർത്ഥന വോട്ടിനിടാതെ ഏകകണ്ഠമായി പാസ്സാക്കിയതും ശ്രദ്ധേയമാണ്.

രാജ്യത്തെ ഇതര സംസ്ഥാനങ്ങളിലെ നിയമസഭാ നടപടികൾ നേരിട്ട് മനസ്സിലാക്കാൻ ഞങ്ങൾ ഏതാനും എം.എൽ.എ.മാർ നടത്തിയ പര്യടനത്തിൽ ഒരുകാര്യം മനസ്സിലാക്കാൻ കഴിഞ്ഞു. ഏറ്റവും മികച്ച നിയമസഭാ നടപടികളാണ് കേരള നിയമസഭ പിന്തുടരുന്നത്. നമ്മുടെ സഭയുടെ കാര്യക്ഷമമായ പ്രവർത്തനങ്ങൾക്ക് സഹായകരമായി നടപ്പിലാക്കിയ സബ്ജക്ട് കമ്മിറ്റി സമ്പ്രദായം ഇന്ന് മറ്റെല്ലാ നിയമസഭകളും പിന്തുടരുന്നു.

പതിനാലാം കേരള നിയമസഭയിൽ അഞ്ചു വർഷവും ഞാൻ പൊതുമേഖലാ സ്ഥാപനങ്ങളുടെ കമ്മിറ്റി ചെയർമാനായിരുന്നു. ഈ കാലയളവിൽ 130 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിച്ചു. പ്രസ്തുത കമ്മിറ്റിയിൽ ഗവ. സെക്രട്ടറിമാർക്ക് പകരം പ്രതിനിധികളെ പറഞ്ഞയച്ചുകൊണ്ട് ഗവ. സെക്രട്ടറിമാർ തടിതപ്പുന്ന പതിവ് അവസാനിപ്പിച്ചു. കമ്മിറ്റി യോഗങ്ങളിൽ ഗവ. സെക്രട്ടറിമാർ നേരിട്ടു പങ്കെടുക്കുന്നത് പതിവായി. ഇതിനായി നല്ല ഇടപെടൽ നടത്തേണ്ടി വന്നു. ഈ പതിവ് തുടരണം. സ്പീക്കർ പ്രത്യേകമായി കമ്മിറ്റികളുടെ പ്രവർത്തനം ശ്രദ്ധിക്കണം. കാരണം കമ്മിറ്റികൾ രൂപീകരിക്കുന്നത് നിയമസഭാ സ്പീക്കറാണ്.

കമ്മിറ്റികളിൽ പങ്കെടുക്കുന്നതിൽ പലപ്പോഴും അംഗങ്ങളായ എം.എൽ.എ.മാർ താൽപര്യം കാണിക്കാറില്ല. ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകണം. ചില അംഗങ്ങൾ മിനിറ്റ്സിൽ ഒപ്പിട്ടുകൊണ്ട് മാത്രം പങ്കാളികളാകുന്ന ദൗർബല്യത്തിനും പരിഹാരം ഉണ്ടാകണം. പൊതുവെ കർക്കശക്കാരനായ ഞാൻ പലപ്പോഴും കമ്മിറ്റിയുടെ നടപടിക്രമങ്ങളിലും കർക്കശനിലപാട് സ്വീകരിച്ചതിന്റെ ഫലമായി പി.യു.സി. യോഗങ്ങളെല്ലാം സജീവമായി.

പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താനും അഴിമതിയും കെടുകാര്യസ്ഥതയും അവസാനിപ്പിക്കാനും നിരവധി നിർദ്ദേശങ്ങൾ അടങ്ങുന്ന റിപ്പോർട്ടുകൾ നൽകിയിട്ടും സർക്കാർ നടപടികൾ സ്വീകരിക്കാൻ കൂട്ടാക്കാറില്ല. നിയമസഭയിൽ സമിതി റിപ്പോർട്ട് ചർച്ച ചെയ്യുക എന്ന പരിപാടി എന്റെ 15 കൊല്ലത്തെ നിയമസഭാ കാലാവധി കാലത്ത് നടന്നിട്ടില്ല. ഈ സമീപനം നിയമസഭയും സർക്കാരും അവസാനിപ്പിച്ചുകൊണ്ട് പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് കമ്മിറ്റി മുന്നോട്ടുവയ്ക്കുന്ന നിർദ്ദേശങ്ങൾ പരിശോധിക്കണം.

ട്രേഡ് യൂണിയൻ രംഗത്തെ എന്റെ ദീർഘകാലത്തെ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ ഞാൻ ചെന്നെത്തിയ നിഗമനങ്ങളിൽ പ്രധാനം നമ്മുടെ പൊതുമേഖലാ സ്ഥാപനങ്ങളുടെ തലപ്പത്ത് എത്തുന്ന ഉന്നതന്മാർക്ക് സ്ഥാപനം മെച്ചപ്പെടുത്താൻ താല്പര്യമില്ലായെന്നാണ്. ഐ.പി.എസ്./ഐ.എ.എസ്. വിഭാഗത്തിലുള്ളവർ താൽകാലികമായി കണ്ടെത്തുന്ന ലാവണങ്ങളായി പൊതുമേഖലാസ്ഥാപനങ്ങളിലെ എം.ഡി. സ്ഥാനങ്ങൾ മാറുന്നു. ഭരണാധികാരികളുടെ അധികാരത്തിന്റെ ഇടനാഴികളിലൂടെ സഞ്ചരിച്ച് ഈ സ്ഥാപനങ്ങളിലെത്തുന്നവരും കുറവല്ല. ഈ സമ്പ്രദായം അവസാനിപ്പിക്കണം. രാജ്യത്തെ ഏറ്റവും പ്രഗത്ഭരായ പ്രൊഫഷണലുകളെ കണ്ടെത്തി കേരളത്തിൽ കൊണ്ടുവരണം. ധനകാര്യമാനേജ്മെന്റ്, പ്രൊഫഷണൽ മാനേജ്മെന്റ് എന്നിവ ഒരു വ്യവസായ സ്ഥാപനത്തിന്റെ അനിവാര്യഘടകങ്ങളാണ്. ഈ രംഗത്തുള്ള പരിമിതി കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ട്.

പുതിയ എം.എൽ.എ.മാരിൽ ഭൂരിപക്ഷവും സമർത്ഥരാണ്. പ്രത്യേകിച്ച് നമ്മുടെ നാടിന്റെ സമ്പത്തായ യുവജനങ്ങളാണ്. അവരോട് എനിക്ക് ഒരു കാര്യം മാത്രമേ പറയാനുള്ളൂ. 'നിങ്ങൾ സഭാ നടപടികളിൽ പൂർണ്ണസമയം പങ്കെടുക്കുക. നല്ല ഗൃഹപാഠം ചെയ്തുമാത്രം സഭയിൽ പ്രസംഗം നടത്തുക.'

എന്റെ ദീർഘകാലത്തെ ട്രേഡ് യൂണിയൻ പ്രവർത്തനങ്ങളും കേരളത്തിലുയർന്നുവന്ന സ്ഫോടനാത്മകമായ രാഷ്ട്രീയ സംഭവങ്ങളും ഞാൻ പിന്നിട്ട എന്റെ ക്ലേശനിർഭരമായ ജീവിതയാത്രയും അടങ്ങുന്ന 'ഗ്രീഷ്മ മദ്ധ്യാഹ്നങ്ങളിലെ കനൽവഴികൾ' എന്ന ആത്മകഥ രൂപം കൊണ്ടുവരുന്ന വാർത്തകൂടി 'അറിവോരം' വായനക്കാരുമായി പങ്കുവയ്ക്കുന്നു.

നിയമസഭാ സമിതി റിപ്പോർട്ടുകളിലൂടെ......

പ്രവാസികൾക്കായുള്ള ക്ഷേമ പദ്ധതികളെക്കുറിച്ച് എല്ലാ മറുനാടൻ മലയാളികൾക്കും അറിവ് നൽകണം

പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

ഇതര സംസ്ഥാനങ്ങളിൽ തൊഴിൽ ചെയ്ത് അവിടെ ജീവിതം നയിക്കുന്ന മറുനാടൻ മലയാളികളുടെ പ്രശ്നങ്ങൾ നേരിട്ടു മനസ്സിലാക്കുന്നതിനായി പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി ബംഗളൂരു, ഹൈദരാബാദ്, മുംബൈ, ഡൽഹി എന്നീ സ്ഥലങ്ങൾ സന്ദർശിച്ചതിന്റെയും അവിടെ താമസിക്കുന്ന മലയാളികളുമായും അവരുടെ സംഘടനാ പ്രതിനിധികളുമായും ആശയവിനിമയം നടത്തിയതിന്റെയും അടിസ്ഥാനത്തിൽ മറുനാടൻ മലയാളികൾ നേരിടുന്ന വിവിധ പ്രശ്നങ്ങൾ സംബന്ധിച്ച പ്രത്യേക റിപ്പോർട്ട് സഭയിൽ സമർപ്പിച്ചിരുന്നു. പ്രവാസി ക്ഷേമ പദ്ധതികൾ സാർത്ഥകമാകണമെങ്കിൽ എല്ലാ നഗരങ്ങളിലും മുഖ്യധാരയിലല്ലാതെ, സമൂഹത്തിന്റെ പിന്നാമ്പുറങ്ങളിൽ ആരോരുമറിയാതെ ദുരിത ജീവിതം നയിക്കുന്ന പാർശ്വവൽകരിക്കപ്പെട്ട മലയാളി ജനവിഭാഗത്തിന്റെ ശോചനീയാവസ്ഥയ്ക്ക് ഒരു പരിധിവരെയെങ്കിലും പരിഹാരം കാണേണ്ടതുണ്ടെന്ന് റിപ്പോർട്ടിൽ സമിതി വിലയിരുത്തുന്നു. മറുനാടൻ മലയാളികളുടെ ക്ഷേമത്തിനായുള്ള 21 ശിപാർശകളടങ്ങിയതാണ് റിപ്പോർട്ട്.

കർണാടകയിലെ ബംഗളൂരുവിൽ വിദ്യാഭ്യാസത്തിനും തൊഴിലിനുമായി എത്തിച്ചേരുന്ന മലയാളികൾക്ക് സഹായ കേന്ദ്രവും കോൾസെന്ററും ഉൾക്കൊള്ളുന്ന കേരള ഹൗസ് ആരംഭിക്കാൻ നടപടി സ്വീകരിക്കണമെന്നും നോർക്കയുടെ കീഴിൽ ഒരു വനിതാ ഹോസ്റ്റൽ ആരംഭിക്കുന്ന കാര്യം പരിശോധിക്കണമെന്നും സമിതി ശിപാർശ നൽകിയിട്ടുണ്ട്. കൂടാതെ, ബംഗളൂരുവിൽ നിന്ന് കേരളത്തിലേക്കുള്ള കെ.എസ്.ആർ.ടി.സി ബസ് സർവ്വീസിൽ സ്കാനിയ, വോൾവോ തുടങ്ങിയ ഹൈടെക് സർവ്വീസുകൾ ഉൾപ്പെടുത്തി വിപുലീകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കാനും സമിതി നിർദ്ദേശിച്ചു.

കേരളത്തിൽ നിന്നും ഹൈദരാബാദിലേക്ക് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കണമെന്നും കേരളത്തിൽ നിന്നുള്ള തീവണ്ടികൾ ബാനസവാടി വരെയാക്കി ചുരുക്കാനുള്ള ശ്രമം ഒഴിവാക്കാനും കേരളത്തിൽ നിന്നും ഹൈദരബാദ്, മുംബൈ, ബംഗലൂരു, ഡൽഹി എന്നിവിടങ്ങളിലേക്ക് കൂടുതൽ സർവ്വീസുകൾ തുടങ്ങാൻ കേന്ദ്രസർക്കാരിനോടഭ്യർത്ഥിക്കണമെന്നും സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

ചെന്നൈ, കൊൽക്കത്ത, പൂനെ, ഔറംഗബാദ്, ജയ്പൂർ തുടങ്ങി മലയാളികൾ കൂടുതൽ അധിവസിക്കുന്ന എല്ലാ മഹാനഗരങ്ങളിലും നോർക്കയുടെ ഓഫീസും കെ.എസ്.എഫ്.ഇ ശാഖകളും ആരംഭിക്കാൻ നിർദ്ദേശിച്ച സമിതി, ഹൈദരാബാദിൽ നോർക്കയ്ക്ക് സ്ഥിരം ഉദ്യോഗസ്ഥനെ നിയമിക്കാനും നോർക്കയിലേക്കുള്ള നിയമനങ്ങൾ സെക്രട്ടേറിയറ്റ് തസ്തികകൾക്ക് മാത്രമായി ചുരുക്കാതെ സംസ്ഥാനത്തെ എല്ലാ വകുപ്പുകളിൽ നിന്നുമുള്ള ഉദ്യോഗസ്ഥരിൽ നിന്നും അന്യത്ര സേവനത്തിന് അപേക്ഷ ക്ഷണിച്ച് താൽപര്യമുള്ളവരെ നിയമിക്കാൻ നടപടി സ്വീകരിക്കാനും ശിപാർശ ചെയ്തിട്ടുണ്ട്.

കാരുണ്യ പദ്ധതി പ്രകാരം മൃതദേഹം കൊണ്ടുപോകുന്നതിനുള്ള ധനസഹായം കാലോചിതമായി വർദ്ധിപ്പിക്കേണ്ടതിന്റെയും നടപടിക്രമങ്ങൾ ലഘൂകരിക്കേണ്ടതിന്റെയും ആവശ്യകത ഊന്നിപ്പറഞ്ഞ സമിതി മൃതദേഹം നാട്ടിലെത്തിക്കുവാൻ ഉത്തരവാദിത്വം ഏറ്റെടുക്കുന്ന സംഘടനകൾക്കോ അല്ലെങ്കിൽ അവർ നിർദ്ദേശിക്കുന്ന അനന്തരാവകാശികൾക്കോ ധനസഹായം നൽകുന്നതിനായി ഒരു സ്ഥിരം ഫണ്ടുണ്ടാക്കാനും ബന്ധപ്പെട്ട നോർക്ക ഓഫീസർക്കുതന്നെ ഫണ്ട് അനുവദിക്കുവാൻ കഴിയുന്ന തരത്തിൽ മാനദണ്ഡങ്ങൾ പരിഷ്കരിക്കണമെന്നും ശിപാർശ ചെയ്തിട്ടുണ്ട്.

കേരള സർക്കാരും പ്രവാസി കേരളീയ കാര്യ വകുപ്പും നടപ്പാക്കുന്ന ക്ഷേമ പദ്ധതികളെക്കുറിച്ച് മറുനാടുകളിലെ എല്ലാ മലയാളികൾക്കും അറിവ് നല്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണം, നോർക്ക റൂട്ട്സിന്റെയും ക്ഷേമനിധി ബോർഡിന്റെയും പദ്ധതികളെയും പ്രവർത്തനങ്ങളെയും കുറിച്ച് വിവരിക്കുന്ന ബ്രോഷറുകളും ലഘുലേഖകളും മറുനാടുകളിലെ മലയാളികൾക്കെത്തിക്കാനുള്ള നടപടികൾ സ്വീകരിക്കണം, മലയാളി സംഘടനകളുടെ സഹായത്തോടെ എല്ലാ നഗരങ്ങളിലെയും മുഴുവൻ മലയാളികളുടെയും സ്ഥിതി വിവരകണക്കുകളെടുക്കാനുള്ള സംവിധാനമൊരുക്കണം, ആവശ്യത്തിനു പുസ്തകങ്ങൾ ലഭ്യമാക്കിയും അദ്ധ്യാപകർക്ക് പരിശീലനം നല്കിയും ഓഫീസും മറ്റ് അടിസ്ഥാന സൗകര്യങ്ങളൊരുക്കിയും മലയാളം മിഷന്റെ പ്രവർത്തനം വ്യാപിപ്പിക്കുകയും കാര്യക്ഷമമാക്കുകയും ചെയ്യണം തുടങ്ങിയ നിർദ്ദേശങ്ങളും സമിതി നൽകിയിട്ടുണ്ട്, കൂടാതെ വർഷത്തിൽ ഒന്നോ രണ്ടോ തവണ കേരള സർക്കാരിന്റെ കീഴിൽ പ്രവാസി ലോട്ടറി നടത്തി അതിന്റെ വിഹിതം പ്രവാസി ക്ഷേമനിധിയിലേക്ക് നൽകിയും വിമാനയാത്രികരിൽ നിന്നും നാമമാത്ര തുക ഈടാക്കിയും പ്രവാസി കേരളീയ ക്ഷേമ ബോർഡിലേക്ക് ഫണ്ട് സ്വരൂപിക്കാനുള്ള നടപടി ആരംഭിക്കുന്ന കാര്യം സഗൗരവം പരിശോധിക്കാനും സമിതി ശിപാർശ ചെയ്തിട്ടുണ്ട്.

പതിനാലാം കേരള നിയമസഭയിൽ കെ.വി. അബ്ദുൾ ഖാദർ അദ്ധ്യക്ഷനായ സമിതിയാണ് റിപ്പോർട്ട് സമർപ്പിച്ചത്. റിപ്പോർട്ടിലെ ചില ശിപാർശകളിന്മേൽ സർക്കാർ അനുകൂല നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

സഭാധ്യക്ഷന്റെ പേജ്

ഒന്നാം പേജിൽ നിന്നും തുടർച്ച..

സഖ്യത്തിന് അവർ നേതൃത്വം നൽകി. നാറ്റോ അങ്ങനെയുണ്ടായതാണ്. സോവിയറ്റ് യൂണിയനെയും കമ്മ്യൂണിസത്തെയും എതിർക്കുക എന്നത് നാറ്റോയുടെ ഒരു കാലഘട്ടത്തിലെ പ്രധാന ലക്ഷ്യമായിരുന്നുവെന്ന് അതിന്റെ സുപ്രീം അലൈഡ് കമാൻഡർ ആയി പ്രവർത്തിച്ച ജെയിംസ് സ്റ്റാവ്റിഡിസ് 'ദി ടൈം' മാഗസിനിൽ എഴുതിയ ലേഖനത്തിൽ പറയുന്നുണ്ട്. സോഷ്യലിസത്തെ ചെറുക്കാനുള്ള അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ കോടാലിയായാണ് തൊണ്ണൂറുകളുടെ തുടക്കം വരെ നാറ്റോ പ്രവർത്തിച്ചത്.

നാറ്റോ സഖ്യം കിഴക്കൻ യൂറോപ്പിലേയ്ക്ക് വ്യാപിപ്പിക്കില്ലെന്ന് സോവിയറ്റ് യൂണിയൻ പിരിച്ചുവിടുന്നതിനു മുമ്പ് ഗോർബച്ചേവിന് അമേരിക്ക ഉറപ്പു നൽകിയിരുന്നതാണ്. ബർലിൻ മതിലിന്റെയും സോവിയറ്റ് യൂണിയന്റെയും തകർച്ചയോടെ നാറ്റോയുടെ പ്രസക്തി ഇല്ലാതായപ്പോൾ അവർ പുതിയ കാരണങ്ങൾ കൊണ്ടുവന്ന് നാറ്റോയെ വളർത്തി. 1990 ൽ 16 അംഗങ്ങളാണ് നാറ്റോയിൽ ഉണ്ടായിരുന്നത്. എന്നാൽ അതിനു ശേഷമുള്ള 32 വർഷത്തിനിടയിൽ 16 പുതിയ അംഗങ്ങളെ കൂടി നാറ്റോയിൽ ചേർത്തു. കിഴക്കൻ യൂറോപ്പിലാകെ നാറ്റോ വ്യാപിപ്പിച്ചു. ഉക്രൈനും ജോർജിയയുമൊഴികെ കിഴക്കൻ യൂറോപ്യൻ രാജ്യങ്ങളെല്ലാം നാറ്റോയിൽ ചേർന്നു കഴിഞ്ഞു. 175000 നാറ്റോ സൈനികരെ റഷ്യൻ അതിർത്തിയിലുടനീളം വിന്യസിപ്പിച്ചു. ഒപ്പം മാരകായുധ സംവിധാനങ്ങൾ സ്ഥാപിക്കുകയും ചെയ്തു. നാറ്റോയെ കിഴക്കോട്ട് വ്യാപിപ്പിച്ച് റഷ്യയുടെ സുരക്ഷയ്ക്ക് ഭീഷണി ഉയർത്തിയ അമേരിക്കയും നാറ്റോയുമാണ് ഈ യുദ്ധത്തിന്റെ പ്രധാന ഉത്തരവാദികൾ.

ഏതു യുദ്ധമായാലും അത് മനുഷ്യരാശിക്ക് തീർത്താൽ തീരാത്ത നാശം വരുത്തുന്നു. കൊല്ലപ്പെടുന്നത് നേരിട്ട് യുദ്ധം ചെയ്യുന്ന സൈനികർ മാത്രമല്ല. സിവിലിയൻമാർ വൻതോതിൽ കൊല്ലപ്പെടുന്നു. ദീർഘദൂര മിസൈലുകൾ ഉപയോഗിച്ച് ദൂരെയുള്ള നഗരങ്ങളും ആവാസസ്ഥാനങ്ങളും തകർക്കുന്നു. മനുഷ്യൻ ആർജിച്ച സംസ്കാരത്തെ യുദ്ധം ചോർത്തിക്കളയുന്നു. കീഴടക്കപ്പെടുന്ന രാജ്യങ്ങളിലെ ജനങ്ങൾ, പ്രത്യേകിച്ച് സ്ത്രീകളും കുട്ടികളും യുദ്ധത്തിന്റെ ഏറ്റവും കടുത്ത ദോഷഫലങ്ങൾ നേരിടുന്നവരാണ്. ജപ്പാൻ ചൈനയെ ആക്രമിച്ച ഘട്ടത്തിൽ നാൻജിങ് നഗരത്തിൽ ജപ്പാൻ സൈനികർ സ്ത്രീകളോട് നടത്തിയ കിരാതമായ ആക്രമണങ്ങൾ മനുഷ്യരാശിക്കാകെ തീർത്താൽ തീരാത്ത വേദനയുണ്ടാക്കി.

യുദ്ധങ്ങളുടെ ന്യായാന്യായങ്ങൾ നിശ്ചയിക്കേണ്ടത് അവയുടെ സ്വഭാവം കൂടി കണക്കിലെടുത്താണ്. അധിനിവേശ ശക്തികൾക്കെതിരെ തദ്ദേശീയ ജനത നടത്തുന്ന യുദ്ധം അവരുടെ സ്വാതന്ത്ര്യത്തിന് അനിവാര്യമാണ്. എന്നാൽ മറ്റു രാജ്യങ്ങളെ സൈനിക ശക്തിയുടെ ഹുങ്കിൽ ആക്രമിച്ച് രാഷ്ട്രീയമായും സാമ്പത്തികമായും കീഴടക്കുന്ന സാമ്രാജ്യത്വത്തിന്റെ യുദ്ധഭ്രാന്തിനെ ലോക ജനത ഒന്നിച്ചെതിർക്കണം.

ഉക്രൈനിന്റെ കിഴക്കൻ മേഖലയായ ഡോണറ്റ്സ്കിൽ നടന്ന യുദ്ധത്തെ തുടർന്ന് 2015 ഫെബ്രുവരി 12 ന് ബെലാറസ് തലസ്ഥാനമായ മിൻസ്കിൽ നടന്ന ചർച്ചയിലുണ്ടായ കരാറിലെ വ്യവസ്ഥകൾ പാലിക്കുന്നതിൽ പരാജയപ്പെട്ടതാണ് ഇപ്പോഴുള്ള യുദ്ധത്തിന്റെ പ്രധാന കാരണം. കരാർ നടപ്പാകാതിരിക്കുന്നതിനു പിന്നിൽ സാമ്രാജ്യത്വത്തിന്റെ കുത്തിത്തിരിപ്പുകളാണ്. ഉക്രൈൻ അടക്കമുള്ള കിഴക്കൻ യൂറോപ്പിലെ വിദേശ സൈനിക സാന്നിധ്യവും സൈനിക സംവിധാനങ്ങളുടെ സ്ഥാപനവും പിൻവലിക്കണമെന്ന മിൻസ്ക് കരാർ പാലിക്കാതിരിക്കുന്നതിന് പിന്നിൽ സാമ്രാജ്യത്വത്തിന്റെ യുദ്ധമോഹങ്ങളാണ്.

1949 ൽ അമേരിക്കയുടെ നേതൃത്വത്തിൽ സാമ്രാജ്യത്വ ശക്തികൾ രൂപീകരിച്ച നാറ്റോ സഖ്യം ശീതയുദ്ധം അവസാനിച്ചിട്ടും സോവിയറ്റ് യൂണിയൻ ശിഥിലീകരിക്കപ്പെട്ടിട്ടും തുടരുകയാണ്. അമേരിക്കയുടെ രാഷ്ട്രീയ താൽപര്യങ്ങൾ സംരക്ഷിക്കുന്ന അക്രമി സംഘമായി നാറ്റോയെ വളർത്തിയെടുക്കുകയാണ്. ഉക്രൈനെ നാറ്റോയിൽ ചേർക്കരുതെന്നും കിഴക്കൻ യൂറോപ്പിൽ നാറ്റോയുടെ സൈനിക സാന്നിധ്യം വർധിപ്പിക്കരുതെന്നും കഴിഞ്ഞ എട്ടു മാസമായി റഷ്യ ആവശ്യപ്പെടുന്നതാണ്. ഇത് പൂർണമായി അവഗണിക്കപ്പെട്ടു. ഉക്രൈനിൽ വംശീയത വളർത്തി റഷ്യൻ വംശജർക്കും റഷ്യയുടെ താൽപര്യങ്ങൾക്കുമെതിരായ ആക്രമണം സാമ്രാജ്യത്വ ശക്തികൾ ത്വരിതപ്പെടുത്തി.

1991 ൽ സോവിയറ്റ് യൂണിയന്റെ തകർച്ചയോടെ ഇനി യുദ്ധമില്ല, സമാധാനം എന്നതായിരുന്നു അമേരിക്ക പ്രചരിപ്പിച്ചത്. എന്നാൽ സംഭവിച്ചത് തങ്ങൾക്ക് ആവശ്യമെന്ന് തോന്നുന്ന ഘട്ടത്തിൽ ഏതു രാജ്യത്തെയും ആക്രമിക്കാനും അവിടങ്ങളിൽ കടുത്ത മനുഷ്യാവകാശ ധ്വംസനങ്ങൾ നടത്താനും അമേരിക്ക ഒരു മടിയുമില്ലാതെ മുന്നോട്ടുവന്നു എന്നതാണ്. ഇറാഖ് അധിനിവേശം, അഫ്ഗാൻ അധിനിവേശം, ലിബിയ, സിറിയ, എന്നിവിടങ്ങളിലും യെമനിലും നടത്തിയ ക്രൂരമായ ആക്രമണങ്ങൾ എന്നിവ അമേരിക്കയുടെ കാപട്യത്തിന്റെ തെളിവുകളാണ്. ഇറാക്കിലെ അബുഗരീബ് തടവറയിലും ക്യൂബയുടെ അടുത്തുള്ള ഗ്വാണ്ടനാമോ തടവറയിലും അമേരിക്ക നടത്തിയ അതിക്രൂരമായ മനുഷ്യാവകാശ ധ്വംസനങ്ങൾ ആധുനിക കാലത്തോടുള്ള അവരുടെ വെല്ലുവിളിയാണ്. വർണ വിപ്ലവങ്ങൾ എന്ന പേരിൽ റഷ്യയുടെ അയൽ രാജ്യങ്ങളിൽ നടത്തുന്ന കലാപങ്ങളുടെ പിന്നിലും അമേരിക്കയുടെയും മറ്റു സാമ്രാജ്യത്വ ശക്തികളുടെയും കൈകളാണ്. ലോകത്തെ ഏറ്റവും വലിയ രണ്ടാമത്തെ സൈനിക ശക്തിയായ റഷ്യയെ അസ്ഥിരീകരിക്കാൻ നടത്തുന്ന സാമ്രാജ്യത്വ ഗൂഢനീക്കങ്ങൾക്കെതിരെ മറുഗതിയില്ലാതെയാണ് റഷ്യ പ്രതികരിച്ചത്. നാറ്റോയുടെയും അമേരിക്കയുടെയും ദുഷ്ടലാക്കിനെയും ലോകസമാധാനം തകർക്കാൻ അവർ നടത്തുന്ന കുതന്ത്രങ്ങളെയും കണ്ടറിഞ്ഞ് ചെറുത്തു തോൽപ്പിക്കേണ്ടത് അനിവാര്യമാണ്. എന്നാൽ അതിന് യുദ്ധം ഒരു പരിഹാരമല്ല. ഉക്രൈനിൽ ഇപ്പോൾ റഷ്യ നടത്തുന്ന അധിനിവേശത്തിൽ ഇതിനകം തന്നെ നിരവധി പേർ മരിച്ചു. ലക്ഷക്കണക്കിന് മനുഷ്യരാണ് അഭയാർത്ഥികളാക്കപ്പെട്ടത്. രണ്ടാം ലോക മഹായുദ്ധത്തിന് ശേഷമുള്ള വലിയ അഭയാർത്ഥിപ്രശ്നമാണ് യൂറോപ്പിനെ ബാധിച്ചിരിക്കുന്നത്. ഇതിന് പരിഹാരം ഉണ്ടായേ തീരൂ. ഉക്രൈനിൽ പഠിക്കുന്ന ആയിരക്കണക്കിന് ഇന്ത്യൻ വിദ്യാർത്ഥികളും ഏറെ യാതനകൾ സഹിച്ചുകഴിഞ്ഞു. ഈ ദുരിതങ്ങളെല്ലാം കണക്കിലെടുത്ത് റഷ്യ ഉടൻ വെടിനിർത്തൽ പ്രഖ്യാപിക്കുകയും യുദ്ധം അവസാനിപ്പിക്കുകയും വേണം. യുദ്ധവും മഹാദുരിതങ്ങളും ക്ഷണിച്ചുവരുത്തുന്ന പ്രകോപനപരമായ നടപടികളിൽ നിന്ന് നാറ്റോയും അമേരിക്കൻ സാമ്രാജ്യത്വവും പിന്തിരിയുകയും വേണം. സാമ്രാജ്യത്വം തങ്ങളുടെ ശക്തി വർധിപ്പിക്കാൻ നടത്തുന്ന കുതന്ത്രങ്ങൾക്ക് വശംവദരാകാതെയിരിക്കാൻ എല്ലാ രാജ്യങ്ങളും ജാഗ്രത പാലിക്കുകയും വേണം.

പ്രവാസികൾക്ക് കൈത്താങ്ങായി പ്രവർത്തിക്കും

എ.സി. മൊയ്തീൻ
ചെയർമാൻ
പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി

പ്രവാസിസമൂഹത്തിന്റെ ജീവിത യാഥാർത്ഥ്യങ്ങൾ മനസ്സിലാക്കുന്നതിനും അതിലൂടെ അവരുടെ ക്ഷേമതാത്പര്യങ്ങൾ സംരക്ഷിക്കുന്നതിനും മടങ്ങിയെത്തുന്ന അശരണരായ പ്രവാസികളുടെ പുനരധിവാസത്തിനായി രൂപംകൊണ്ട സ്ഥാപനങ്ങളായ നോർക്ക റൂട്ട്സ്, കേരള പ്രവാസി കേരളീയ ക്ഷേമ ബോർഡ് എന്നിവയുടെയും മറ്റ് സ്വകാര്യ ഏജൻസികളുടേയും പ്രവർത്തനങ്ങൾ നിരീക്ഷിക്കുന്നതിനും പോരായ്മകൾ പരിഹരിച്ച് മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനും തൊഴിൽ തർക്കങ്ങൾ പരിഹരിക്കുന്നതിനും പ്രവാസി മലയാളികളുടേയും പ്രവാസജീവിതം മതിയാക്കി നാട്ടിലെത്തിയ മലയാളികളുടേയും ക്ഷേമത്തിനും ഉന്നമനത്തിനും അവരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി പന്ത്രണ്ടാം കേരള നിയമസഭയുടെ കാലയളവിൽ രൂപീകരിച്ച നിയമസഭാ സമിതിയാണ് പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി.

ജീവിതത്തിൽ അനുകൂലമായ സാഹചര്യം വന്നുചേരുമെന്നുള്ള പ്രതീക്ഷയാണ് പ്രവാസ ജീവിതത്തിന് മനുഷ്യനെ പ്രേരിപ്പിക്കുന്നത്. എന്നാൽ വിവിധ രാജ്യങ്ങളുടെ സ്വദേശീവൽക്കരണനയങ്ങളും സാമ്പത്തിക മാന്ദ്യവും മഹാമാരികൾ മൂലമുള്ള ആഘാതങ്ങളും യുദ്ധ ഭീഷണിയും പ്രവാസിയുടെ ജീവിതത്തിൽ കരിനിഴൽ വീഴ്ത്തുന്നു. ഇത്തരം പ്രതികൂല സാഹചര്യങ്ങൾ നേരിടുന്നവരുടെ ദേശീയവും അന്തർദേശീയവുമായ വിഷയങ്ങളിൽ ഇടപെടുന്നതിനും, പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി പ്രതിജ്ഞാബദ്ധമാണ്.

പതിമൂന്നാം കേരള നിയമസഭയുടെ കാലയളവിൽ രൂപീകരികരിച്ച സമിതി പ്രവാസികളുടെ വിവിധ പ്രശ്നങ്ങൾ പഠനവിധേയമാക്കുകയും പരിഹാര മാർഗ്ഗങ്ങൾ സഹിതമുള്ള ശിപാർശകൾ ഉൾപ്പെടുത്തി 8 റിപ്പോർട്ടുകൾ സഭയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

പ്രവാസി ക്ഷേമപദ്ധതിയിൽ അംഗത്വ പ്രായപരിധി 55 ൽ നിന്ന് 60 ആക്കി ഉയർത്തിയതും ക്ഷേമ പെൻഷൻ 2000 രൂപ ആയി വർദ്ധിപ്പിച്ചതും പതിനാലാം കേരള നിയമസഭയുടെ കാലയളവിലെ സമിതി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലാണ് എന്നത് ശ്രദ്ധേയമാണ്. അക്കാലയളവിലെ സമിതി കേരളത്തിലെ വിവിധ ജില്ലകളും കർണ്ണാടക, ആന്ധ്രാപ്രദേശ്, മഹാരാഷ്ട്ര, ഡൽഹി, തമിഴ്നാട്, പശ്ചിമബംഗാൾ, ഛത്തീസ്ഗഢ് തുടങ്ങിയ സംസ്ഥാനങ്ങളും സന്ദർശിച്ച് അവിടത്തെ പ്രവാസി മലയാളികളുടെ പ്രശ്നങ്ങൾ ഉൾക്കൊള്ളിച്ച് റിപ്പോർട്ട് തയ്യാറാക്കി സഭയിൽ സമർപ്പിക്കുകയും ചെയ്തിരുന്നു.

നിലവിലെ കേരള നിയമസഭയിൽ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതിയുടെ അദ്ധ്യക്ഷനായി എന്നെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. സമിതിയിൽ എ.കെ.എം. അഷ്റഫ്, ഡോ. കെ.ടി.ജലീൽ, മാണി സി. കാപ്പൻ, ഡോ. മാത്യു കുഴൽനാടൻ, പ്രമോദ് നാരായൺ, ഇ.ടി. ടൈസൺ മാസ്റ്റർ, കെ.എൻ. ഉണ്ണികൃഷ്ണൻ, സേവ്യർ ചിറ്റിലപ്പള്ളി എന്നിവർ അംഗങ്ങളാണ്. കോവാക്സിൻ സ്വീകരിച്ച പ്രവാസികൾക്ക് വിദേശരാജ്യങ്ങൾ ഏർപ്പെടുത്തിയിരിക്കുന്ന പ്രവേശനവിലക്ക് ഒഴിവാക്കുന്നതിന് സർക്കാരിന് സ്വീകരിക്കാൻ കഴിയുന്ന നടപടികൾ, ന്യൂ ജനറേഷൻ ബാങ്കുകളും എസ്.എൽ.ബി.സി.യും NDPREM പ്രകാരം നൽകുന്ന വായ്പകൾ, സാന്ത്വന പദ്ധതി പ്രകാരമുള്ള ധനസഹായ വിതരണം, പ്രവാസി നിയമ സഹായ പദ്ധതി പ്രകാരം വിവിധ രാജ്യങ്ങളിൽ ലീഗൽ ലെയ്സൺ ഓഫീസർമാരുടെ നിയമനം, പ്രവാസി പെൻഷൻ പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള പ്രായപരിധി ഉയർത്തൽ, വിദേശരാജ്യങ്ങളിൽ ജോലിക്കായി പോകുന്നവർക്ക് പോലീസ് സ്റ്റേഷനുകളിൽ നിന്ന് നൽകിയിരുന്ന പോലീസ് ക്ലിയറൻസ് സർട്ടിഫിക്കറ്റ്, കേരളത്തിൽ നിന്ന് വിദേശത്ത് പഠനത്തിന് പോകുന്ന വിദ്യാർത്ഥികൾക്കും പഠനത്തിനൊപ്പം പാർട്ട്ടൈം ജോലി ചെയ്യുന്ന വിദ്യാർത്ഥികൾക്കും പ്രവാസികളുടെ നിർവ്വചനത്തിലുള്ള സ്ഥാനം, പഠനാവശ്യത്തിന് എടുത്ത ബാങ്ക് വായ്പക്ക് പലിശയിനത്തിൽ നൽകുന്ന ഇളവ് തുടങ്ങിയ വിഷയങ്ങളിന്മേൽ സമിതി സർക്കാരിൽ നിന്ന് വിവരശേഖരണം നടത്തിവരുന്നു.

ഇതര സംസ്ഥാനങ്ങളിൽ നിന്ന് കേരളത്തിലേയ്ക്കുള്ള യാത്രാപ്രശ്നങ്ങൾക്ക് പരിഹാരം കാണുക, തിരികെയെത്തിയ നിർദ്ധനരായ പ്രവാസികളുടെ ചികിത്സയ്ക്കും പെൺമക്കളുടെ വിവാഹച്ചെലവിനും, മരണാനന്തര ചെലവിനും സാമ്പത്തിക സഹായം നൽകുന്നതിനായി ആവിഷ്കരിച്ച പദ്ധതികളായ സാന്ത്വന, കാരുണ്യ തുടങ്ങിയവയിൽ കൂടുതലായി പ്രാവാസികളെ ഉൾപ്പെടുത്തുക, തൊഴിൽ നഷ്ടപ്പെട്ട് നാട്ടിലെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ ആരംഭിക്കുന്നതിനുള്ള വായ്പാ പദ്ധതിയായ NDPREM ൽ മറ്റ് സംസ്ഥാനങ്ങളിൽ ജോലി ചെയ്തിരുന്ന മലയാളികളെ കൂടി ഉൾപ്പെടുത്തുക, ഇന്ത്യയുടെ മറ്റ് സംസ്ഥാനങ്ങളിൽ നോർക്കയുടെ ഓഫീസ് ആരംഭിക്കുക തുടങ്ങി വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിന് സമിതിയുടെ ഇടപെടൽ വലിയ പങ്ക് വഹിച്ചു.

2020 ൽ കോവിഡ് ഒന്നാംഘട്ട വ്യാപന സമയത്തും അതിനുശേഷവും പ്രവാസികളുടെ വലിയ തോതിലുള്ള തിരിച്ചുവരവിനാണ് കേരളം സാക്ഷ്യം വഹിച്ചത്. കോവിഡ് ബാധിച്ച് വിദേശത്ത് മരണമടയുന്നവരുടെ ആശ്രിതർക്ക് തദ്ദേശീയർക്ക് നൽകുന്ന ധനസഹായവും നിയമപരമായ ആനുകൂല്യങ്ങളും നേടിക്കൊടുക്കുന്നതിനാവശ്യമായ നടപടികൾ ലഘൂകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ സമിതി സർക്കാരിന് നൽകിയിരുന്നു. കൂടാതെ വിവിധ വിദേശരാജ്യങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അവ നടത്തുന്ന കോഴ്സുകളുടെയും അംഗീകാരം സംബന്ധിച്ചും വിദേശപഠനത്തിനുള്ള വിവിധ സ്കോളർഷിപ്പുകളെക്കുറിച്ചും വ്യക്തമായ വിവരങ്ങൾ ശേഖരിക്കുന്നതിനും ആവശ്യക്കാർക്ക് പ്രയോജനപ്പെടുന്ന രീതിയിൽ നോർക്ക വെബ്സൈറ്റിൽ ഉൾപ്പെടുത്തുന്നതിനുമുള്ള നിർദ്ദേശങ്ങളും നൽകിയിട്ടുണ്ട്. വിവിധ ക്ഷേമപദ്ധതികളിൽ അംഗത്വത്തിനുള്ള അപേക്ഷ സമർപ്പിക്കാനുള്ള കാലപരിധിയിൽ മാറ്റം വരുത്തുക, വിവിധ രാജ്യങ്ങളിലേയ്ക്ക് പോയവരുടേയും മടങ്ങിയെത്തുന്നവരുടേയും കണക്കുകൾ ശേഖരിക്കുക, മടങ്ങിയെത്തുന്ന പ്രവാസികൾക്ക് സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കാനും സർക്കാർ അനുബന്ധ സ്ഥാപനങ്ങളിൽ അനുയോജ്യമായ തൊഴിൽ ലഭിക്കുന്നതിന് സാധിക്കുന്നതരത്തിൽ സാങ്കേതികവും തൊഴിൽപരവുമായ വൈദഗ്ധ്യം സംബന്ധിച്ച വിശദാംശങ്ങൾ ശേഖരിക്കുക എന്നീ നിർദ്ദേശങ്ങളും സമിതി മുന്നോട്ട് വച്ചിട്ടുണ്ട്. സാധാരണക്കാരായ പ്രവാസികളുടെ സമർത്ഥരായ മക്കൾക്ക് പ്രൊഫഷണൽ കോഴ്സുകളിൽ ഉൾപ്പെടെ NRA ക്വാട്ടയിൽ സീറ്റ് ലഭിക്കുന്നതിന് മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ് എന്നത് സമിതിയുടെ സുപ്രധാന നിർദ്ദേശമാണ്.

കേരളത്തിന്റെ സമ്പത്തായ യുവജനങ്ങൾ ഉപജീവനത്തിനായി ഇതര സംസ്ഥാനങ്ങളിലും രാജ്യങ്ങളിലും താമസിച്ച് പ്രവാസികളായി മാറുന്നു. അവർ നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും സാധ്യമായ എല്ലാ മേഖലകളിലും പ്രവാസികൾക്ക് പ്രാതിനിധ്യം നൽകുന്നതിനും അവരുടെ സാമ്പത്തിക അടിത്തറ സംരക്ഷിക്കുന്നതിനുമായി ഭദ്രതാപദ്ധതി പോലെയുള്ളവയ്ക്ക് രൂപം നൽകി ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനും കരുതലായി കൈത്താങ്ങായി പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി തുടർന്നും പ്രവർത്തിക്കുന്നതാണ്.

> പതിനഞ്ചാം കേരളനിയമസഭയിൽ പ്രവാസി മലയാളികളുടെ ക്ഷേമം സംബന്ധിച്ച സമിതി (2021-23) അദ്ധ്യക്ഷനായ എ.സി. മൊയ്തീൻ 11, 12 നിയമസഭകളിൽ വടക്കാഞ്ചേരി മണ്ഡലത്തിൽ നിന്ന് നിയമസഭാംഗമായി. 14 ാം കേരള നിയമസഭയിൽ കുന്നംകുളം മണ്ഡലത്തെ പ്രതിനിധീകരിച്ച അദ്ദേഹം 15 ാം കേരള നിയമസഭയിലും ഇതേ മണ്ഡലത്തെ പ്രതിനിധീകരിക്കുന്നു. പതിനാലാം കേരള നിയമസഭയിൽ സംസ്ഥാന സഹകരണം, വിനോദസഞ്ചാരം, വ്യവസായം, സ്പോർട്സും യുവജനകാര്യവും, തദ്ദേശസ്വയംഭരണം എന്നീ വകുപ്പുകളുടെ ചുമതലയുള്ള മന്ത്രിയായിരുന്നു.

2022 ലെ കേരള ലോകായുക്ത (ഭേദഗതി) ഓർഡിനൻസ്

പൊതുസർവ്വീസിലെ അഴിമതി ഫലപ്രദമായി തടയുന്നതിന് സംസ്ഥാനത്ത് പ്രാബല്യത്തിലുണ്ടായിരുന്ന 1987 ലെ കേരള പബ്ലിക് മെൻസ് കറപ്ഷൻ (ഇൻവെസ്റ്റിഗേഷൻസ് ആന്റ് ഇൻക്വയറീസ്) ആക്ട് അപര്യാപ്തമാണെന്ന് കണ്ടതിനാലും എല്ലാ ഗവൺമെന്റ് ഉദ്യോഗസ്ഥരെയും തദ്ദേശാധികാരസ്ഥാനങ്ങളിലെയും സ്റ്റാറ്റ്യൂട്ടറിയും സ്റ്റാറ്റ്യൂട്ടറി അല്ലാതെയുമുള്ള സ്ഥാപനങ്ങളിലെയും സഹകരണ സംഘങ്ങളിലെയും അംഗങ്ങളെയും അവയുടെ സേവനത്തിലുള്ള ആളുകളെയും ഈ നിയമത്തിന്റെ പരിധിയിൽ ഉൾപ്പെടുത്തി നിയമത്തിന്റെ വ്യാപ്തി വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണെന്ന് ബോധ്യപ്പെട്ടതിനാലും പൊതുസേവകർക്ക് എതിരെയുള്ള പരാതികളുടെ ഫലപ്രദമായ അന്വേഷണത്തിനും അന്വേഷണ വിചാരണയ്ക്കും അതുമായി ബന്ധപ്പെട്ട സംഗതികൾക്കും വേണ്ടി സമഗ്രമായ ഒരു പുതിയ നിയമം അത്യാവശ്യമാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിലുമാണ് 1999 ലെ കേരള ലോകായുക്ത ആക്ട് നിർമ്മിച്ചിട്ടുള്ളത്.

നിലവിലുണ്ടായിരുന്ന നിയമപ്രകാരം ഒരു വിഷയത്തിന്മേൽ ലോകായുക്ത അന്വേഷിച്ച് കണ്ടെത്തുന്ന വസ്തുതകളും ലോകായുക്തയുടെ അന്തിമ തീരുമാനവും അത് നടപ്പാക്കാൻ അധികാരമുള്ള സ്ഥാനത്തേക്ക് അയച്ചുകൊടുക്കുകയും ഇതിൻമേൽ കൈക്കൊണ്ട മേൽ നടപടി റിപ്പോർട്ട് ബന്ധപ്പെട്ട അധികാരി ലോകായുക്തയെ അറിയിക്കുകയും വേണമായിരുന്നു. സ്വീകരിച്ച നടപടി തൃപ്തികരമല്ലെങ്കിൽ തുടർ നടപടി സ്വീകരിക്കാനും 1999 ലെ ലോകായുക്ത നിയമത്തിൽ വ്യവസ്ഥയുണ്ട്. അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ ഒരു പൊതു സേവകന് തൽസ്ഥാനത്ത് തുടരാൻ അർഹതയില്ലെന്ന് കണ്ടെത്തിയാൽ ആയത് പ്രഖ്യാപിക്കാനുള്ള അധികാരം വകുപ്പ് 14 പ്രകാരം ലോകായുക്തയ്ക്കുണ്ടായിരുന്നു. ഈ അധികാരമാണ് 2022 ഫെബ്രുവരി 7 ലെ അസാധാരണ ഗസറ്റിലൂടെ പുറപ്പെടുവിച്ച ദി കേരള ലോകായുക്ത (അമെന്റ്മെന്റ്) ഓർഡിനൻസ്, 2022 പ്രകാരം ഇല്ലാതാകുന്നത്. 1999 ലെ കേരള ലോകായുക്ത നിയമത്തിലെ 3, 5, 7, 14, 15 എന്നീ വകുപ്പുകളാണ് 7.2.2022 ലെ ഓർഡിനൻസ് പ്രകാരം ഭേദഗതി വരുത്തിയത്. അതായത് മുഖ്യമന്ത്രിക്കോ മറ്റേതെങ്കിലും മന്ത്രിക്കോ എതിരെയുള്ള അഴിമതിയാരോപണം തെളിയുകയാണെങ്കിൽ, ലോകായുക്ത തന്റെ ബോധ്യത്തിന്റെ അടിസ്ഥാനത്തിൽ അവരെ മാറ്റാൻ ഗവർണറോട് ആവശ്യപ്പെടുകയും ഗവർണർക്ക് കുറ്റാരോപിതന്റെ വാദം കേട്ട ശേഷം അത് സ്വീകരിക്കുകയോ നിരാകരിക്കുകയോ ചെയ്യാനുള്ള വ്യവസ്ഥ ഉൾപ്പെടുത്തിയത് വിവാദങ്ങൾക്ക് ഇടയാക്കിയിരുന്നു. ഒരു നിയമം ഭരണഘടനാനുസൃതമാണോ അല്ലയോ എന്ന് പ്രഖ്യാപിക്കാനുള്ള അധികാരം കോടതിക്കാണെന്നതിന്റെ അടിസ്ഥാനത്തിലാണ് പ്രതിപക്ഷം ഓർഡിനൻസിനെതിരെ കോടതിയിൽ ഹർജി നൽകിയിരിക്കുന്നത്.

ലോകായുക്തയായി നിയമിതനാകുന്നയാൾ സുപ്രീംകോടതി ജഡ്ജിയോ ഹൈക്കോടതി ചീഫ് ജസ്റ്റിസോ ആയി ഉദ്യോഗം വഹിച്ച ആളായിരിക്കണം എന്ന മൂലനിയമത്തിലെ വകുപ്പ് 3(2) ൽ 'ഹൈക്കോടതിയിലെ ഒരു ജഡ്ജി' എന്ന് കൂടി ഉൾപ്പെടുത്തി ഭേദഗതി വരുത്തിയിട്ടുണ്ട്. ലോകായുക്ത/ഉപലോകായുക്തയുടെ കാലാവധി പരാമർശിക്കുന്ന 5 ാം വകുപ്പിലെ ലോകായുക്തയായോ ഉപലോകായുക്തയായോ നിയമിക്കപ്പെടുന്ന ഒരാൾ ഉദ്യോഗത്തിൽ പ്രവേശിക്കുന്ന തീയതി മുതൽ അഞ്ചു വർഷക്കാലത്തേക്ക് ഉദ്യോഗം വഹിക്കേണ്ടതാണ് എന്നത് അഞ്ചു വർഷമോ എഴുപത് വയസ് പൂർത്തിയാവുന്നതോ ഏതാണോ ആദ്യം എന്ന് ഭേദഗതി വരുത്തിയിട്ടുണ്ട്. എന്നാൽ ഇത് നിലവിലെ ലോകായുക്ത/ഉപലോകായുക്ത എന്നിവർക്ക് ബാധകമല്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്. ലോകായുക്ത സ്ഥാനം ഒഴിവുവരുന്ന സാഹചര്യത്തിലും ഏതെങ്കിലും കാരണങ്ങളാൽ ലോകായുക്തക്ക് അദ്ദേഹത്തിന്റെ ചുമതല നിർവ്വഹിക്കാൻ കഴിയാത്ത സാഹചര്യത്തിലും ഉപലോകായുക്തമാരിൽ ഏറ്റവും സീനിയറായ ആളിനെ പുതിയ ലോകായുക്തയെ നിയമിക്കുന്നതുവരെയോ അല്ലെങ്കിൽ നിലവിലെ ലോകായുക്ത തിരികെ ജോലിയിൽ പ്രവേശിക്കുന്നത് വരേയോ ലോകായുക്തയുടെ ചുമതല നിർവ്വഹിക്കുന്നതിനായി ഗവർണറുടെ വിജ്ഞാപനം പ്രകാരം നിയമിക്കാമെന്ന് വ്യക്തമാക്കിക്കൊണ്ട് മൂലനിയമത്തിലെ 7 ാം വകുപ്പിലെ 5 ാം ഉപവകുപ്പിനുശേഷം 7(5 A), 7(5 B) എന്നീ ഉപവകുപ്പുകൾ കൂടി ഓർഡിനൻസിൽ ചേർത്തിട്ടുണ്ട്.

ചിത്രജാലകം

കേരള സംസ്ഥാന ഹോർട്ടികൾച്ചർ മിഷന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സമുച്ചയത്തിൽ തയ്യാറാക്കിയ അർക്ക വെർട്ടിക്കൽ ഗാർഡന്റെ ഉദ്ഘാടനം നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ നിർവ്വഹിക്കുന്നു



ലക്ഷം വീട് പദ്ധതി അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധി ഉദ്ഘാടനം ചെയ്യുന്നു (1972)

നിയമസഭാ സെക്രട്ടറിക്കും സ്പെഷ്യൽ സെക്രട്ടറിക്കും നിയമസഭയുടെ ആശംസ

സർവ്വീസിൽ നിന്ന് വിരമിക്കുന്ന നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർക്കും സ്പെഷ്യൽ സെക്രട്ടറി ആർ. കിഷോർ കുമാറിനും നിയമസഭയുടെ യാത്രയയപ്പ്. പതിനഞ്ചാം കേരള നിയമസഭയുടെ നാലാം സമ്മേളനത്തിൽ അവസാന ദിവസമായ 2022 മാർച്ച് 18 ന് ശൂന്യവേളയുടെ തുടക്കത്തിലാണ് സ്പീക്കർ എം.ബി. രാജേഷ് യാത്രയയപ്പ് വിവരം സഭയെ അറിയിച്ചത്. സഭാംഗങ്ങൾ കൈയടിയോടെ ഇരുവർക്കും ആശംസകൾ നേർന്നു.

ജുഡീഷ്യൽ സർവ്വീസിൽ സെലക്ഷൻ ഗ്രേഡ് ജില്ലാ ജഡ്ജിയായിരുന്ന എസ്.വി.ഉണ്ണികൃഷ്ണൻ നായർ 2019 ജൂലൈ 30 നാണ് നിയമസഭാ സെക്രട്ടറിയായി ചുമതലയേറ്റത് . തിരുവനന്തപുരം നെയ്യാറ്റിൻകര സ്വദേശിയായ അദ്ദേഹം 1995 ലാണ് ജുഡീഷ്യൽ സർവ്വീസിന്റെ ഭാഗമാകുന്നത്. കേരള നിയമസഭയുടെ ഇ-നിയമസഭാ പദ്ധതി, സഭാ ടി.വി. തുടങ്ങിയവയുടെ സാക്ഷാൽക്കാരത്തിന് നേതൃത്വം നൽകിയ അദ്ദേഹം നിയമസഭയുടെ ഡിജിറ്റൽ ഗാർഡൻ, നക്ഷത്രവനം, ഡൈനാമിക് വെബ്സൈറ്റ് പരിഷ്കരണം തുടങ്ങിയവയിലും സ്തുത്യർഹമായ സേവനം കാഴ്ച്ചവച്ചതായും നിയമസഭയുടെ പ്രസിദ്ധീകരണങ്ങളിലും നിയമസഭയിൽ ഹരിത പ്രോട്ടോക്കോൾ നടപ്പാക്കുന്നതിലും നിരന്തര പരിശ്രമം നടത്തിയതായും ആശംസാ സന്ദേശത്തിൽ സ്പീക്കർ പരാമർശിച്ചു.

1992 ഫെബ്രുവരിയിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ ജോലിയിൽ പ്രവേശിച്ച ആർ. കിഷോർ കുമാർ വിവിധ തസ്തികകളിലായി 30 വർഷക്കാലം നിയമസഭയിൽ സേവനമനുഷ്ഠിച്ചു. സ്തുത്യർഹവും മാതൃകാപരവുമായ സേവനമാണ് സെക്രട്ടറിയും സ്പെഷ്യൽ സെക്രട്ടറിയും കാഴ്ചവച്ചതെന്നും ആശംസകൾ അറിയിച്ചുകൊണ്ട് സ്പീക്കർ കൂട്ടിച്ചേർത്തു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

നിയോജക മണ്ഡല ചരിത്രം

തൃക്കൈക്കുന്ന് മഹാദേവ ക്ഷേത്രം

കൂത്തുപറമ്പ് ഒരു പുരാവൃത്തം

കെ.പി. മോഹനൻ, എം.എൽ.എ.
കൂത്തുപറമ്പ്

കൂത്തുപറമ്പ് നഗരത്തിൽ നരവൂർ റോഡിൽ ഇന്നത്തെ പഴശ്ശി ജലസേചന പദ്ധതി ഓഫീസും കൂത്തുപറമ്പ് സർക്കിൾ സഹകരണ ഓഫീസും സ്ഥിതി ചെയ്യുന്ന പറമ്പാണ് റവന്യൂ രേഖയിൽ (FMB രജിസ്റ്റർ) കൂത്തുപറമ്പ്. കോട്ടയം രാജവംശവുമായി ബന്ധപ്പെട്ട കൂത്തുപറമ്പ് തൃക്കൈക്കുന്ന് ക്ഷേത്രത്തിലെ പറക്കും കൂത്തുകൾ നടത്തിയിരുന്നത് കൂത്തുപറമ്പിൽ നിലവിലുള്ള ബസ്സ് സ്റ്റാൻഡ് ഉൾപ്പെട്ട സ്ഥലത്തായിരുന്നു. തൃക്കൈക്കുന്ന് ക്ഷേത്രത്തിന്റെ കിഴക്കേ നടയ്ക്കരികിൽ കോട്ടയം രാജവംശത്തിന്റെ തെക്കേ കോവിലകവും, മലബാറിലെ തന്നെ ഏറ്റവും വലിയ കുളമായ തൃക്കൈക്കുന്ന് ക്ഷേത്രക്കുളവും കുളത്തിന്റെ കിഴക്ക് ഭാഗത്ത് കിഴക്കേ കോവിലകവും സ്ഥിതി ചെയ്തിരുന്നു.

കലയും യുദ്ധവും നാഡീഞരമ്പുകളെ അവിരസ്പന്ദമായി സ്വാധീനിച്ച കോട്ടയം രാജവംശം ഇന്ന് കോട്ടയം ഗ്രാമ പഞ്ചായത്തിലാണുള്ളതെങ്കിലും കോട്ടയം രാജവംശത്തിലെ രാജാക്കന്മാരുടെ പോര് നടന്ന സ്ഥലമാണ് പുറക്കളം. പുറക്കളത്തിൽ നിന്ന് കോട്ടയം രാജവംശത്തിന്റെ ആരൂഢസ്ഥാനമായ മൃദംഗശൈലേശ്വരി ക്ഷേത്രത്തോട് ചേർന്ന് നില്ക്കുന്ന പരദേവതാ ക്ഷേത്രത്തിലേക്ക് പുറക്കളത്ത് നിന്ന് പുറപ്പെടുന്ന ഇന്നത്തെ പഴയനിരത്തായിരുന്നു അന്നത്തെ രാജപാത. കോട്ടയം രാജവംശത്തിൽപ്പെട്ടവർ പരിശീലനം സിദ്ധിച്ച പിണ്ഡാല കളരി സ്ഥിതി ചെയ്തതും മൃദംഗശൈലേശ്വരി ക്ഷേത്രത്തോട് ചേർന്നാണ്. കഥകളിയിൽ കമ്പക്കാരനായിരുന്ന കോട്ടയം രാജാവ് കഥകളിയിലെ സ്ത്രീവേഷം രൂപകല്പന ചെയ്യാൻ മൃദംഗശൈലേശ്വരി ക്ഷേത്ര കുളക്കരയിൽ ധ്യാനനിമഗ്നനായി ഇരിക്കുമ്പോഴാണ് കഥകളിയിലെ സ്ത്രീവേഷം ക്ഷേത്രക്കുളത്തിൽ പൊങ്ങിവന്നതെന്നും ഐതിഹ്യമുണ്ട്. ഈ വിധം കോട്ടയം രാജവംശത്തിന്റെയും സാമ്രാജ്യത്വവിരുദ്ധ പോരാട്ടത്തിലൂടെ വീര രക്തസാക്ഷിത്വം വരിച്ച വീര കേരളവർമ്മപഴശ്ശിരാജയുടെയും കർമ്മഭൂമിയാണ് കൂത്തുപറമ്പ്. ഇന്നും ഇതിന്റെ തിരുശേഷിപ്പുകൾ കൂത്തുപറമ്പ് മണ്ഡലത്തിലുൾപ്പെട്ട കോട്ടയം ഗ്രാമ പഞ്ചായത്തിൽ അങ്ങിങ്ങായി കിടപ്പുണ്ട്. പുറക്കളത്തോട് ചേർന്ന പ്രദേശമാണ് തൊക്കിലങ്ങാടി. കുടകിൽ നിന്നും വയനാട്ടിൽ നിന്നും വരുന്ന യാത്രക്കാരെ ഒരു കാലത്ത് ഈ സംഗമ ദേശത്തെ ഉദാരമതികൾ സഹായിക്കുകയും സൽക്കരിക്കുകയും ചെയ്തിരുന്നു. സഹായികൾ - തൊങ്ങുള്ളവർ ഉള്ള അങ്ങാടി എന്നതിൽ നിന്നാണ് തൊക്കിലങ്ങാടി എന്ന പേര് വരുന്നത്. ഇന്നത്തെ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിന്റെ വടക്കേ അതിർത്തി തൊക്കിലങ്ങാടിയാണ്. തൊക്കിലങ്ങാടിയിൽ നിന്ന് തെക്കോട്ട് ഇരുവഴിനാട്ടിലെ തൃപ്രങ്ങോട്ടൂർ, പുത്തൂർ, കരിയാട്, പാനൂർ പ്രവിശ്യകളാണ് കൂത്തുപറമ്പ് നിയോജകമണ്ഡലം. തെക്ക് മയ്യഴിപ്പുഴ വരെയും കിഴക്ക് വിളക്കോട്ടൂർ വരെയും പടിഞ്ഞാറ് വയലളം വരെയും വ്യാപിച്ച ദേശമായിരുന്നു ചരിത്രത്തിൽ ഇരുവഴിനാട്.

പെരിങ്ങത്തൂർപുഴയും, മയ്യഴി പുഴയും ബഹുദൂരം വലയം ചെയ്തിരുന്ന ഈ പ്രദേശം, പതിനെട്ടാം നൂറ്റാണ്ടിൽ കൊയലാട്ട് നമ്പ്യാന്മാരായിരുന്ന നാടുവാഴികൾ വാണിരുന്ന ഈ ദേശങ്ങൾ കേരള പിറവിയോടെ കൂത്തുപറമ്പായും പെരിങ്ങളം, തലശ്ശേരി നിയോജക മണ്ഡലങ്ങളുമായി ബന്ധപ്പെട്ടാണ് സ്ഥിതി ചെയ്യുന്നത്.

1957-ൽ കൂത്തുപറമ്പ് നിയോജകമണ്ഡലത്തിലായിരുന്ന ഈ ദേശത്തിലെ ഭൂരിപക്ഷം പ്രദേശവും പിന്നീട് പന്ന്യന്നൂർ, ചൊക്ലി, ന്യൂമാഹി, പാനൂർ, കുന്നോത്ത്പറമ്പ്, തൃപ്രങ്ങോട്ടൂർ, പെരിങ്ങളം, പാട്യം, മൊകേരി എന്നീ ഗ്രാമ പഞ്ചായത്തുകൾ ചേർന്ന് പെരിങ്ങളം നിയോജക മണ്ഡലമായി. പുതിയ നിയോജകമണ്ഡലം വിഭജനത്തിൽ ചൊക്ലി, ന്യൂമാഹി, പന്ന്യന്നൂർ എന്നിവ തലശ്ശേരി നിയോജകമണ്ഡലമാവുകയും കൂത്തുപറമ്പ് നഗരസഭ, കോട്ടയം മലബാർ, പാട്യം, മൊകേരി, കുന്നോത്ത്പറമ്പ്, തൃപ്രങ്ങോട്ടൂർ, പെരിങ്ങളം, കരിയാട്, പാനൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾ ചേർന്ന് കൂത്തുപറമ്പ് നിയോജക മണ്ഡലമാകുകയും ചെയ്തു. പിന്നീട് പെരിങ്ങളം, കരിയാട്, പാനൂർ എന്നീ ഗ്രാമ പഞ്ചായത്തുകൾ ചേർന്ന് പാനൂർ നഗരസഭ രൂപീകരിച്ചു. നിലവിൽ കൂത്തുപറമ്പ് നഗരസഭ, കോട്ടയം മലബാർ, പാട്യം, മൊകേരി, കുന്നോത്ത്പറമ്പ്, തൃപ്രങ്ങോട്ടൂർ, പാനൂർ നഗരസഭ എന്നിവ ചേർന്നതാണ് കൂത്തുപറമ്പ് നിയോജകമണ്ഡലം. പി.ആർ കുറുപ്പ്, പിണറായി വിജയൻ, പി. ജയരാജൻ, കെ.കെ. ശൈലജ ടീച്ചർ, കെ.എം. സൂപ്പി, എ.കെ. ശശീന്ദ്രൻ, കെ.കെ. അബ്ദു, എൻ.എ. മമ്മുഹാജി, എന്നിവരും ഞാനും കൂത്തുപറമ്പ്, പെരിങ്ങളം മണ്ഡലങ്ങളെ പ്രതിനിധീകരിച്ച് നിയമസഭാ സാമാജികരായിട്ടുണ്ട്.

കേരളത്തിന്റെ സാമൂഹ്യ പരിഷ്കർത്താക്കളിൽ പ്രഥമസ്ഥാനീയനായ വാഗ്ഭടാനന്ദൻ, ജർമ്മൻ ഭാഷാപണ്ഡിതനായ ഹെർമൻ ഗുണ്ടർട്ടിനെ മലയാളം ഇംഗ്ലീഷ് നിഘണ്ടു രചനയിൽ സഹായിച്ച ഉരാച്ചേരി ഗുരുക്കന്മാർ, പത്മശ്രീയും പത്മവിഭൂഷണം കരസ്ഥമാക്കിയ ലോക പ്രശസ്ത ചിത്രകാരൻ കെ.ജി. സുബ്രഹ്മണ്യൻ, വിപ്ലവ പ്രസ്ഥാനത്തിന്റെ ആവേശമായിരുന്ന പാട്യം ഗോപാലൻ, സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ സൂര്യതേജസ്സായിരുന്ന പി.ആർ. കുറുപ്പ്, മൊയാരത്ത് ശങ്കരൻ, ഇടതുപക്ഷ കൺവീനർ പി.വി. കുഞ്ഞിക്കണ്ണൻ, ഗ്രന്ഥശാലാ പ്രസ്ഥാനത്തിന്റെ അമരക്കാരൻ ഐ.വി. ദാസ്, ചിത്രകലയിലെ അത്ഭുത പ്രതിഭ എം.വി. ദേവൻ, ഹിന്ദുസ്ഥാനി സംഗീതജ്ഞൻ രമേശ് നാരായണൻ, നടൻ ശ്രീനിവാസൻ, ബാല സാഹിത്യകാരൻ കെ.തായാട്ട്, ആദിവാസികളുടെ കഥ പറഞ്ഞ കെ. പാനൂർ, തമ്പിന്റെ കഥാകാരൻ ശ്രീധരൻ ചമ്പാട്, നിയമസഭാ സാമാജികരായ കെ.എം സൂപ്പി, എൻ.എ. മമ്മുഹാജി, കെ.പി. മമ്മു മാസ്റ്റർ, പി. ജയരാജൻ, ബി.ജെ.പി നേതാവ് പി.കെ. കൃഷ്ണദാസ് തുടങ്ങി നിരവധി പൊതുപ്രവർത്തകരുടെയും കലാ സാഹിത്യ പ്രതിഭകളുടെയും ജന്മനാടാണ് കൂത്തുപറമ്പ് നിയോജക മണ്ഡലം.

കോട്ടയം ചിറ

ശ്രീനാരായണ ഗുരുദേവരുടെ നിർദ്ദേശാനുസരണം മാറോളി കുഞ്ഞിക്കണ്ണൻ പൊതുജനങ്ങൾക്ക് വിശ്രമത്തിനും വിനോദത്തിനും വിട്ടുതന്ന മാറോളിഘട്ട്, കൂത്തുപറമ്പ് രക്തസാക്ഷികളുടെ ഓർമ്മകളിരമ്പുന്ന രക്തസാക്ഷി സ്തൂപം, കോട്ടയം ചിറ, ഐതിഹാസിക കർഷക പോരാട്ടത്തിന് വേദിയായ നരിക്കോട് മല, വാഴമല, ശ്രീനാരായണ സന്ദേശവാഹകരുടെ പുണ്യഭൂമിയായ കനകമല, ലോകത്തിലെ ഏറ്റവും വലിയ ചൂരൽ വ്യവസായ കേന്ദ്രം, കണ്ണൂർ ജില്ലയിലെ ഏക നവോദയ വിദ്യാലയം, കൃഷിവകുപ്പിന്റെ ബയോ റിസോഴ്സ് സെന്റർ തുടങ്ങി സമസ്ത മേഖലകളിലും ഒട്ടനവധി ഖ്യാതി സൃഷ്ടിച്ച വ്യക്തികളാലും സ്ഥാപനങ്ങളാലും സ്ഥലങ്ങളാലും അനുഗ്രഹീതമായ മണ്ഡലമാണ് കൂത്തുപറമ്പ് നിയോജക മണ്ഡലം.

കനകമല

മറോളി ഘട്ട്

വാഴമല

നിയമസഭാ സമുച്ചയത്തിലെ പരിപാടികൾ.......

നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്ക് പരിശീലന പരിപാടി

കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) ന്റെ ആഭിമുഖ്യത്തിൽ നിയമസഭാ സെക്രട്ടേറിയറ്റിലെയും വിവിധ വകുപ്പുകളിലെയും ഉദ്യോഗസ്ഥർക്കായി 2022 മാർച്ച് 4 ാം തീയതി നിയമസഭാ ചട്ടങ്ങൾ സംബന്ധിച്ച് ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു. പരിപാടിയിൽ കെ-ലാംപ്സ്(പി.എസ്.) ഡയറക്ടർ പി.ഹരി ഉദ്യോഗസ്ഥരെ സ്വാഗതം ചെയ്യുകയും പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു. പരിശീലനത്തിന്റെ ആദ്യ സെഷനിൽ റിപ്പോർട്ടുകൾ, രേഖകൾ എന്നിവ സഭയുടെ മേശപ്പുറത്ത് സമർപ്പിക്കുന്നത് സംബന്ധിച്ച നടപടിക്രമങ്ങളെയും ചട്ടങ്ങളെയും സംബന്ധിച്ച് ജോയിന്റ് സെക്രട്ടറി ഡി.ഡി.ഗോഡ്ഫ്രീ വിശദീകരിച്ചു. രണ്ടാമത്തെ സെഷനിൽ അത്തരം രേഖകൾ ഓൺലൈനായി സമർപ്പിക്കുന്നത് സംബന്ധിച്ച് അസിസ്റ്റന്റ് സിറാജ്ജുദീൻ വിവരിച്ചു. തുടർന്ന് ഐ.ടി. വിഭാഗം അഡീഷണൽ സെക്രട്ടറി കവിത ഉണ്ണിത്താൻ രേഖകൾ ഓൺലൈനായി സമർപ്പിക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെക്കുറിച്ച് വിശദീകരിച്ചു. പരിശീലന പരിപാടിയിൽ നിയമസഭാ സെക്രട്ടേറിയറ്റിൽ നിന്നും 21 പേർ നേരിട്ടും വിവിധ വകുപ്പുകളിൽ നിന്നുമുള്ള ഉദ്യോഗസ്ഥർ ഓൺലൈനായും പങ്കെടുത്തു. കെ-ലാംപ്സ്(പി.എസ്.) ഡെപ്യൂട്ടി ഡയറക്ടർ ലാലി വി.എസ്. കൃതജ്ഞത രേഖപ്പെടുത്തി.

സബ്ജക്ട് കമ്മിറ്റിയുടെ പ്രവർത്തനം സംബന്ധിച്ച് പരിശീലനം

കേരള നിയമസഭയുടെ പരിശീലന വിഭാഗമായ കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആൻഡ് പാർലമെന്ററി സ്റ്റഡി സെന്റർ(പാർലമെന്ററി സ്റ്റഡീസ്) ന്റെ ആഭിമുഖ്യത്തിൽ നിയമസഭാസെക്രട്ടേറിയറ്റിൽ സബ്ജക്ട് കമ്മിറ്റി വിഭാഗങ്ങളുമായിബന്ധപ്പെട്ട് പ്രവർത്തിക്കുന്ന അസിസ്റ്റന്റ് മുതൽ അഡീഷണൽ സെക്രട്ടറി വരെയുള്ള ഉദ്യോഗസ്ഥർക്കായി സബ്ജക്ട് കമ്മറ്റികളുടെ പ്രവർത്തനം സംബന്ധിച്ച ഒരു പരിശീലന പരിപാടി സംഘടിപ്പിച്ചു. 2022 മാർച്ച് 8 ാം തീയതി പാർലമെന്ററി പഠന പരിശീലന ഹാളിൽ നടന്ന പരിശീലന പരിപാടിയിലേക്ക് കെ-ലാംപ്സ് എക്സിക്യൂട്ടീവ് ഡയറക്ടർ മഞ്ജു വർഗ്ഗീസ് ഉദ്യോഗസ്ഥരെ സ്വാഗതം ചെയ്യുകയും പരിശീലനത്തെ സംബന്ധിച്ച് ആമുഖമായി സംസാരിക്കുകയും ചെയ്തു. സബ്ജക്ട് കമ്മിറ്റിയുടെ പ്രവർത്തന രീതിയെക്കുറിച്ചും ധനാഭ്യർത്ഥനകളുടെ സൂക്ഷ്മ പരിശോധന സംബന്ധിച്ചും സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി.മനോഹരൻ നായർ വിശദീകരിച്ചു. പരിശീലന പരിപാടിയിൽ 37 പേർ പങ്കെടുത്തു. കെ-ലാംപ്സ്(പി.എസ്.) ഡയറക്ടർ പി.ഹരി കൃതജ്ഞത രേഖപ്പെടുത്തി.

കെ-ലാംപ്സ് (പാർലമെന്ററി സ്റ്റഡീസ്)

സർട്ടിഫിക്കറ്റ് കോഴ്സ് പുതിയ ബാച്ചിന്റെ ഉദ്ഘാടനവും മുൻ ബാച്ചുകളിലെ വിജയികൾക്കുള്ള പുരസ്കാര വിതരണവും

കേരള ലെജിസ്ലേറ്റീവ് അസംബ്ലി മീഡിയ ആന്റ് പാർലമെന്ററി സ്റ്റഡി സെന്റർ (പാർലമെന്ററി സ്റ്റഡീസ്) നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സ് ഇൻ പാർലമെന്ററി പ്രാക്ടീസ് ആന്റ് പ്രൊസീജിയറിന്റെ പുതിയ ബാച്ചിന്റെ ഉദ്ഘാടനവും ആറ്, ഏഴ് ബാച്ചുകളിലെ റാങ്ക് ജേതാക്കൾക്കും വിജയികൾക്കുമുള്ള മെമന്റോ, സർട്ടിഫിക്കറ്റ് വിതരണവും 2022 മാർച്ച് 10 ന് നിയമസഭാ കോംപ്ലക്സിലെ ആർ. ശങ്കരനാരായണൻ തമ്പി മെമ്പേഴ്സ് ലോഞ്ചിൽ സംഘടിപ്പിച്ചു. നിയമസഭാ സെക്രട്ടറി എസ്.വി. ഉണ്ണികൃഷ്ണൻ നായർ, സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി റ്റി. മനോഹരൻ നായർ എന്നിവർ എട്ടാമത് ബാച്ചിലെ പഠിതാക്കൾക്ക് ഓറിയന്റേഷൻ ക്ലാസെടുത്തു. സ്പീക്കർ എം.ബി.രാജേഷ് ആറ്, ഏഴ് ബാച്ചുകളിലെ റാങ്ക് ജേതാക്കൾക്ക് മെമന്റോയും റാങ്ക് സർട്ടിഫിക്കറ്റുകളും വിജയികൾക്ക് കോഴ്സ് സർട്ടിഫിക്കറ്റുകളും വിതരണം ചെയ്തു. പരിപാടിയിൽ സാമാജികരായ എൻ.കെ. അക്ബർ, നജീബ് കാന്തപുരം എന്നിവരും പങ്കെടുത്തു. എൻ.കെ. അക്ബർ, എം.എൽ.എ. എട്ടാമത് ബാച്ചിലെ പഠിതാവുകൂടിയാണ്. ഏഴാമത് ബാച്ചിൽ രോഹിണി ജെ.എസ്. ഒന്നാം റാങ്കും, ആർഷ ലക്ഷ്മി രണ്ടാം റാങ്കും, ഏബൽ റ്റി. ജോസ് മൂന്നാം റാങ്കും നേടി. ഒന്നാം റാങ്ക് നേടിയ രോഹിണി ജെ. എസ്സ്. നിയമസഭാ സെക്രട്ടേറിയേറ്റ് ജീവനക്കാരിയാണ്. വിജയികളെ സ്പീക്കർ അഭിനന്ദിച്ചു.

രോഹിണി ജെ.എസ്.
ഒന്നാം റാങ്ക്

ആർഷ ലക്ഷ്മി
രണ്ടാം റാങ്ക്

ഏബൽ റ്റി.ജോസ്
മൂന്നാം റാങ്ക്

നിയമസഭാ പ്രിന്റിംഗ് പ്രസ്സ് ജീവനക്കാർക്ക് പരിശീലനം

കെ-ലാംപ്സിന്റെ ആഭിമുഖ്യത്തിൽ കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സിലെ ജീവനക്കാർക്കായി 2022 ജനുവരി 13,15 എന്നീ ദിവസങ്ങളിൽ പ്രൂഫ് റീഡിംഗ് സംബന്ധിച്ച പരിശീലനം നിയമസഭാ പ്രിന്റിംഗ് പ്രസ്സിൽ സംഘടിപ്പിച്ചു. കെലാംപ്സ് (പി. എസ്) ഡയറക്ടർ പി. ഹരി, പരിപാടിയിൽ സ്വാഗതം ആശംസിക്കുകയും തിരുവനന്തപുരം ഗവ. സെൻട്രൽ പ്രസ്സിലെ ഗ്രേഡ് I റീഡറായ സാഗർ ശിവദാസ് പ്രൂഫ് റീഡിംഗ് സംബന്ധിച്ച് ക്ലാസ്സ് എടുക്കുകയും ചെയ്തു.

അറിവോരം
കേരള നിയമസഭയുടെ ഔദ്യോഗിക ന്യൂസ്‌ലെറ്റർ

തെരഞ്ഞെടുപ്പ് കേസ്

ഇരട്ട വോട്ടിൽ മാറിമറിഞ്ഞ കോവളം തെരഞ്ഞെടുപ്പ് ഫലം

ഒൻപതാം കേരള നിയമസഭയിലേയ്ക്ക് നടന്ന തെരഞ്ഞെടുപ്പിൽ കോവളം നിയോജകമണ്ഡലത്തിൽ നിന്നുള്ള ജനവിധി മാറ്റിമറിക്കുന്നതായിരുന്നു കേരള ഹൈക്കോടതിയുടെ വിധിനിർണ്ണയം. തെരഞ്ഞെടുപ്പിൽ രണ്ടാം സ്ഥാനത്തേയ്ക്ക് പിൻതള്ളിയ സ്ഥാനാർത്ഥിയെ വിജയിയായി പ്രഖ്യാപിച്ച് ജനപ്രതിനിധിയാക്കിയ രണ്ടാമത്തെ സംഭവമായി ഇത് കേരള നിയമസഭാ ചരിത്രത്തിൽ ഇടം പിടിച്ചു. രണ്ടാം കേരള നിയമസഭയിലേയ്ക്ക് തലശ്ശേരി നിയോജകമണ്ഡലത്തിൽ നിന്ന് തെരഞ്ഞെടുക്കപ്പെട്ട പി.കുഞ്ഞിരാമന്റെ തെരഞ്ഞെടുപ്പ് കോടതി ഇടപെടലിലൂടെ റദ്ദാക്കിക്കൊണ്ട് എതിർ സ്ഥാനാർത്ഥിയായിരുന്ന വി.ആർ.കൃഷ്ണയ്യരെ വിജയിയായി പ്രഖ്യാപിച്ചതായിരുന്നു ആദ്യ സംഭവം.

ഒൻപതാം കേരള നിയമസഭയിലേയ്ക്കുള്ള തെരഞ്ഞെടുപ്പ് 1991 ജൂൺ 12 നായിരുന്നു നടത്തിയത്. ജൂൺ 16 ന് വോട്ടെണ്ണൽ നടന്നു. കോവളം നിയോജക മണ്ഡലത്തിൽ ജനതാദളിന്റെ പിന്തുണയുണ്ടായിരുന്ന എ. നീലലോഹിതദാസൻ നാടാരും ഇന്ത്യൻ നാഷണൽ കോൺഗ്രസിലെ ജോർജ് മസ്ക്രീനും തമ്മിലായിരുന്നു പ്രധാന പോരാട്ടം. ഫലപ്രഖ്യാപനം വന്നപ്പോൾ നീലലോഹിതദാസൻ നാടാർ 49,515 വോട്ടുകളും തൊട്ടടുത്ത സ്ഥാനാർത്ഥിയായ ജോർജ്ജ് മസ്ക്രീൻ 49,494 വോട്ടുകളും നേടി. 21 വോട്ടുകളുടെ ഭൂരിപക്ഷം ലഭിച്ച നീലലോഹിതദാസൻ നാടാർ വിജയിച്ചതായി പ്രഖ്യാപിച്ചു. അദ്ദേഹം 1991 ജൂൺ 29 ന് നിയമസഭാംഗമായി സത്യപ്രതിജ്ഞ ചെയ്തു.

പരാജയപ്പെട്ട ജോർജ് മസ്ക്രീൻ ഹൈക്കോടതിയെ സമീപിച്ചു. നീലലോഹിതദാസൻ നാടാർക്ക് ലഭിച്ചതിനെക്കാൾ കൂടുതൽ വോട്ട് തനിക്ക് ലഭിച്ചതായും അതിനാൽ അദ്ദേഹത്തിന്റെ തെരഞ്ഞെടുപ്പ് റദ്ദ് ചെയ്ത് തന്നെ വിജയിയായി പ്രഖ്യാപിക്കണമെന്നുമായിരുന്നു അദ്ദേഹത്തിന്റെ ഹർജി. മണ്ഡലത്തിലെ ഒന്നിലധികം പോളിംഗ് സ്റ്റേഷനുകളിലെ വോട്ടർ പട്ടികയിൽ തെറ്റായും ആകസ്മികമായും പേരുകൾ ഉൾപ്പെട്ട നിരവധി വോട്ടർമാർ അവസരം ദുരുപയോഗപ്പെടുത്തി ഇരട്ടവോട്ടുകൾ ചെയ്തതായി 1991 ജൂലൈ 29 ന് ഫയൽ ചെയ്ത തെരഞ്ഞെടുപ്പ് ഹർജിയിൽ ചൂണ്ടിക്കാണിച്ചു. അവരുടെ പേരുകൾ രണ്ട് പോളിംഗ് ബൂത്തുകളിലെ ലിസ്റ്റിലും ഉൾപ്പെട്ടിരുന്നതിനാൽ ചെറുവിരലിലെ മഷി അടയാളം മായ്ചാണ് ഇവർ വോട്ടു ചെയ്തതെന്നും രണ്ടാം തവണ വോട്ടുചെയ്ത പോളിംഗ് സ്റ്റേഷനിലെ തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥർക്കോ പോളിംഗ് ഏജന്റുമാർക്കോ അത് കണ്ടെത്താൻ കഴിഞ്ഞില്ലെന്നും വാദം ഉന്നയിച്ച ജോർജ് മസ്ക്രീൻ, ഇരട്ടവോട്ടുചെയ്തതായി പറയപ്പെട്ട 19 പേരുടെ പേരും റോൾനമ്പരും വോട്ടുചെയ്ത പോളിംഗ് സ്റ്റേഷനും ഉൾപ്പെടെയുള്ള വിശദാംശങ്ങൾ ഹാജരാക്കി. ജനപ്രാതിനിധ്യ നിയമത്തിലെ സെക്ഷൻ 62(4) വ്യവസ്ഥ പ്രകാരം രണ്ടു വോട്ടുകളും റദ്ദാക്കണമെന്നും ഹർജിക്കാരൻ വാദിച്ചു. ഇരട്ടവോട്ടു ചെയ്ത 19 പേരും വിജയിച്ച സ്ഥാനാർത്ഥിക്കായിരുന്നു വോട്ട് രേഖപ്പെടുത്തിയിരുന്നത് എന്നതിനാൽ ആ വോട്ടുകൾ കണ്ടെത്തി പരിഗണനയിൽ നിന്ന് ഒഴിവാക്കേണ്ടതാണെന്ന് പരാതിയിൽ പറഞ്ഞിരുന്നു.

തെരഞ്ഞെടുപ്പ് പരാതിയിലെ ആരോപണങ്ങൾ നീലലോഹിതദാസൻ നാടാർ നിഷേധിക്കുകയും മറ്റ് ഇരട്ട വോട്ടുകൾ സംബന്ധിച്ച് 1991 സെപ്റ്റംബർ 10 ന് ഒരു റിക്രിമിനേഷൻ പെറ്റിഷൻ ഫയൽ ചെയ്യുകയുമുണ്ടായി. കേസിൽ ഹൈക്കോടതിക്ക് തീർപ്പുകല്പിക്കേണ്ടിയിരുന്നത് തെരഞ്ഞെടുപ്പിൽ വോട്ടർമാരുടെ ആൾമാറാട്ടം നടന്നിട്ടുണ്ടോ, ഒരു വോട്ടർ ഒന്നിലധികം പോളിംഗ് സ്റ്റേഷനുകളിൽ വോട്ട് രേഖപ്പെടുത്തിയിട്ടുണ്ടോ എന്നത് സംബന്ധിച്ചായിരുന്നു. സാക്ഷികളായി എത്തിയവരിൽ ചില വോട്ടർമാർ തങ്ങൾ ഇരട്ടവോട്ട് ചെയ്തുവെന്ന് സമ്മതിക്കുകയും ചെയ്തിരുന്നു. അപ്രകാരമുള്ള വോട്ടുകൾ തിരഞ്ഞു കണ്ടെത്തുന്നതിന് ഹൈക്കോടതി 1991 ഒക്ടോബർ 7 ന് ജോയിന്റ് രജിസ്ട്രാറെ ചുമതലപ്പെടുത്തി. അതിന്റെ ജോലികൾ അദ്ദേഹത്തിന്റെ ഓഫീസിൽ അഞ്ചു ദിവസം കൊണ്ട് പൂർത്തിയാക്കി. പരാതിക്കാരന്റെയും തെരഞ്ഞെടുക്കപ്പെട്ട സ്ഥാനാർത്ഥിയുടെയും അഭിഭാഷകരുടെ സാന്നിധ്യത്തിലായിരുന്നു പരിശോധന. ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം അസാധുവായി പ്രഖ്യാപിക്കപ്പെട്ട 52 ബാലറ്റ് പേപ്പറുകൾ ജോയിന്റ് രജിസ്ട്രാർ കണ്ടെത്തി. അവ റദ്ദാക്കിക്കൊണ്ട് ഹൈക്കോടതി ഉത്തരവിറക്കി. കൂടാതെ റിട്ടേണിംഗ് ഓഫീസർ അസാധുവായി പ്രഖ്യാപിച്ചിരുന്ന 2771 വോട്ടുകൾ പുനഃ പരിശോധിക്കാനും നിർദ്ദേശമുണ്ടായിരുന്നു. ജോയിന്റ് രജിസ്ട്രാർ അവ പരിശോധിച്ച് കോടതിക്ക് റിപ്പോർട്ട് നൽകി.

ജോയിന്റ് രജിസ്ട്രാർ കണ്ടെത്തിയ 52 ഇരട്ട വോട്ടുകളിൽ 48 എണ്ണം നീലലോഹിതദാസൻ നാടാർക്കും 4 എണ്ണം ജോർജ് മസ്ക്രീനും ലഭിച്ചവയായിരുന്നു. അവ കോടതി വിധിപ്രകാരം അസാധുവാക്കപ്പെട്ടു. സ്ഥാനർത്ഥികൾക്ക് ലഭിച്ച ആകെ വോട്ടിൽ നിന്ന് അസാധുവാക്കപ്പെട്ടവ കുറവുചെയ്തപ്പോൾ വോട്ടുനില നീലലോഹിതദാസൻ നാടാർക്ക് 49,467, ജോർജ് മസ്ക്രീന് 49,490 എന്നിങ്ങനെ മാറി. റിട്ടേണിംഗ് ഓഫീസർ അസാധുവാക്കിയ 2,771 വോട്ട് സംബന്ധിച്ച് ജോയിന്റ് രജിസ്ട്രാർ നടത്തിയ പരിശോധനയിൽ പോസ്റ്റൽ വോട്ടുകൾ ഒഴിവാക്കിയതിനു ശേഷം 31 വോട്ടുകൾ കോടതിയുടെ അതിസൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കി. അതിൽ 20 എണ്ണം സാധുവായി കണ്ടെത്തി. മുദ്ര ശരിയായി പതിഞ്ഞിരുന്നില്ലെങ്കിലും ഏതു സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യാനാണ് വോട്ടർ ഉദ്ദേശിച്ചിരുന്നതെന്ന് മുദ്രയിൽ നിന്ന് വ്യക്തമാകുന്നുണ്ടെന്ന് ഹൈക്കോടതി നിരീക്ഷിച്ചു. അതിൽ 10 എണ്ണം നീലലോഹിതദാസൻ നാടാർക്കും പത്തെണ്ണം ജോർജ് മസ്ക്രീനും ലഭിച്ചവയായിരുന്നു. അതുകൂടി കണക്കിലെടുത്തപ്പോൾ ജോർജ് മസ്ക്രീന് 49,500 വോട്ടുകളും നീലലോഹിതദാസൻ നാടാർക്ക് 49,477 വോട്ടുകളും ലഭിച്ചു. അതോടെ ജോർജ് മസ്ക്രീന് 23 വോട്ടിന്റെ ഭൂരിപക്ഷം കിട്ടി. കോവളം നിയോജകമണ്ഡലത്തിൽ നിന്ന് എ.നീലലോഹിതദാസൻ നാടാർ നിയമസഭയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടത് റദ്ദാക്കിയതായും എതിർ കക്ഷിയായ ജോർജ് മസ്ക്രീൻ 23 വോട്ടിന്റെ ഭൂരിപക്ഷത്തിൽ വിജയിച്ചതായും 1991 ഡിസംബർ 11 ന് ഹൈക്കോടതി വിധിയെഴുതി. ജസ്റ്റിസ് ശ്രീധരനാണ് വിധി പുറപ്പെടുവിച്ചത്. വിധിന്യായം തെരഞ്ഞെടുപ്പ് കമ്മീഷനെയും നിയമസഭാ സ്പീക്കറെയും അറിയിക്കുവാനും നിർദ്ദേശിച്ചു. ഹർജിക്കാരന് കോടതി ചെലവിനത്തിൽ 1500 രൂപ നൽകാനും വിധിന്യായത്തിൽ പറഞ്ഞു. വിധിക്കെതിരായി നീലലോഹിതദാസൻ നാടാർ സുപ്രീംകോടതിയെ സമീപിച്ചുവെങ്കിലും പരമോന്നത കോടതി ഹൈക്കോടതിയുടെ വിധി ശരിവയ്ക്കുകയാണുണ്ടായത്.

കോടതിവിധിയിലൂടെ നിയമസഭയിലെത്തിയ ജോർജ് മസ്ക്രീൻ 1991 ഡിസംബർ 13 ന് സത്യപ്രതിജ്ഞ ചെയ്തു.

തയ്യാറാക്കിയത് :
ഷീല ടൈറ്റസ്,
അണ്ടർ സെക്രട്ടറി

ജോർജ് മസ്ക്രീൻ

എ. നീലലോഹിതദാസൻ നാടാർ

കേരള നിയമസഭയുടെ ജനസൗഹൃദ നിയമങ്ങൾ

റ്റി. മനോഹരൻ നായർ
സ്പീക്കറുടെ പ്രൈവറ്റ് സെക്രട്ടറി

ഇന്ത്യാ മഹാരാജ്യം സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് മുമ്പ് നിലവിലുണ്ടായിരുന്ന നാട്ടുരാജ്യങ്ങളിൽ ആദ്യമായി ഒരു നിയമ നിർമ്മാണസഭ രൂപീകരിക്കപ്പെട്ടത് തിരുവിതാംകൂറിലാണ്. 1888 ആഗസ്റ്റ് 23ാം തീയതി രൂപീകൃതമായ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ എന്ന സഭയുടെ പിന്തുടർച്ചയാണ് ഇപ്പോഴത്തെ കേരള നിയമസഭ. സംസ്ഥാന പുനഃസംഘടനയുടെ ഭാഗമായി തിരു-കൊച്ചിയും മലബാറും സംയോജിപ്പിച്ച് 1956 നവംബർ 1ാം തീയതി കേരള സംസ്ഥാനം രൂപീകരിക്കപ്പെട്ടതിനെത്തുടർന്ന് 1957 ഏപ്രിൽ 1ാം തീയതി നിലവിൽ വന്ന കേരള നിയമസഭയുടെ ആദ്യയോഗം ചേർന്നത് ഏപ്രിൽ 27ാം തീയതി ആയിരുന്നു. പ്രോജ്ജ്വലമായ ഒട്ടേറെ പോരാട്ടങ്ങളുടെയും സമരാനുഭവങ്ങളുടെയും സമ്പന്നമായൊരു ചരിത്രമാണ് കേരള നിയമസഭയ്ക്കുള്ളത്.

1957 ഏപ്രിൽ 27ാം തീയതി ആദ്യ കേരള നിയമസഭ സമ്മേളിച്ചത് മുതലുള്ള 65 വർഷക്കാലത്തെ നിയമസഭയുടെ പ്രവർത്തനങ്ങളിലൂടെ ഒരു ഓട്ടപ്രദക്ഷിണം നടത്തിയാൽ ഇന്ത്യൻ പാർലമെന്റിനും മറ്റ് സഹോദര സംസ്ഥാന നിയമസഭകൾക്കും മാതൃകയാവാനും നൂതന ആശയങ്ങൾ നടപ്പിലാക്കാനും കേരള നിയമസഭക്ക് കഴിഞ്ഞിട്ടുണ്ടെന്ന് കാണാവുന്നതാണ്. നിലവിലെ പതിനഞ്ചാം കേരള നിയമസഭ വരെ ആകെ 971 പേർ നിയമസഭാംഗങ്ങളാവുകയും 23 മന്ത്രിസഭകളിലായി 226 പേർ മന്ത്രിമാരായി ഭരണനേതൃത്വം കൈയാളുകയുമുണ്ടായി. ഇക്കാലയളവിൽ സഭാദ്ധ്യക്ഷന്മാരെന്ന നിലയിൽ 23 പേർ സഭയെ നിയന്ത്രിക്കുവാൻ നിയോഗിക്കപ്പെടുകയും ചെയ്തു. മറ്റ് നിയമസഭാ പ്രവർത്തനങ്ങളിലെന്നപോലെ നിയമ നിർമ്മാണ പ്രക്രിയയിലും മുൻ സഭാംഗങ്ങൾ പ്രകടിപ്പിച്ച ലക്ഷ്യബോധത്തിനും ദീർഘവീക്ഷണത്തിനും നാളിതുവരെ നിർമ്മിക്കപ്പെട്ട ആയിരത്തി എഴുന്നൂറിൽപ്പരം വൈവിധ്യമാർന്ന നിയമങ്ങൾ തന്നെയാണ് നേർസാക്ഷിയായി വർത്തിക്കുന്നത്.

ഒരു നിയമനിർമ്മാണസഭ പാസ്സാക്കിയ നിയമങ്ങളെ സംബന്ധിച്ച് പരിശോധിക്കുമ്പോൾ സ്വാഭാവികമായും ആ സഭ പ്രതിനിധാനം ചെയ്യുന്ന പ്രദേശങ്ങളിലെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയ പരിവർത്തനങ്ങൾ കൂടി വിലയിരുത്തപ്പെടേണ്ടി വരുന്നതാണ്. കേരള സംസ്ഥാനത്ത് രൂപപ്പെട്ടുവന്ന സാമൂഹിക പരിവർത്തന പ്രക്രിയയിൽ കേരള നിയമസഭയുടെ നിയമങ്ങൾ വഹിച്ച പങ്ക് പ്രത്യേകം പഠനവിഷയമാക്കേണ്ടത് തന്നെയാണ്. ഇതിന്റെ പ്രാരംഭം എന്ന നിലയിലാണ് പതിനാലാം കേരള നിയമസഭയുടെ കാലത്ത് സമുചിതമായ രീതിയിൽ ആഘോഷിക്കപ്പെട്ട കേരള നിയമസഭയുടെ അറുപതാം വാർഷികത്തോടനുബന്ധിച്ച് ഒന്നു മുതൽ പതിനാലു വരെയുള്ള നിയമസഭകളിൽ പാസ്സാക്കിയ നിയമ നിർമ്മാണങ്ങളെക്കുറിച്ചും പ്രസ്തുത നിയമങ്ങൾ സമൂഹത്തിൽ സൃഷ്ടിച്ച വ്യതിയാനങ്ങളെക്കുറിച്ചും അതതു വിഷയങ്ങളിൽ പ്രഗത്ഭരായ വിദഗ്ദ്ധർ തയ്യാറാക്കിയ പഠനങ്ങൾ ഉൾക്കൊള്ളിച്ചുകൊണ്ട്, 'കേരള നിയമസഭ പാസ്സാക്കിയ നിയമങ്ങൾ പ്രഭാവ പഠനങ്ങൾ' എന്ന പേരിൽ ഒരു ഗ്രന്ഥം തയ്യാറാക്കി പ്രസിദ്ധീകരിച്ചത്. പ്രധാനമായും വിദ്യാഭ്യാസം, ആഭ്യന്തരം, ഭൂപരിഷ്കരണം/കാർഷിക ബന്ധം, തൊഴിൽ, പരിസ്ഥിതി, ആരോഗ്യം, തദ്ദേശസ്വയംഭരണം, സഹകരണം എന്നീ മേഖലകളിലെ നിയമങ്ങൾ കേരള സമൂഹത്തിൽ ചെലുത്തിയ സ്വാധീനവും ഗുണപരമായ മാറ്റങ്ങളുമാണ് പ്രസ്തുത ഗ്രന്ഥത്തിലൂടെ പഠനവിധേയമാക്കിയത്.

വെൽഫെയർ സ്റ്റേറ്റ് അഥവാ ക്ഷേമ രാഷ്ട്രം എന്ന ആശയത്തിലൂന്നിയ ഒരു ഭരണകൂടമാണ് നാം പിന്തുടർന്നു വരുന്നത്. അതുകൊണ്ടുതന്നെ നിയമനിർമ്മാണസഭകൾ നിർവ്വഹിക്കുന്ന ഏതൊരു നിയമനിർമ്മാണ പ്രക്രിയയുടെ പിന്നിലും മേൽപ്പറഞ്ഞ ആശയസാക്ഷാത്കാരത്തിനുള്ള ഒരു തന്തു ഉൾച്ചേർക്കാനുള്ള ബോധപൂർവ്വമായ ഒരു ശ്രമം ബന്ധപ്പെട്ടവരുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ജനം അത് പ്രതീക്ഷിക്കുകയും ചെയ്യുന്നു. ഏതു വിഭാഗത്തെ ഉദ്ദേശിച്ചുകൊണ്ടാണോ ഒരു നിയമം നിർമ്മിക്കുന്നത് ആ വിഭാഗത്തിന് പരമാവധി ഗുണം ലഭ്യമാകത്തക്ക വിധത്തിലായിരിക്കണം ആ നിമയം അന്തിമമായി പുറത്തുവരേണ്ടത്. സർക്കാർ തലത്തിലും, സഭ മുമ്പാകെ വന്നാൽ കമ്മിറ്റി തലത്തിലും സഭാതലത്തിലും നടക്കുന്ന ഡിബേറ്റുകളും തീരുമാനങ്ങളും അതുകൊണ്ടുതന്നെ അതീവ താൽപര്യത്തോടെയാണ് സാധാരണക്കാർ വീക്ഷിക്കുന്നത്. അത്തരത്തിൽ ഒന്നാം കേരള നിയമസഭ മുതൽ പതിനഞ്ചാം കേരള നിയമസഭ വരെ നാളിതുവരെയുള്ള കാലഘട്ടത്തിനിടയിൽ പാസ്സാക്കപ്പെട്ട സുപ്രധാനങ്ങളായ ജനസൗഹൃദ നിയമങ്ങളെയും അവ നിയമമാക്കാനുണ്ടായ സാഹചര്യത്തെയും അതിനു പിന്നിൽ പ്രവർത്തിച്ചവരെയും സംബന്ധിക്കുന്ന ഒരു പഠനമാണ് ഈ ലേഖനത്തിലൂടെ നടത്തുവാൻ ഉദ്ദേശിച്ചിട്ടുള്ളത്.

ഒന്നാം കേരള നിയമസഭ മുതൽ പതിനഞ്ചാം കേരള നിയമസഭയുടെ 3ാം സമ്മേളനം വരെയുള്ള കാലഘട്ടത്തിൽ ആകെ 1743 ബില്ലുകളാണ് വിവിധ സഭകളിലായി പാസ്സാക്കപ്പെട്ടത്. അതിൽ 908 ബില്ലുകൾ പുതിയ നിയമനിർമ്മാണത്തിന് വേണ്ടിയുള്ളവയും 835 ബില്ലുകൾ മൂലനിയമത്തിൽ ഭേദഗതി വരുത്തുന്നതിനുള്ളവയും ആയിരുന്നു. ഭേദഗതി ബില്ലുകളിൽ 37 ബില്ലുകൾ വിവിധ കേന്ദ്ര നിയമങ്ങളിന്മേലുള്ള കേരള ഭേദഗതി ബില്ലുകൾ ആയിരുന്നുവെന്നും കാണുന്നു. 908 പുതിയ നിയമങ്ങൾ നിർമ്മിക്കപ്പെട്ടവയിൽ 462 എണ്ണം ധനകാര്യ വിഷയവുമായി ബന്ധപ്പെട്ട ധനവിനിയോഗ ബില്ലുകൾ അഥവാ അപ്രോപ്രിയേഷൻ ബില്ലുകൾ ആയിരുന്നു. നിയമ നിർമ്മാണ പ്രക്രിയയുമായി ബന്ധപ്പെട്ട് 1743 ബില്ലുകൾ സഭ പാസ്സാക്കിയതിനുശേഷം അതതു സംഗതിപോലെ ഗവർണറുടെയോ രാഷ്ട്രപതിയുടേയോ അനുമതിക്കായി സമർപ്പിക്കപ്പെട്ടതിൽ 13 ബില്ലുകൾക്ക് നാളിതുവരെ അനുമതി ലഭ്യമായിട്ടില്ല എന്നതും കൗതുകകരമായ ഒരു വസ്തുതയാണ്.

ജനസൗഹൃദ നിയമങ്ങൾ ഒന്നാം കേരള നിയമസഭ

1957ലെ കേരള സ്റ്റേ ഓഫ് എവിക്ഷൻ പ്രൊസീഡിംഗ്സ് ആക്ട് (1957 ലെ 1 ാമത് നിയമം)

കേരള നിയമസഭ രൂപീകൃതമായതിനുശേഷം ആദ്യം പാസ്സാക്കിയ ഒരു നിയമമെന്നതിനുപരി തുടർന്നു വന്ന പല നിയമസഭകളിലായി പാസ്സാക്കിയ ജനസൗഹൃദ നിയമങ്ങളുടെ പട്ടികയിൽ ആദ്യത്തേതു കൂടിയാണ് ഈ നിയമം. 1957 ഏപ്രിൽ 27 ന് ആദ്യ സമ്മേളനം ചേർന്ന ഒന്നാം കേരള നിയമസഭയിൽ ഏപ്രിൽ 30 ന് തന്നെ ഇതിനായുള്ള ബിൽ അന്നത്തെ റവന്യൂ വകുപ്പുമന്ത്രി കെ.ആർ.ഗൗരി സഭയിൽ അവതരിപ്പിക്കുകയുണ്ടായി.

കുടിയാന്മാരെയും കുടികിടപ്പുകാരെയും ഭൂമിയിൽ കൃഷി ചെയ്യുന്നവരെയും കുടിയൊഴിപ്പിക്കുന്നത് നിർത്തിവയ്ക്കുന്നതിന് വേണ്ടിയാണ് ഈ നിയമം കൊണ്ടുവന്നത്. കുടിയാന്മാരേയും കുടികിടപ്പുകാരേയും, വാരം, ശമ്പളപ്പാട്ടം മുതലായവ അനുസരിച്ച് ഭൂമി കൃഷി ചെയ്യുന്ന ആളുകളേയും കുടി ഒഴിപ്പിക്കലിൽനിന്നും താൽക്കാലികമായി സംരക്ഷിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്ന ഈ നിയമത്തിൽ ഒഴിപ്പിക്കൽ നടപടികളുടെ നിർത്തിവയ്പ്, കുടികിടപ്പുകാർക്ക് എതിരായ നടപടി തീർപ്പ്, വാരംദാർമാർക്ക് ഭൂമിയിൽ തുടർന്നും കൃഷി ചെയ്യുന്നതിനുള്ള അവകാശം, ശമ്പളപ്പാട്ടം അഥവാ കൂലിപ്പാട്ട വ്യവസ്ഥകൾ തുടരുന്നതിനുള്ള അവകാശം എന്നീ കാര്യങ്ങളും വ്യവസ്ഥ ചെയ്തിരിക്കുന്നു. 1957 മേയ് 8ാം തീയതി സഭ പാസ്സാക്കിയ ഈ നിയമത്തിന് മേയ് 25ാം തീയതി ഗവർണറുടെ അനുമതി ലഭിച്ചു. മൂലനിയമത്തിന്റെ കാലാവധി ദീർഘിപ്പിക്കുന്നതിനും കൂടുതൽ ആൾക്കാർക്ക് നിയമം മൂലമുള്ള ഗുണഫലങ്ങൾ ലഭ്യമാക്കുന്നതിലേക്കുമായി ഒന്നാം കേരള നിയമസഭയുടെ കാലത്ത് മൂന്ന് പ്രാവശ്യവും രണ്ടാം കേരള നിയമസഭയിൽ രണ്ടു പ്രാവശ്യവുമായി ആകെ 5 തവണ ഈ നിയമത്തിൽ ഭേദഗതികൾ വരുത്തുകയുണ്ടായി.

ഈ ബില്ലിന്റെ പരിഗണനാവേളയിലെ രണ്ടാം വായനയിൽ ബില്ലിന്റെ ചുമതലയുള്ള അന്നത്തെ റവന്യൂ വകുപ്പുമന്ത്രി കെ.ആർ. ഗൗരി സഭയിൽ നടത്തിയ ചുവടെ ചേർത്തിരിക്കുന്ന പ്രസംഗം ഏറെ ശ്രദ്ധേയമായിരുന്നു.

'സർ, ഈ ബിൽ സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് പറഞ്ഞതിനെ അനുകൂലിച്ച് സംസാരിച്ച ആളുകളെല്ലാം ഈ ബിൽ ഇവിടെ ശാശ്വത നിയമമായിട്ട് വരുവാൻ പോകുന്നു എന്നുള്ള ഒരാശങ്കയുടെ പേരിലാണ് സംസാരിച്ചത് എന്നു ഞാൻ കരുതുന്നു. അതുപോലെ ഈ നിയമത്തിൽക്കൂടി ഒരു കുടിയാൻ നിയമം ഇവിടെ നടപ്പിലാക്കുവാൻ പോകുന്നു എന്നുള്ള ഒരു ധാരണയും വന്നിട്ടുണ്ട്. കുടിയായ്മ നിയമത്തിൽ ഏതെല്ലാം തരത്തിലുള്ള ടെന്യൂവർ ഉണ്ടായിരിക്കണമെ

ന്നുള്ളതിനെപ്പറ്റി പല സംശയങ്ങളും ഇന്നുണ്ട്. കുടിയായ്മയെപ്പറ്റി ഒരു നിയമം ഇവിടെ അവതരിപ്പിക്കുമ്പോൾ ആരെയെല്ലാം ഒഴിപ്പിക്കാം, ആരെയെല്ലാം ഒഴിപ്പിക്കാൻ പാടില്ല, ഏതെല്ലാം ആളുകളുടെ കൈയിലിരിക്കുന്ന വാരം ഒഴിപ്പിക്കാം, ഏതെല്ലാം ആളുകളുടെ കൈയിലിരിക്കുന്ന വാരം ഒഴിപ്പിക്കാൻ പാടില്ല എന്നുള്ളതിനെക്കുറിച്ച് കൂലംകഷമായ ചർച്ചയ്ക്ക് അവസരം കിട്ടുന്നതാണ്. ഇതൊരു താൽക്കാലിക നിയമം മാത്രമാണ്. ഇന്ന് നിലവിലുള്ള ഓർഡിനൻസ് ഒരു ബിൽരൂപത്തിൽ കൊണ്ടുവരികയാണ് ചെയ്തിരിക്കുന്നത്. ഇന്ന് കുടികിടക്കുന്ന ആളുകളെ ഇറക്കി വിടാതിരിക്കണമെന്നുള്ളത് മാത്രമാണ് ഗവണ്മെന്റിന്റെ ഉദ്ദേശം. ഈ ബില്ലിനെ സംബന്ധിച്ച് ബഹുമാനപ്പെട്ട തിരുവനന്തപുരം മെമ്പർ സംസാരിച്ചപ്പോൾ കുടികിടപ്പുകാരെ സംബന്ധിച്ച ഒരു നിയമം ഇപ്പോൾ നിലവിലുണ്ട് എന്ന് പറയുകയുണ്ടായി. കുടികിടപ്പുകാരെ സംബന്ധിച്ച് ഒരു നിയമം ഇവിടെയുണ്ടെന്ന് ഈ ബില്ലിന്റെ ഉദ്ദേശത്തെപ്പറ്റി വിവരിച്ച അവസരത്തിൽ തന്നെ ഞാൻ പറഞ്ഞിട്ടുണ്ട്. ഇന്ന് ഗവണ്മെന്റിന്റെ കൈവശമുള്ള കണക്കുവച്ച് നോക്കുകയാണെങ്കിൽ ഈ രാജ്യത്ത് ഒട്ടാകെയുള്ള കുടികിടപ്പുകാരുടെ എണ്ണം 5000 ന് താഴെയാണ്. ഈ സംസ്ഥാനത്ത് കുടികിടപ്പായി താമസിക്കുന്ന ആളുകളെയെല്ലാം ഒരു കാലാവധിക്കുള്ളിൽ അവരുടെ പേർ രജിസ്റ്റർ ചെയ്യണമെന്ന് ഒരു വ്യവസ്ഥയുണ്ടായിരുന്നു. എന്നാൽ ആ സമയത്തിനുള്ളിൽ ഈ നാട്ടിലുള്ള എല്ലാ കുടികിടപ്പുകാർക്കും അവരുടെ പേർ രജിസ്റ്റർ ചെയ്യുവാൻ സാധിച്ചിട്ടില്ലാ എന്ന് പരാതികൾ ഉണ്ട്. രജിസ്റ്റർ ചെയ്യാത്ത കാരണത്താൽ ഒരു പാവപ്പെട്ട കുടികിടപ്പുകാരനെ ഒഴിപ്പിക്കാതിരിക്കുന്നതിന് വേണ്ടിയാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നിട്ടുള്ളത്. അതുപോലെ തന്നെ വാരത്തെ സംബന്ധിച്ചും ചില ബുദ്ധിമുട്ടുകൾ ഇന്നുണ്ട്. ഇന്നത്തെ നിയമപ്രകാരം ടെനന്റ് എന്നുള്ള നിർവ്വചനത്തിൽ വാരം ഉൾപ്പെടുകയില്ല. വാരകൃഷിക്കാർക്ക് അതുമൂലം വളരെ ബുദ്ധിമുട്ടുകൾ ഉള്ളതുകൊണ്ട് ആ ബുദ്ധിമുട്ട് ഉണ്ടാകാതിരിക്കുന്നതിന് വേണ്ടിയാണ് ഈ ഗവണ്മെന്റ് അധികാരത്തിൽ വന്നപ്പോൾ ഒരു ഓർഡിനൻസ് പുറപ്പെടുവിച്ചത്. ഇന്നുള്ള കൃഷിക്കാരെ ഇറക്കി കഴിഞ്ഞതിനുശേഷം വേറെ ചില ആളുകൾ ആ ഭൂമി കൈവശപ്പെടുത്താൻ വരരുത് എന്നു കരുതിയാണ് ഈ ബിൽ ഗവണ്മെന്റ് കൊണ്ടുവന്നിരിക്കുന്നത്. ഇത് ഒരു പാർട്ടിക്കുവേണ്ടി കൊണ്ടുവന്നിട്ടുള്ള ബില്ലല്ല. ഒരു പാർട്ടിയെ സഹായിക്കുന്നതിനായി ഒരൊറ്റ ക്ലാസും ഈ ബില്ലിലില്ലെന്ന് വ്യക്തമാക്കുവാൻ ഞാൻ ആഗ്രഹിക്കുന്നു".

ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചതിനെ ത്തുടർന്ന് പ്രതിപക്ഷത്തുനിന്നും പി.റ്റി. ചാക്കോ സംസാരിച്ചത് ചുവടെ ചേർക്കും പ്രകാരമായിരുന്നു:

സർ, ഈ ബില്ലിനെ സംബന്ധിച്ച് എന്റെ പാർട്ടി അവലംബിച്ചിരിക്കുന്ന നിലപാടിനെപറ്റി ഒരു വിശദീകരണം നൽകണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. ഇന്നലെ ഈ ബിൽ സെലക്ട് കമ്മിറ്റിക്കയയ്ക്കണമെന്നുള്ള ഭേദഗതി അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ ഈ ബില്ലിന്റെ തത്വത്തോടു എന്റെ പാർട്ടിക്ക് പരിപൂർണ്ണമായ യോജിപ്പാണുള്ളതെന്ന് ഞാൻ വ്യക്തമാക്കുകയുണ്ടായി. വാരംദാരന്മാരുടെ അവകാശങ്ങൾ സംരക്ഷിക്കുന്നതിനായുള്ള ഈ ബില്ലിലെ പല ഭാഗങ്ങളോടും ഞങ്ങൾക്ക് യോജിപ്പുണ്ടെന്നും, വാരംദാരന്മാരുടെ അവകാശങ്ങൾ പരിപൂർണ്ണമായി സംരക്ഷിക്കപ്പെടേണ്ടതാണെന്നും ഞാൻ പറയുകയുണ്ടായി. പക്ഷേ, ഈ രാജ്യത്തെ വാരക്കാരുടെ കാര്യങ്ങളെപ്പറ്റി വളരെ ഏറെ പഠിക്കേണ്ടതായിട്ടുണ്ട്. ഒരു ലെസ്സി ഒരു കുടികിടപ്പുകാരനെ പാട്ടവസ്തുവിൽ പ്രവേശിപ്പിച്ചാലോ; അല്ലെങ്കിൽ സബ് ലെസ്സി പ്രവേശിപ്പിച്ചാലോ അത് ഇന്നത്തെ ബില്ലിലെ വ്യവസ്ഥയനുസരിച്ച് കുടികിടപ്പ് ആകുകയില്ല. ഒരു വസ്തു ലെസ്സിയൊ, സബ് ലെസ്സിയോ കുടികിടപ്പ് അനുവദിക്കുന്ന പക്ഷം, അവർക്ക് കൂടി ഈ ബില്ലിന്റെ ആനുകൂല്യങ്ങൾ കിട്ടണമെന്ന് ഞങ്ങളുടെ പാർട്ടിക്ക് ആഗ്രഹമുണ്ട്. അതിനുള്ള ഭേദഗതി അവതരിപ്പിച്ചിട്ടുമുണ്ട്. അങ്ങനെ വളരെ പ്രധാനപ്പെട്ട കാര്യങ്ങൾ ഈ ബില്ലിലുണ്ട്. ഇന്നു ഒരു ഓർഡിനൻസ് പാസാക്കിയിരിക്കുകയാണ്. ജൂൺ പത്താം തീയതി വരെ ഓർഡിനൻസ് പ്രാബല്യത്തിലായിരിക്കും. അതിനാൽ ഈ ബിൽ പാസ്സാക്കാൻ കഴിഞ്ഞാൽ യാതൊരു തരക്കേടും ഉണ്ടാകാൻ പോകുന്നില്ല. അതിനകം സെലക്ട് കമ്മിറ്റി റിപ്പോർട്ട് വരുത്തി നിയമം ആക്കാൻ കഴിയുന്നതാണ്. ഇങ്ങനെ, ഗവണ്മെന്റ് ഭാഗത്തേക്ക് യാതൊരസൗകര്യവും ഉണ്ടാക്കാതെ, ഇക്കാര്യത്തെപ്പറ്റി പഠിക്കുന്നതിനും പഠിച്ച് വേണ്ട തീരുമാനങ്ങൾ ചെയ്യുന്നതിനും അവസരം നൽകണമെന്ന് മാത്രമാണ് ഞാൻ പറയുന്നത്. അതനുവദിക്കാതിരുന്നതുകൊണ്ട്, രണ്ടുമൂന്നു ആളുകളുടെ ഭൂരിപക്ഷം ഉണ്ടെന്നുള്ള തന്റേടത്തോടുകൂടി, ഒരു സർവ്വാധിപത്യ പ്രവണത ഒന്നുകൂടി കാട്ടി ഈ ബില്ല് ഇങ്ങനെ നിയമമാക്കിത്തീർക്കുവാൻ വ്യഗ്രത കാണിക്കുന്നതിൽ വളരെ ഖേദമുണ്ട്. ആ നിലയിൽ, ഈ ബില്ലിന്റെ ചർച്ചകളിൽ ഞങ്ങളുടെ പാർട്ടി പങ്കെടുക്കുന്നതുകൊണ്ട് യാതൊരു പ്രയോജനവും ഉണ്ടാകാൻ പോകുന്നില്ലെന്ന് വ്യക്തമായിരിക്കുകയാണ്. അതിനാൽ, ഈ ബില്ലിന്റെ ചർച്ചകളിൽ ഞങ്ങളുടെ പാർട്ടി പങ്കെടുക്കണമെന്ന് വിചാരിക്കുന്നില്ല.

തുടർന്ന് മുസ്ലീം ലീഗ് നേതാവ് സി.എച്ച്. മുഹമ്മദ് കോയയും ഒരു പ്രസ്താവന നടത്തുകയുണ്ടായി. അത് ഇപ്രകാരമായിരുന്നു;

സർ, കുടിയാന്മാരുടെയും പാവങ്ങളുടെയും അവകാശങ്ങൾ സംരക്ഷിക്കുവാൻ മുസ്ലീംലീഗ് കക്ഷി എപ്പോഴും മുന്നണിയിൽ നിൽക്കുന്നുണ്ടെന്നു വ്യക്തമാക്കിക്കൊണ്ടുതന്നെയാണ് മുസ്ലീംലീഗ് കക്ഷി പ്രവർത്തിച്ചിട്ടുള്ളത്. എന്നാൽ ഈമാതിരി ദോശ ചുടുന്നതുപോലെയുള്ള നിയമനിർമ്മാണ രീതി കാണുമ്പോൾ ഞങ്ങൾ പൊതുവെ അമ്പരക്കുകയാണ്. പൊതുജനങ്ങൾ ഇതിൽ വളരെ വിഷമിക്കുന്നുണ്ടെന്നു എനിക്കറിയാം. സർ, ഈ ബില്ലിന്റെ ചർച്ചകൾ നടന്നു കൊണ്ടിരുന്ന അവസരത്തിൽ, എന്റെ കക്ഷിയിൽപ്പെട്ട ഒരംഗത്തിനു മാത്രമേ സംസാരിക്കുവാൻ അവസരം ലഭിച്ചുള്ളൂ. അത്ര ധൃതഗതിയിൽ ഗവണ്മെന്റ് ഭാഗത്തുനിന്നും ഒരു ക്ലോഷർമോഷൻ കൊണ്ടുവരുകയും ഞങ്ങളുടെ മൗലികാവകാശമായ വാദപ്രതിവാദസ്വാതന്ത്ര്യത്തെത്തന്നെ തടസ്സപ്പെടുത്തുകയും ചെയ്തത് വ്യസനകരമായിപ്പോയി. ദോശ ചുടുന്നതുപോലെ ബില്ലു പാസ്സാക്കുക സാദ്ധ്യമല്ല. തൊഴിലാളികളുടെയും സാധുക്കളുടെയും താൽപര്യങ്ങളും കർഷകരുടെ താൽപര്യങ്ങളും സംരക്ഷിക്കുന്നതിനു വേണ്ടി അടിയന്തിരമായി കൊണ്ടുവന്നിട്ടുള്ള ഈ ബില്ലിനെപ്പറ്റി, വേണ്ടപോലെ പഠിച്ച്, അവയ്ക്കനുകൂലമായ വിധത്തിൽ നിയമനിർമ്മാണം നടത്തണമെന്നുള്ള ആഗ്രഹം ഞങ്ങൾക്കും ഉണ്ട്. ഇവരെപ്പറ്റി കൂടുതൽ താൽപര്യം ഉള്ളവരാണ് ഞങ്ങൾ. യാതൊരു വിധത്തിലുള്ള സ്ഥാപിത താൽപര്യങ്ങളും ഇല്ലാത്തവരാണു ഈ ഭാഗത്തിരിക്കുന്നവർ. എന്നാൽ തൊഴിലാളികളെപ്പറ്റിയോ, കർഷകരെപ്പറ്റിയോ കൂടുതൽ പുരോഗമനപരമായ കാര്യങ്ങൾ നിർവഹിക്കുവാൻ കൂടുതൽ ആകാംക്ഷയുള്ളത് ഈ ഭാഗത്തിരിക്കുന്നവരെക്കാൾ ഗവണ്മെന്റ് ഭാഗത്തിരിക്കുന്നവർക്കുണ്ടെന്ന് നടിച്ചുകൊണ്ട് ഈ ഭാഗത്തിരിക്കുന്നവരുടെ സഞ്ചിക്കുള്ളിൽ പൂച്ചയുണ്ടെന്നും, അതുകൊണ്ടാണ് ബില്ല് സെലക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന് വാദിക്കുന്നത് എന്ന് സ്ഥാപിച്ചുകൊണ്ടും അങ്ങേ ഭാഗത്തിരിക്കുന്നവർ സംസാരിക്കുകയുണ്ടായി. ഇവിടെ കൊണ്ടുവരുന്ന ഇത്തരം ബില്ലുകളെപ്പറ്റി അഭിപ്രായം പറയുവാനുള്ള അവകാശം പോലും തരാതെ, അതിനുപോലും ഞങ്ങൾ സമ്മതിക്കുകയില്ലെന്നുള്ള ധാർഷ്ട്യത്തോടുകൂടി ജനാധിപത്യപരമായി ഞങ്ങൾക്കുള്ള എല്ലാ അവകാശങ്ങളേയും അവർ നിഷേധിക്കുകയാണ് ചെയ്യുന്നത്. അതിനാൽ ഈ ബില്ലിന്റെ യാതൊരു വിധമായ നടപടികളിലും പങ്കെടുക്കുവാൻ മുസ്ലീംലീഗു പാർട്ടി ഉദ്ദേശിക്കുന്നില്ല.

അതിനുശേഷം പ്രതിപക്ഷ നിലപാടിൽ വ്യസനം രേഖപ്പെടുത്തിക്കൊണ്ട് സംസാരിച്ച അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി സി. അച്യുതമേനോൻ, തങ്ങൾ ഏകാധിപത്യ പ്രവണതയോടുകൂടി ഈ നാട്ടിലെ ബഹുഭൂരിപക്ഷം കൃഷിക്കാരേയും സാധാരണക്കാരേയും ബാധിക്കുന്ന ഒരു നിയമം ആലോചന കൂടാതെ പാസ്സാക്കിയെടുക്കാൻ വിചാരിച്ചതല്ല എന്നും സെലക്ട് കമ്മിറ്റിക്ക് ഈ ബിൽ സമർപ്പിക്കുകയും, സെലക്ട് കമ്മിറ്റിയുടെ അവഗാഢമായ പര്യാലോചനയ്ക്കുശേഷം ഇത് ആലോചനയ്ക്കെടുത്തു പാസ്സാക്കുകയും വേണം എന്നുള്ള അഭിപ്രായമാണ് തങ്ങൾക്കും ഉണ്ടായിരുന്നതെന്നു പറയുകയുണ്ടായി. അതിന് പ്രതിപക്ഷത്തുള്ള മെമ്പറന്മാർ അവർ അവകാശപ്പെടുന്ന സഹകരണം നൽകാൻ തയ്യാറായിരുന്നു എങ്കിൽ ഈ നിയമം തീർച്ചയായും ഇതിനുമുമ്പുതന്നെ വേണ്ടിടത്തോളം സമയം എടുത്തുകൊണ്ടു പാസ്സാക്കുവാൻ അവസരം ലഭിക്കുമായിരുന്നു എന്നും, അവർ ഉണ്ടെന്നു ഭാവിക്കുകയും പുറത്തു പ്രകടിപ്പിക്കുകയും ചെയ്യുന്ന ആ സഹകരണ മനോഭാവം വേണ്ടുവോളം പ്രദർശിപ്പിക്കാതിരുന്നത് എന്തുകൊണ്ടാണെന്ന് മനസ്സിലാകുന്നില്ല എന്നും ആകെക്കൂടിയുള്ള അവരുടെ ഈ നടപടി സഹകരണമുണ്ടെന്നു പുറത്തു പറഞ്ഞതിന് നേരെ വിപരീതമായ ഒരു നില അവർ സ്വീകരിച്ചതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നത് എന്നും ചർച്ചയുടെ ഭാഗമായി അറിയിച്ചു. തുടർന്ന്, ഭൂനയത്തെ സംബന്ധിച്ചുള്ള സമഗ്രമായ ഒരു നിയമനിർമ്മാണം ചെയ്യുന്ന അവസരത്തിലായിരുന്നു, ഈ അഭിപ്രായഗതി പ്രകടിപ്പിച്ചിരുന്നതെങ്കിൽ, അതു ഞങ്ങൾക്കും മനസ്സിലാക്കാൻ കഴിയുമായിരുന്നു എന്നും ഒരു ദിവസംകൊണ്ട് ഒരു ഭൂനിയമം ഉണ്ടാക്കാൻ കഴിയുകയില്ല എന്നും അതിനു ഏതാനും മാസങ്ങൾ തന്നെ വേണ്ടിവരുമെന്നും അദ്ദേഹം പറഞ്ഞു. പക്ഷെ, സമഗ്രമായി ഭൂനയ പ്രശ്നം കൈകാര്യം ചെയ്യുന്നതിനുവേണ്ടി ആവശ്യമായ നിയമ നിർമ്മാണങ്ങൾ നടത്തുവാൻ ഉദ്ദേശിക്കുന്ന അവസരത്തിൽ, അതുകൊണ്ടുള്ള പ്രയോജനത്തിന്റെ തൊണ്ണൂറു ശതമാനവും ഇല്ലാതാക്കിത്തീർക്കുന്ന പരിതസ്ഥിതികൾ നിമിഷംപ്രതി വന്നുകൊണ്ടിരിക്കുന്നതു കണ്ടുകൊണ്ട് അതു തടയാൻ പെട്ടെന്നുള്ള നടപടികൾ സ്വീകരിക്കാതിരിക്കാൻ യാതൊരു ഗവണ്മെന്റിനും സാധ്യമല്ലെന്നും അതുകൊണ്ടാണു ഈ നിയമ നിർമ്മാണത്തിനുവേണ്ടി അടിയന്തിര നടപടികൾ എടുത്തത് എന്നും ഇത്തരം അടിയന്തിര നടപടികൾ എടുക്കുകയെന്നുള്ളത് പുത്തരിയൊന്നുമല്ല, കുടിയൊഴിപ്പിക്കലിനെ സംബന്ധിച്ചും കടനിവാരണത്തെ സംബന്ധിച്ചുമുള്ള നിയമനിർമ്മാണങ്ങൾക്ക് ഇത്തരം സത്വര നടപടികൾ നടത്തിയിട്ടുണ്ട് എന്നും അദ്ദേഹം അറിയിച്ചു. മദ്രാസിലും അതുപോലെയുള്ള മറ്റു സ്റ്റേറ്റുകളിലും ഇങ്ങനെയുള്ള നടപടികൾ ഉണ്ടായിട്ടുണ്ട്. അതിനാൽ കൃഷിക്കാരുടേയും സാധാരണക്കാരുടേയും രക്ഷയ്ക്കുവേണ്ടി നിലകൊള്ളുന്നു എന്നവകാശപ്പെടുന്നവരും അവരുടെ അവകാശങ്ങൾ സംരക്ഷിക്കപ്പെടുന്നതിന് ആവശ്യമായ നിയമ നിർമ്മാണങ്ങൾ നടത്തുന്നതിൽ, കഴിവുള്ളത്ര സഹകരണം നൽകാൻ തയ്യാറാണെന്ന് അവകാശപ്പെടുന്നവരുമായ പ്രതിപക്ഷത്തുള്ള ബഹുമാനപ്പെട്ട മെമ്പറന്മാർ, വാസ്തവത്തിൽ അവരുടെ ഈ നടപടികൾ കൊണ്ട് പ്രകടമാക്കുന്നത്, അവർ പറയുന്ന ആ സഹകരണത്തിന്റെ നിഷേധം മാത്രമാണെന്ന് വ്യക്തമാക്കുവാൻ ആഗ്രഹിക്കുന്നതായി അദ്ദേഹം പ്രസ്താവിച്ചു. സ്വേച്ഛാധിപത്യപരമായ യാതൊരു നടപടിക്രമവും സ്വീകരിക്കുവാൻ ആഗ്രഹിക്കുന്നില്ലെന്നും പെട്ടെന്ന് ചെയ്യേണ്ടതായ ഒരു കാര്യം എന്ന നിലയിൽ ജനങ്ങൾക്ക് പ്രയോജനകരമായിത്തീരുന്ന ഒരു നിയമനിർമ്മാണം നടത്തുവാൻ പ്രതിപക്ഷത്തിരിക്കുന്നവർക്ക് നല്ല സമ്മതമുണ്ടായില്ല എന്നാണു ഈ നടപടി കാണിക്കുന്നത് എന്നും അതിനോടു യോജിക്കുവാൻ നിവൃത്തിയില്ല എന്നും അദ്ദേഹം സൂചിപ്പിച്ചു. ഗവണ്മെന്റ് പക്ഷത്തിരിക്കുന്നവർക്ക് കൂടുതൽ സ്വീകാര്യമായ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും നൽകുവാൻ പ്രതിപക്ഷത്തിരിക്കുന്നവർക്ക് കഴിയുമായിരുന്നു എന്ന മി. മുഹമ്മദ് കോയയുടെ അഭിപ്രായത്തോട് താൻ പരിപൂർണ്ണമായി യോജിക്കുന്നതായും ആ അഭിപ്രായങ്ങളേയും നിർദ്ദേശങ്ങളേയും സ്വാഗതം ചെയ്യുമായിരുന്നു എന്നും എന്നാൽ അവർ ഇറങ്ങിപ്പോയതുകൊണ്ട് അതു സാധിക്കാതെ പോയല്ലോ എന്നുള്ള വ്യസനമാണ് ഇപ്പോൾ തനിക്കുള്ളതെന്നും ഈ സഭയ്ക്കു മാത്രമല്ല, ഈ രാജ്യത്തു ഒട്ടാകെയുള്ള എല്ലാ ജനങ്ങൾക്കും ഏറ്റവും പ്രയോജനകരമായ ഒരു നിയമ നിർമ്മാണമാണ് നടത്തുന്നതെന്നുള്ള പരിപൂർണ്ണ ബോധ്യത്തോടുകൂടിയാണ് ഈ ബിൽ ഇവിടെ കൊണ്ടുവന്നിട്ടുള്ളത് എന്നും ഇതു പാസ്സാക്കണമെന്ന് അപേക്ഷിക്കുന്നതായും പറഞ്ഞുകൊണ്ട് അച്യുതമേനോൻ ബില്ലിന്മേലുള്ള ചർച്ച പൂർത്തീകരിച്ചു.

ഏറ്റവും ഒടുവിൽ പ്രതിപക്ഷത്തിന്റെ അഭാവത്തിൽ വകുപ്പുതിരിച്ചുള്ള പരിഗണന പൂർത്തിയാക്കി ബിൽ പാസ്സാക്കുകയായിരുന്നു. അങ്ങനെ കേരള നിയമസഭയുടെ നിയമ നിർമ്മാണ ചരിത്രത്തിന് തുടക്കം കുറിച്ച ഈ ബില്ലിന്റെ അന്തിമ പരിഗണന പ്രതിപക്ഷത്തിന്റെ അഭാവം കൊണ്ടും ചരിത്രത്തിൽ ഇടംനേടി.

(തുടരും...)

നിയമനിർമ്മാണം സാമൂഹിക പരിവർത്തനത്തിന് ഉപോദ്ബലകമാകുമ്പോൾ

കാലവും ചരിത്രവും സാക്ഷിനിൽക്കെ 1957 ഏപ്രിൽ 5 ന് ഇ.എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിൽ ഐക്യകേരളത്തിന്റെ ഭരണസാരഥ്യം ഏറ്റെടുത്ത പ്രഥമ സർക്കാർ സംസ്ഥാനത്ത് സമത്വാധിഷ്ഠിത സമൂഹം സാധ്യമാക്കുന്നതിനുള്ള സന്ധിയില്ലാ സമരത്തിന് സമാരംഭം കുറിച്ചത് അധികാരത്തിലേറി ആറാം നാൾ പുറപ്പെടുവിച്ച കുടിയൊഴിപ്പിക്കൽ നിരോധന ഓർഡിനൻസിലൂടെയായിരുന്നു. ഒന്നാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിൽ തന്നെ റവന്യൂ വകുപ്പ് മന്ത്രി കെ.ആർ. ഗൗരി പ്രസ്തുത ഓർഡിനൻസിനുപകരമായി ഒരു ബിൽ അവതരിപ്പിക്കുകയും 1957 മേയ് 8 ന് നിയമസഭ അത് പാസാക്കുകയും ചെയ്തു. '1957-ലെ കേരള സ്റ്റേ ഓഫ് എവിക്ഷൻ പ്രൊസീഡിംഗ്സ് ആക്ട്' എന്ന പേരിൽ 1957 മേയ് 25 ന് നിലവിൽ വന്ന ഈ നിയമം കേരള നിയമസഭയുടെ പ്രഥമ നിയമമായാണ് വിശേഷിപ്പിക്കപ്പെടുന്നത്. നവോത്ഥാന നായകരാലും സാമൂഹിക പരിഷ്കർത്താക്കളാലും കേരളത്തിൽ തുടക്കം കുറിക്കപ്പെട്ട സാമൂഹിക പരിവർത്തന പ്രക്രിയയ്ക്ക് പുതിയ വിതാനങ്ങൾ സൃഷ്ടിക്കാൻ ഈ നിയമനിർമ്മാണത്തിലൂടെ ഇ.എം.എസ്. സർക്കാരിനു സാധിച്ചു എന്നതാണ് ഇതിന്റെ പ്രധാന നേട്ടം. അതുവരെ കേരള സമൂഹത്തിൽ കുടികിടപ്പ് എന്നത് അടിമത്വത്തിന്റെ പ്രതീകമായിരുന്നു. പണിയെടുത്തു ജീവിക്കുന്ന മണ്ണിൽ നിന്ന്, അന്തിയുറങ്ങുന്ന കൂരയിൽ നിന്ന് ഇറക്കിവിടുമെന്ന ഭയത്താൽ ഭൂഉടമകൾക്ക് കീഴ്പ്പെട്ട് അടിമകളെപ്പോലെ ജീവിക്കേണ്ടിവന്ന ഭൂരഹിതരായ ഒരു വിഭാഗം ജനതയ്ക്ക് സ്വാതന്ത്ര്യത്തിന്റെ മാധുര്യം നുകരാൻ ഈ നിയമം വഴിയൊരുക്കി. തങ്ങൾ താമസിക്കുന്ന സ്ഥലത്തുനിന്നും ഇറക്കിവിടില്ലെന്നുവന്നതോടെ കർഷകതൊഴിലാളികളായ അവർ സ്വതന്ത്രരായി ചിന്തിക്കാനും ജീവിക്കാനും തുടങ്ങി. ഭൂമിയിൽ കൃഷി ചെയ്തുവന്ന വരാംദാർമാർക്ക് തുടർന്നും കൃഷി ചെയ്യുന്നതിനുള്ള അവകാശം ലഭിച്ചതും പാട്ടക്കാർക്കും ശമ്പള പാട്ടക്കാർക്കും പാട്ടം വ്യവസ്ഥകൾ തുടരുന്നതിനുള്ള അവകാശം ലഭിച്ചതും കേരളത്തിന്റെ കാർഷിക മേഖലയിൽ മാറ്റത്തിന്റെ വിത്തുപാകി. കൃഷി ഉപജീവനമാർഗ്ഗമാക്കിയിരുന്ന ലക്ഷോപലക്ഷം ജനങ്ങളുടെ തൊഴിലിന് ഒരു പരിധിവരെയെങ്കിലും സംരക്ഷണം നൽകാൻ ഇത് മൂലം സാധിച്ചു. '1957--ലെ കേരള സ്റ്റേ ഓഫ് എവിക്ഷൻ പ്രൊസീഡിംഗ്സ് ആക്ട്' കാലാനുസൃതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നാളിതുവരെ പതിമൂന്നു ഭേദഗതികൾക്ക് വിധേയമായിട്ടുണ്ട്.

സഭാ നായകരുടെ ജീവിത രേഖയിലൂടെ........

പി.ടി. ചാക്കോ

ജനഹിതം മുൻനിർത്തി പോരാടിയ ആദ്യ പ്രതിപക്ഷ നേതാവ്

കേരള നിയമസഭയിലെ ശക്തനായ പ്രതിപക്ഷ നേതാവ്, മികച്ച പാർലമെന്റേറിയൻ, കഴിവുറ്റ ഭരണാധികാരി, ഭരണഘടനാ നിർമ്മാണ സമിതി അംഗം എന്നീ നിലകളിൽ ശോഭിച്ച വ്യക്തിത്വമായിരുന്നു പി.ടി.ചാക്കോ. 1915 ഏപ്രിൽ 9 ന് കോട്ടയം ജില്ലയിലെ ചിറക്കടവിൽ തോമസിന്റെയും അന്നമ്മയുടെയും മകനായി അദ്ദേഹം ജനിച്ചു. ഡോക്ടറാകാൻ മോഹിച്ചയാൾ അഭിഭാഷകനും മുഴുവൻ സമയ രാഷ്ട്രീയ പ്രവർത്തകനുമായതായിരുന്നു പി.ടി.ചാക്കോയുടെ ജീവിതം. നിസ്വാർത്ഥത കൊണ്ടും നിഷ്കളങ്ക പ്രവർത്തനം കൊണ്ടും സമുന്നത പദവികളിലേക്ക് അദ്ദേഹം അവരോധിക്കപ്പെട്ടു. പൊൻകുന്നം, പാലാ, ചങ്ങനാശ്ശേരി എന്നിവിടങ്ങളിൽ നിന്ന് പ്രാഥമിക വിദ്യാഭ്യാസവും തിരുവനന്തപുരം ലോ കോളേജിൽ നിന്ന് ബി.എൽ. ബിരുദവും കരസ്ഥമാക്കിയ പി.ടി.ചാക്കോ ലോ കോളേജ് വിദ്യാർത്ഥിയായിരിക്കെ കോളേജ് യൂണിയൻ സെക്രട്ടറിയായിരുന്നു.

1938ൽ23ാംവയസ്സിൽപി.ടി.ചാക്കോയെ ആനിമസ്ക്രീനാണ് കോൺഗ്രസ്സിലേക്ക് കൊണ്ടുവന്നത്. ഒരു കോൺഗ്രസ്സുകാരൻ ദേശീയ വിമോചിതനാവുകയും ജനസേവനത്തിനു വേണ്ടി സ്വയം അർപ്പിക്കുകയും ചെയ്യണമെന്നുള്ള ഗാന്ധിജിയുടെ വാക്കുകൾ അദ്ദേഹത്തിന് പ്രചോദനം നൽകി. സ്വാതന്ത്ര്യസമരവുമായി ബന്ധപ്പെട്ട് പല പ്രാവശ്യം ജയിൽ ശിക്ഷ അനുഭവിച്ച പി.ടി.ചാക്കോ തന്റെ വാദങ്ങൾക്ക് യുക്തിയും വാക്ശരങ്ങൾക്ക് മൂർച്ചയും കൂട്ടുന്നതിൽ പ്രത്യേക വൈദഗ്ധ്യമുള്ളയാളായിരുന്നു. ചരിത്രപ്രസിദ്ധമായ കാഞ്ഞിരപ്പള്ളി പ്രസംഗത്തിന്റെ പേരിൽ അറസ്റ്റ് വരിച്ച് അദ്ദേഹം ജയിൽവാസം അനുഭവിച്ചിട്ടുണ്ട്.

അഭിഭാഷകനായി ജോലിയിൽ പ്രവേശിച്ച പി.ടി.ചാക്കോ 1948-49 കാലഘട്ടത്തിൽ തിരുവിതാംകൂർ ലെജിസ്ലേറ്റീവ് അസംബ്ലിയിലും 1949 മുതൽ 1952 വരെ തിരു-കൊച്ചി നിയമനിർമ്മാണസഭയിലും അംഗമായിരുന്നു. 1949 ൽ ഭരണഘടനാ നിർമ്മാണ സഭയിൽ അംഗമായും പ്രവർത്തിച്ചിട്ടുണ്ട്.1952 ൽ ലോക്സഭയിലേക്കും 1957 ലും 1960 ലും കേരള നിയമസഭയിലേക്കും തെരഞ്ഞെടുക്കപ്പെട്ട അദ്ദേഹം പ്രഥമ നിയമസഭയിൽ പ്രതിപക്ഷ നേതാവും 1960 ലെ പട്ടം താണുപിള്ളയുടെ നേതൃത്വത്തിലുള്ള മന്ത്രിസഭയിൽ ആഭ്യന്തര വകുപ്പ് മന്ത്രിയുമായിരുന്നു.

ജനപ്രതിനിധി എന്ന നിലയിലുള്ള പി.ടി. ചാക്കോയുടെ രാഷ്ട്രീയ ജീവിതം സംഭവബഹുലമായിരുന്നു. 1957 ൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിൽ വന്നപ്പോൾ വാഴൂർ നിയോജകമണ്ഡലത്തിൽ നിന്ന് വിജയിയായത് പി.ടി. ചാക്കോ ആയിരുന്നു. അന്ന് 45 അംഗങ്ങളുണ്ടായിരുന്ന കോൺഗ്രസ്സായിരുന്നു പ്രധാന പ്രതിപക്ഷം. ആദ്യത്തെ കേരള നിയമസഭയിൽ കോൺഗ്രസ്സ് നിയമസഭാ കക്ഷി നേതാവായി തെരഞ്ഞടുക്കപ്പെട്ട പി.ടി.ചാക്കോ നിയമ പാണ്ഡിത്യം കൊണ്ടും വാഗ്മിത്വം, സഭാ നടപടികളിലുള്ള അവഗാഹം എന്നീ ഗുണങ്ങളാലും ആദ്യ നിയമസഭയിലെ പ്രതിപക്ഷ നേതാവായി തെരഞ്ഞെടുക്കപ്പെട്ടു. കേരള സംസ്ഥാനം രൂപം കൊണ്ട ശേഷം ആദ്യമായി അധികാരത്തിലെത്തിയ കമ്മ്യൂണിസ്റ്റ് മന്ത്രിസഭയുടെ പ്രവർത്തനങ്ങളെ ലോകരാഷ്ട്രങ്ങൾ ഉറ്റുനോക്കുമ്പോൾ ഒരു ഭരണകൂടത്തിന്റെ ജയപരാജയങ്ങൾ സ്ഥിതി ചെയ്യുന്നത് കഴിവുറ്റ പ്രതിപക്ഷത്തിന്റെ ഉത്തരവാദപൂർണ്ണമായ പ്രവർത്തനം കൊണ്ടാണെന്നും സത്യസന്ധമായ നടപടികളിലൂടെ സംശുദ്ധമായി ഭരണകൂടത്തെ നയിക്കേണ്ട കടമയാണ് പ്രതിപക്ഷ നേതാവിന്റേതെന്നും അദ്ദേഹം വിശ്വസിച്ചു. ബാലറ്റ് മുഖേന ലോകത്ത് ആദ്യമായി അധികാരത്തിലേറിയ കമ്മ്യൂണിസ്റ്റ് സർക്കാർ എന്ന നിലയിൽ വിശ്വപ്രശസ്തിയാർജ്ജിച്ച ഭരണപക്ഷത്തിന് പ്രതിപക്ഷ ബഞ്ചിൽ പി.ടി.ചാക്കോയുടെ സാന്നിധ്യം അന്നൊരു പേടിസ്വപ്നം തന്നെയായിരുന്നു. തന്റെ കർത്തവ്യ നിർവ്വഹണത്തിൽ അചഞ്ചലനായി നിന്നുകൊണ്ട് ജനങ്ങളുടെ ഇംഗിതമെന്താണെന്ന് മനസിലാക്കി നിശിതവും സൃഷ്ടിപരവുമായ വിമർശനങ്ങളിലൂടെ സ്വന്തം ചുമതല നിർവ്വഹിച്ച പ്രതിപക്ഷ നേതാവായിരുന്നു പി.ടി.ചാക്കോ. അതുകൊണ്ടുതന്നെയാണ് സഭാ നടപടികളിൽ തന്റേതായ വ്യക്തിമുദ്ര പതിപ്പിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞതും.

വിമോചന സമരത്തെത്തുടർന്ന് ആദ്യ കേരള നിയമസഭ 1959 ൽ പിരിച്ചു വിടുകയും 1960 ൽ രണ്ടാം കേരള നിയമസഭയിലേക്ക് നടന്ന പൊതു തെരഞ്ഞെടുപ്പിൽ കോൺഗ്രസ്സ് പി.എസ്.പി. മുന്നണി അധികാരത്തിലെത്തുകയും ചെയ്തപ്പോൾ പി.ടി.ചാക്കോയെന്ന സമുന്നത നേതാവിന് ആഭ്യന്തര വകുപ്പിന്റെ ചുമതലയാണ് ലഭിച്ചത്. ആഭ്യന്തര മന്ത്രിയെന്ന നിലയിൽ മികച്ച പ്രകടനമായിരുന്നു പി.ടി.ചാക്കോയുടേത്. ഭരണസാരഥ്യത്തിൽ പ്രായോഗിക പരിജ്ഞാനവും കെട്ടുറപ്പോടെയുള്ള പ്രവർത്തന രീതികളും തമ്മിലുള്ള സമവാക്യത്തിലൂടെ എതിരാളികളെ പോലും നിശബ്ദനാക്കി അദ്ദേഹം ഭരണയന്ത്രത്തെ മുന്നോട്ട് നയിച്ചു. എന്നാൽ പിന്നീട് മുന്നണിയിലുണ്ടായ അസ്വാരസ്യങ്ങൾ മൂലം മന്ത്രിസഭയിൽ നിന്ന് പി.ടി.ചാക്കോ രാജിവക്കുന്നതിന് കേരള രാഷ്ട്രീയം സാക്ഷ്യം വഹിച്ചു. സ്ഥാനമാനങ്ങളേക്കാൾ അത് ഉപയോഗിച്ച് നാടിന്റെയും ജനങ്ങളുടെയും പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനാണ് അദ്ദേഹം പ്രാധാന്യം നൽകിയത്.

പ്രതിപക്ഷ നേതാവ് എന്ന നിലയിൽ ഭരണപക്ഷത്തിന്റെ ജനവിരുദ്ധ നിലപാടുകൾക്കെതിരെ നിയമസഭയിലെ മറ്റ് പ്രതിപക്ഷ അംഗങ്ങളെയും നിയമസഭയ്ക്ക് പുറത്ത് പൊതുജനങ്ങളെയും ഏകോപിപ്പിക്കാൻ ചുരുങ്ങിയ നാളുകൾ കൊണ്ട് പി.ടി.ചാക്കോയ്ക്ക് സാധിച്ചു. തന്റെ വ്യക്തിത്വത്തിലൂടെ പാർട്ടിയുടെ അച്ചടക്കം പാലിച്ചുകൊണ്ട് ഇന്ത്യയിലെ തന്നെ മികച്ച പ്രതിപക്ഷ നേതാവായി അദ്ദേഹം മാറി. ഭരണകക്ഷിയേയും വകുപ്പ് മന്ത്രിമാരെയും പ്രശ്നങ്ങളുടെ പേരിൽ മുൾമുനയിൽ നിർത്തുന്നതിലും നിയമത്തിന്റെ ചട്ടക്കൂടിൽ നിന്നു കൊണ്ട് ഭരണപക്ഷത്തെ പ്രവൃത്തികൾ അന്വേഷണ വിധേയമാക്കുന്നതിലും സമർത്ഥനായിരുന്നു അദ്ദേഹം. 1957 ൽ സംസ്ഥാനം നേരിട്ട ഗുരുതരമായ ഭക്ഷ്യക്ഷാമവും അരിവിലയുടെ കുതിച്ചു കയറ്റവും തുടങ്ങിയ ജനകീയ വിഷയങ്ങൾ നിയമസഭയിൽ അവതരിപ്പിച്ച് സർക്കാരിനെ കൊണ്ട് പരിഹാര നടപടികൾ സ്വീകരിക്കാൻ നടത്തിയ ഇടപെടലുകൾ അദ്ദേഹത്തിന്റെ രാഷ്ട്രീയ പ്രശസ്തിയുടെ ഗ്രാഫ് ഉയരുന്നതിന് കാരണമായി.

ആദ്യ കമ്മ്യൂണിസ്റ്റ് സർക്കാരിന് നിർലോഭമായ പിന്തുണയും പി.റ്റി.ചാക്കോയുടെ നേതൃത്വത്തിലുള്ള പ്രതിപക്ഷം നൽകിയിട്ടുണ്ട്. ആദ്യ കേരള നിയമസഭ പാസ്സാക്കിയ ചരിത്രത്തിൽ ഇടം നേടിയ ബില്ലുകളുടെ അവതരണവേളയിൽ പി.ടി.ചാക്കോ ഉൾപ്പെടുന്ന പ്രതിപക്ഷം നിർലോഭമായ പിന്തുണയാണ് നൽകിയത്. മുന്നണിയിലെ പിണക്കങ്ങൾ 1964 ഫെബ്രുവരി 14 ന് പി.ടി.ചാക്കോ മന്ത്രി സ്ഥാനം രാജി വയ്ക്കുന്നതിലേക്ക് നയിച്ചു. 1964 ലെ കെ.പി.സി.സി. പ്രസിഡന്റ് തെരഞ്ഞെടുപ്പിൽ അദ്ദേഹം പരാജയപ്പെടുകയും അദ്ദേഹത്തിന്റെ തോൽവി പാർട്ടിയെ പിളർപ്പിലേക്ക് നയിക്കുകയും ചെയ്തു. അദ്ദേഹമാകട്ടെ പിളർപ്പിൽ നിന്ന് പാർട്ടിയെ രക്ഷിക്കാൻ രാഷ്ട്രീയം തന്നെ ഉപേക്ഷിക്കുകയാണുണ്ടായത്. അതിന് ശേഷം രാഷ്ട്രീയത്തിൽ നിന്ന് പിൻവാങ്ങി മുഴുവൻ സമയവും അഭിഭാഷകവൃത്തിക്കായി അദ്ദേഹം മാറ്റി വയ്ക്കുകയായിരുന്നു. 1964 ആഗസ്റ്റ് 1 ന് ഐക്യ കേരളത്തിന്റെ ആദ്യ പ്രതിപക്ഷ നേതാവ് വിടവാങ്ങി. പി.ടി.ചാക്കോയുടെ മരണത്തോടെ അദ്ദേഹത്തെ അനുകൂലിച്ചിരുന്ന എം.എൽ.എമാരിൽ 15 പേർ കെ.എം. ജോർജിന്റെ നേതൃത്വത്തിൽ നിയമസഭയിൽ പ്രത്യേക ബ്ലോക്കായി ഇരിക്കാൻ തീരുമാനിക്കുകയായിരുന്നു. ആർ. ബാലകൃഷ്ണപിള്ളയായിരുന്നു അതിന്റെ ഉപനേതാവ്. ഇതാണ് പിന്നീട് കേരള കോൺഗ്രസിന്റെ പിറവിയിലേക്ക് നയിച്ചത്.

'കമ്മ്യൂണിസം', 'സർ സി.പി.ക്ക് ഒരു തുറന്ന കത്ത്' എന്നീ ഗ്രന്ഥങ്ങൾ രചിച്ചിട്ടുള്ള പി.ടി. ചാക്കോ മലയാള നാടകവേദിയിലും മികവ് തെളിയിച്ചിട്ടുണ്ട്. വാദമുഖങ്ങൾക്ക് യുക്തിയും വാക്ശരങ്ങൾക്ക് മൂർച്ചയും നൽകാൻ കഴിവുണ്ടായിരുന്ന പി.ടി.ചാക്കോ നിയമസഭയിലെ ചട്ടങ്ങളും കീഴ്വഴക്കങ്ങളുമെല്ലാം ഹൃദിസ്ഥമാക്കി ക്രമപ്രശ്നങ്ങൾ ഉന്നയിക്കുന്നതിലും പ്രതിപക്ഷത്തിനായി തന്ത്രങ്ങൾ ആവിഷ്കരിക്കുന്നതിലും അദ്വിതീയനായിരുന്നു. നിയമപാണ്ഡിത്യവും സഭാനടപടികളിലെ അവഗാഹവും വാഗ്മിത്വവും അദ്ദേഹത്തെ കരുത്തുറ്റ പ്രതിപക്ഷ നേതാവ് മികവുറ്റ പാർലമെന്റേറിയൻ എന്നീ പ്രശംസകൾക്ക് പാത്രമാക്കി. അതുകൊണ്ടുതന്നെയാവാം കേരളം കണ്ടതിൽ വച്ചേറ്റവും പ്രഗത്ഭനായ പ്രതിപക്ഷ നേതാവ് പി.ടി. ചാക്കോയാണെന്ന് സി. അച്യുതമേനോൻ ഒരിക്കൽ അഭിപ്രായപ്പെട്ടതും.

രാജ്യസഭയിൽ കേരളത്തിൽ നിന്ന് പുതുമുഖങ്ങൾ

കേരളത്തിൽ നിന്നുള്ള രാജ്യസഭാംഗങ്ങളായിരുന്ന എ.കെ.ആന്റണി, എം.വി.ശ്രേയാംസ്കുമാർ, സോമപ്രസാദ് കെ. എന്നിവരുടെ ഔദ്യോഗിക കാലാവധി 2022 ഏപ്രിൽ 2 ന് അവസാനിച്ചതിനെത്തുടർന്നുണ്ടായ ഒഴിവിലേക്ക് ജെബി മേത്തർ ഹിഷാം (കോൺഗ്രസ്), എ.എ.റഹിം (സി.പി.എം.), പി.സന്തോഷ് കുമാർ (സി.പി.ഐ.) എന്നിവരെ തെരഞ്ഞെടുത്തു. തെരഞ്ഞെടുക്കപ്പെട്ടവർക്ക് പുറമേ കെ.പത്മരാജൻ കൂടി നാമനിർദ്ദേശ പത്രിക സമർപ്പിച്ചിരുന്നെങ്കിലും തെരഞ്ഞെടുക്കപ്പെട്ട 10 നിയമസഭാംഗങ്ങൾ പിന്തുണക്കണമെന്ന വ്യവസ്ഥ പാലിക്കാത്തതിനാൽ അദ്ദേഹത്തിന്റെ നാമനിർദ്ദേശപത്രിക നിരസിക്കപ്പെട്ടു.

ജെബി മേത്തർ ഹിഷാം

എ.എ.റഹിം

പി.സന്തോഷ് കുമാർ

നിയമസഭാ പ്രസംഗത്തിലൂടെ........

വിദ്യാഭ്യാസ കാര്യങ്ങൾക്കായി പ്രത്യേക മന്ത്രിയെ ചുമതലപ്പെടുത്തണം

തിരുവിതാംകൂർ നിയമനിർമ്മാണ സഭയിൽ 1948 ആഗസ്റ്റ് 9 ന് നടന്ന ബജറ്റിന്മേലുള്ള പൊതുചർച്ചയിൽ പങ്കെടുത്ത് മന്നത്ത് പത്മനാഭൻ നടത്തിയ പ്രസംഗത്തിൽ നിന്ന്.

സർ, ഇത് ഒരു മാതൃകാപരമായ ബഡ്ജറ്റാണെന്ന് എനിക്കും അഭിപ്രായമില്ല. എന്നാൽ ദോഷൈക ദൃഷ്ടിയോടുകൂടി ഇതിൽ കാണുന്നതെല്ലാം സർവ്വ ന്യൂനതകളുടെയും സംപൂർണ്ണമാണെന്നു പറയുന്നതിനോടും ഞാൻ യോജിക്കുന്നില്ല. തെറ്റുകൾ മാത്രം ഭൂതക്കണ്ണാടിയിൽക്കൂടി നോക്കിക്കണ്ട് നിരൂപണം ചെയ്യുന്നവർ ഇന്നത്തെ പരിതഃസ്ഥിതികളെയും നമ്മുടെ കഴിവുകളെയും പറ്റി വേണ്ടവണ്ണം ആലോചിക്കുന്നുണ്ടോ എന്ന് സംശയമാണ്. ഈ ബഡ്ജറ്റ് സാധാരണനെയും, സാധുവിനെയും സ്പർശിക്കുന്നതല്ലാ എന്ന് ബഹുമാന്യൻമാരായ ചില മെമ്പർമാർ പ്രസ്താവിച്ചുകേട്ടു. ഈ ബഡ്ജറ്റ് സാധാരണനും, സാധുവിനും വേണ്ടിയുള്ളതല്ലെങ്കിൽ പിന്നെ ആരെയാണ് ഇതു ബന്ധിക്കുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. അസാധാരണനും അസാധുവിനും മാത്രമുള്ള ഒരു ഭാഗവും ഞാൻ ഈ ബഡ്ജറ്റിൽ കണ്ടില്ല. സഞ്ചാര സൗകര്യത്തിനുവേണ്ടി, തൽസംബന്ധമായ എല്ലാ കാര്യങ്ങൾക്കും വേണ്ടി പി.ഡബ്ല്യൂ.ഡി.ക്ക് ഒരു കോടി എൺപത്തൊൻപതു ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നല്ല വഴിയും പാലവും ഉണ്ടായാൽ അവയിൽക്കൂടി സാധാരണനും സാധുവിനും സുഖമായി, നല്ലവണ്ണം സഞ്ചരിക്കാമെന്നാണ് എന്റെ വിശ്വാസം. ഈ രാജ്യത്ത് ആയിരം പേർക്ക് ഒരു ധനവാനെങ്കിലും ഉണ്ടോ എന്നു സംശയമാണ്. ഒരു നല്ല റോഡുണ്ടായാൽ ഒരു ധനവാന്റെ കാർ ഒരു പ്രാവശ്യം ആ റോഡിൽ കൂടി പോകുന്നതിന് സൗകര്യപ്പെടുന്ന സമയംകൊണ്ട് ആയിരം സാധുക്കൾക്കും സാധാരണൻമാർക്കും അതേ റോഡിൽക്കൂടി സുഖമായി നടന്നുപോകാൻ സാധിക്കുന്നതാണ്. അതുപോലെതന്നെ രണ്ടുകോടി രൂപാ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുണ്ട്. ഈ ഇനത്തിലും കൂടുതൽ സൗകര്യമുണ്ടാകുന്നത് സാധുവിനും സാധാരണനുമാണ്. വൈദ്യസഹായത്തിനു വേണ്ടി നീക്കിവച്ചിട്ടുള്ള തുകയും കൂടുതൽ ഉപയോഗപ്പെടുന്നത് സാധാരണനും സാധുവിനും ആയിരിക്കുമെന്നു വിശ്വസിക്കാം. ഇതിനെല്ലാം പുറമേ ഗ്രാമോദ്ധാരണത്തിനായി ഒരു നല്ല സംഖ്യ നീക്കിവച്ചിരിക്കുന്നതായും കാണാം. സാധാരണനും സാധുവും ഗ്രാമത്തിൽ കാണുമെന്നുള്ളത് തീർച്ചയാണ്. അവരെ വർഗഭേദമില്ലാതെ സംഘടിപ്പിക്കുവാനും, സാമാന്യവിദ്യാഭ്യാസം ചെയ്യിക്കുവാനും സ്വയംഭരണം പരിശീലിപ്പിക്കുവാനും, തക്കവണ്ണമുള്ള ഗ്രാമീണസ്വരാജ്ജുകൾ ഉണ്ടാക്കണമെന്നുള്ള മഹാത്മജിയുടെ ആദർശം കഴിവുള്ളിടത്തോളം നടപ്പിലാക്കുവാൻ ആവശ്യമുള്ള പണം ഈ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ളതായി കാണാം. അതിന് ആവശ്യപ്പെട്ട നിയമം സൃഷ്ടിക്കുവാൻ പോകുന്നതായും നാം അറിയുന്നു. അതെല്ലാം നടത്തുന്നതിന് മന്ത്രിമാരിൽ, ഗാന്ധിയുടെ ശിഷ്യനായ ഒരു മന്ത്രിയെത്തന്നെ ചുമതലപ്പെടുത്തീട്ടുമുണ്ട്. ഇതെല്ലാം ഉൾപ്പെടെ പറഞ്ഞാൽ സാധാരണനും സാധുവിനും ഈ ബഡ്ജറ്റിൽ സ്ഥാനമില്ലെന്നു പറയുന്നതു ശരിയല്ലെന്നു കാണാൻ കഴിയും.

അതുകൊണ്ടു വിനാശകരമായ ഒരു നിരൂപണം ചെയ്യാതെ കോൺഗ്രസ്സ് ഗവൺമെന്റ് ഹാജരാക്കിയ ഈ ബഡ്ജറ്റിനെപ്പറ്റി ആ പാർട്ടിയിലുള്ളവർതന്നെ ആത്മഹത്യാപരമായി, ഇരിക്കുന്ന കമ്പിന്റെ ചുവടുമുറിക്കാൻ ശ്രമിക്കാതെ, നിരൂപണം ചെയ്യാൻ ശ്രദ്ധിക്കണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം.

സർ, ഈ ബഡ്ജറ്റിൽ ചില ന്യൂനതകൾ ഉണ്ടെന്നു ഞാനും സമ്മതിക്കുന്നു. എന്നാൽ ശത്രുക്കളെക്കാൾ സ്നേഹിതൻമാരുടെയും ബന്ധുക്കളുടെയും ഉപദ്രവങ്ങൾ കൊണ്ടു വിഷമിക്കുന്ന മന്ത്രിമാർ, രാജ്യഭരണകാര്യത്തിൽ അത്ര വളരെ പരിചയം സമ്പാദിച്ചിട്ടില്ലാത്ത നമ്മുടെ മന്ത്രിമാർ, ഈ ചെറിയ കാലഘട്ടത്തിനകത്ത് ഇത്രയും ഗുണപ്രദമായ ഒരു ബഡ്ജറ്റ് തയ്യാറാക്കിയതിൽ ഞാൻ സന്തോഷിക്കുകയും അവരെ അഭിനന്ദിക്കുകയും ചെയ്തുകൊള്ളുന്നു. ഈയവസരത്തിൽ രണ്ടുമൂന്നു നിർദ്ദേശങ്ങൾ ഈ അസംബ്ലിയുടെയും മന്ത്രിസഭയുടെയും ശ്രദ്ധയിൽപെടുത്തണമെന്നെ ഞാൻ ആഗ്രഹിക്കുന്നുള്ളൂ. ബഡ്ജറ്റിൽ ഏറ്റവും കൂടുതൽ സംഖ്യ കൊള്ളിച്ചിട്ടുള്ളത് വിദ്യാഭ്യാസത്തിനാണ്. ഏകദേശം രണ്ടുകോടി രൂപയോളം അതിലേയ്ക്ക് നീക്കിവച്ചിട്ടുണ്ട്. നമ്മുടെ രാജ്യത്തിന്റെ മുതലെടുപ്പിന്റെ ഏകദേശം നാലിലൊരു ഭാഗം ഈ സംഗതിക്കുവേണ്ടി മാറ്റിവച്ചിരിക്കുന്നു. ഈ ഒരൊറ്റ സംഗതിനോക്കിയാൽ നമ്മുടെ ബഡ്ജറ്റ് പുരോഗമനപരമായ ഒന്നാണെന്ന് ആരെയും ബോധ്യപ്പെടുത്താൻ സാധിക്കും. സാമാന്യ ജനങ്ങൾക്കെല്ലാം വേണ്ടവണ്ണം വിദ്യാഭ്യാസം സിദ്ധിക്കണമെന്നുള്ള കാര്യത്തിൽ ഈ ഗവൺമെന്റ് കൂടുതൽ ശ്രദ്ധിച്ചിട്ടുണ്ടെന്നുള്ള വസ്തുത ഇതുകൊണ്ടു മനസ്സിലാക്കാൻ കഴിയുന്നുണ്ട്. അങ്ങനെ ജനസാമാന്യത്തിന് ധാരാളമായി വിദ്യാഭ്യാസം ഉണ്ടാകുമ്പോൾ സാധുത്വവും സാധാരണത്വവും മാറുന്നതാണ്. തന്നിമിത്തം ഇതിനേക്കാൾ കൂടുതൽ നല്ലവരായ മെമ്പർമാരെ ഇവിടത്തേയ്ക്കു തെരഞ്ഞെടുത്തയയ്ക്കാനും കഴിയുന്നതാണ്. എന്നാൽ വിദ്യാഭ്യാസത്തിനായി നീക്കിവച്ചിട്ടുള്ള ഈ പണം വേണ്ടവണ്ണം വിനിയോഗിക്കുവാനും വിദ്യാഭ്യാസ പദ്ധതികളെ ശരിക്ക് നയിക്കുവാനും മന്ത്രിമാർ ശ്രദ്ധ പതിപ്പിക്കേണ്ടതത്യാവശ്യം. ഇന്നത്തെ വിദ്യാഭ്യാസം ആകെ അടിമുതൽ മുടിവരെ കുഴഞ്ഞുകിടക്കുന്നുവെന്ന് പറയാതെ നിവൃത്തിയില്ല. ഇപ്പോൾ പ്രാഥമികവിദ്യാഭ്യാസം നിർബന്ധിതമാക്കിയിട്ടുണ്ടെങ്കിലും ഒരു ദേശീയമായ അടിസ്ഥാനത്തിൽ ഏറ്റവും വ്യാപകമായ രീതിയിൽ തന്നെ ഇവിടെ വിദ്യാഭ്യാസം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ടെങ്കിലും, ആ ദേശീയമായ മനോഭാവത്തിനടിയിൽ, അതിന്റെ നടത്തിപ്പിന് പ്രതിബന്ധം ഉണ്ടാക്കത്തക്ക നിലയിൽ ചില ശിഥിലീകരണ സംപ്രദായങ്ങൾ ഒളിച്ചു കിടപ്പുണ്ടെന്നുള്ള വിവരം മറച്ചുവയ്ക്കുവാൻ സാദ്ധ്യമല്ല. അതുപോലെതന്നെ പഠിപ്പിക്കുന്ന കാര്യത്തിലും ഇപ്പോൾ ഒരു വിഷമം നേരിടുന്നുണ്ട്. ഇംഗ്ലീഷ് പള്ളിക്കൂടങ്ങളിൽ മലയാളത്തിൽ കൂടിവേണം വിഷയങ്ങൾ പഠിപ്പിക്കുവാനെന്ന് തീരുമാനിച്ചിട്ടുണ്ടെങ്കിലും, ഇപ്പോഴും അതു മലയാളത്തിലാണോ പഠിപ്പിക്കേണ്ടത് അതോ ഇംഗ്ലീഷിൽ തന്നെ വേണോ എന്ന കാര്യം വിവാദവിഷയമായിത്തന്നെ ശേഷിക്കുന്നു.

അടുത്തത് പ്രീ യൂണിവേഴ്സിറ്റി ക്ലാസിന്റെ കാര്യമാണ്. പ്രീ യൂണിവേഴ്സിറ്റി ക്ലാസ്-ഞാനും അത് ഇംഗ്ലീഷിൽ തന്നെ പറയുകയാണ്-വേണമെന്നു തീവ്രമായി വാദിക്കുന്നവർ ഒരു ഭാഗത്ത്, അതല്ല ഇന്റർമീഡിയറ്റും പഴഞ്ചൻ ബി.എ.യും തന്നെ വേണമെന്നു വാദിക്കുന്ന വാദങ്ങൾ മുറുകി നടത്തിക്കൊണ്ടുവരികയാണ്. ഇതിനെല്ലാം ശരിയായ പരിഹാരം ഉണ്ടാക്കുകയും ഏത് കോഴ്സാണ് വേണ്ടതെന്നു എത്രയും വേഗത്തിൽ തീരുമാനിക്കുകയും ചെയ്യേണ്ടത് അത്യാവശ്യമാകുന്നു. ഇങ്ങനെയുള്ള നിശ്ചിതമായ പദ്ധതികളൊന്നുമില്ലാതെ രണ്ടു കോടി രൂപാ നീക്കിവച്ചതുകൊണ്ടുമാത്രം കാര്യമൊന്നുമായില്ല.

മറ്റൊരുകാര്യം പുത്തനായി സ്കൂളുകൾ അനുവദിക്കുന്നതിനെ സംബന്ധിച്ചാണ്. ഇപ്പോൾ പഴയ വിദ്യാഭ്യാസ സമ്പ്രദായം മാറി പുതിയ വിദ്യാഭ്യാസ സമ്പ്രദായം തുടങ്ങിയിരിക്കുകയാണ്. മുൻപ് പ്രാഥമിക വിദ്യാലയങ്ങളിൽ പഠിച്ചതിനുശേഷം മലയാളം മിഡിൽ സ്കൂൾ, മലയാളം ഹൈസ്കൂൾ എന്നീ സ്കൂളുകളിലേക്കും ഇംഗ്ലീഷ് സ്കൂളുകളിലേക്കും പോയി തുടർന്ന് വിദ്യാഭ്യാസം ചെയ്യുകയായിരുന്നു പതിവ്. ഇപ്പോൾ ഉയർന്നതരം മലയാളം സ്കൂളുകൾ നിറുത്തി. പ്രാഥമികവിദ്യാലയങ്ങൾ കഴിഞ്ഞാൽ പിന്നെ ഇംഗ്ലീഷ് സ്കൂളുകൾ മാത്രമാണിപ്പോഴുള്ളത്. ഇങ്ങനെ പുതിയ സമ്പ്രദായം നടപ്പിൽ വരുത്തിയത്കൊണ്ട് മലയാളമിഡിൽ സ്കൂളുകൾക്കൂടി ഇംഗ്ലീഷ് സ്കൂളുകളാക്കിത്തീർക്കുന്നതിനാലും, ഒരു ക്ലിപ്തവുമില്ലാതെ പുതിയ സ്കൂളുകൾ സ്ഥാപിക്കുന്നതിനാലും പള്ളിക്കൂടങ്ങൾ തമ്മിൽ ചില കൂട്ടിമുട്ടലുകൾ നടക്കുന്നുണ്ട്. പഴയ ഇംഗ്ലീഷ്സ്കൂളിന്റെ മടിയിൽ പുതിയ ഇംഗ്ലീഷ് വിദ്യാലയം ചെന്നു വീണ് ആ തള്ളയെ കരയിക്കുന്നു. അങ്ങനെയുള്ള സ്ഥലങ്ങളിൽ എവിടെയാണ് പുത്തനായി പള്ളിക്കൂടങ്ങൾ സ്ഥാപിക്കേണ്ടത്, എവിടെയാണ് ആവശ്യമില്ലാത്തത്, എന്ന് രാജ്യമൊട്ടുക്ക് വേണ്ട അന്വേഷണം നടത്തി ഒരു റിപ്പോർട്ട് സമർപ്പിക്കാൻ ഒരു കമ്മിറ്റിയെ നിശ്ചയിക്കണമെന്നാണ് എന്റെ അഭിപ്രായം. അതുപോലെതന്നെ, പുതിയ പള്ളിക്കൂടങ്ങൾക്ക് അനുവാദം കൊടുക്കുന്ന കാര്യത്തിൽ ഗവൺമെന്റിന് ഒരു സ്ഥിരമായ നയം ഉണ്ടായിരിക്കേണ്ടതാണ്. ഓരോ മിഡിൽ സ്കൂളും ഹൈസ്ക്കൂളും സ്ഥാപിക്കേണ്ടത് ഇന്നവിധത്തിലായിരിക്കണമെന്നും, അവയ്ക്കു തമ്മിൽ കുറഞ്ഞത് ഇത്ര അകലമെങ്കിലും വേണമെന്നുമുള്ള നിയമത്തെ ഇന്നത്തെ വിദ്യാഭ്യാസമന്ത്രി അവഗണിച്ചുകൊണ്ടു പുതിയ പള്ളിക്കൂടങ്ങൾക്കുള്ള അനുവാദം കൊടുത്തതിന് എത്ര ദൃഷ്ടാന്തം വേണമെങ്കിലും ചൂണ്ടിക്കാണിക്കാം. ഇതിന് സ്വാഭാവികമായി ചില പ്രത്യാഘാതങ്ങൾ ഉണ്ടാകാവുന്നതാണ്. കുറച്ചു പള്ളിക്കൂടങ്ങൾമാത്രം സ്ഥാപിക്കപ്പെട്ടിട്ടുള്ള ചില സമുദായക്കാരുടെ സ്ഥാപനങ്ങൾക്ക് ക്ഷീണം വരത്തക്കവണ്ണം ജനസംഖ്യാനുപാതികമായി കൂടുതൽ പള്ളിക്കൂടങ്ങൾ കരസ്ഥമായിരിക്കുന്നവരെ സഹായിക്കത്തക്കവിധം വർഗ്ഗീയസൗഹാർദ്ദത്തിനും ദേശീയ മനോഭാവത്തിനും ഈ നയം ബാധകമായിരിക്കുമെന്നും അതുകൊണ്ട് ഇന്നത്തെ വിദ്യാഭ്യാസമന്ത്രി ആ കാര്യത്തിൽ കുറെക്കൂടി ശ്രദ്ധിക്കേണ്ടതാണെന്നും ഞാൻ ഈ അവസരത്തിൽ പ്രസ്താവിച്ചു കൊള്ളട്ടെ. സർ, ഇങ്ങനെയുള്ള കാര്യത്തിൽ വേണ്ടത്ര ശ്രദ്ധപതിപ്പിക്കുവാൻ ഒരു പക്ഷെ ഇന്നത്തെ വിദ്യാഭ്യാസമന്ത്രിക്ക് കഴിയുന്നില്ലായിരിക്കാം. അത് അദ്ദേഹത്തിന്റെ ജോലിത്തിരക്കുമൂലവുമായിരിക്കാം. രണ്ടു കോടിരൂപയുടെ ചെലവു വഹിക്കേണ്ടിവരുന്ന ഒരു കാര്യമാണ് ഈ രാജ്യത്തെ വിദ്യാഭ്യാസകാര്യം. സമൂലപരിവർത്തനം വരുത്തേണ്ട ഒരു ഡിപ്പാർട്ടുമെന്റ്മാണ് അത്. അതുപോലെ വളരെ പ്രാധാന്യമുള്ള ഒന്നാണ് വ്യവസായവകുപ്പ്. ഈ രണ്ടു വകുപ്പുകളും ശരിയായി നോക്കിക്കൊണ്ടുപോകുവാൻ ഒരു മന്ത്രിയെക്കൊണ്ടു മാത്രം സാദ്ധ്യമാകുമോ എന്ന് ഞാൻ സംശയിക്കുന്നു. അതുകൊണ്ടു വിദ്യാഭ്യാസത്തിന് പ്രത്യേകം ഒരു മന്ത്രിയെ ചുമതലപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. അതിനുവേണ്ടി ഒരു പുതിയ മന്ത്രിയെ സൃഷ്ടിച്ചാലും അതൊട്ടും അധികമല്ല.

ഇനി ഒരു കാര്യം കൂടി എനിക്ക് പറയുവാനുണ്ട്. അത് ഈ രാജ്യത്തെ ഭക്ഷണകാര്യമാണ്. ഈ കാര്യം ആദ്യമേ പറയേണ്ടതായിരുന്നു. അത്ര പ്രാധാന്യമുള്ള കാര്യമാണത്. അരിവില വർദ്ധിപ്പിച്ചതുനിമിത്തം നാട്ടിലെ സാമാന്യ ജനങ്ങൾക്ക് വളരെ അതൃപ്തിയുണ്ടെന്നറിയാം. അരിവില കൂട്ടിയതു ശരിയായി എന്ന് മന്ത്രിസഭയും, തെറ്റായി എന്ന് ജനങ്ങളും പറയുന്നുണ്ട്. ജനങ്ങളും ഗവൺമെന്റും ഒന്നാണെങ്കിൽ എന്തുപറയുമെന്ന് എനിക്ക് നിശ്ചയമില്ല. എന്നാൽ ഒരു കാര്യം തീർച്ചയാണ്. ഇത് ശരിയാണ് അല്ലെങ്കിൽ തെറ്റാണ് എന്ന് പറഞ്ഞതുകൊണ്ട് മാത്രമായില്ല. രാജ്യത്തിലെ ജനങ്ങൾക്ക് ആഹാരം കൊടുക്കുന്നതിനുവേണ്ടി രാജ്യം മൂന്നുകോടി രൂപയുടെ കടം വഹിക്കണമെന്ന് ജീവനെക്കാൾ രാജ്യത്തെ സ്നേഹിക്കാൻ ബാദ്ധ്യതയുള്ളവരാരും പറയുകയില്ല. ഇതിന് ഏതെങ്കിലും തരത്തിൽ പരിഹാരം ഉണ്ടാക്കേണ്ടതാണാവശ്യം. നമ്മുടെ ആഹാരകാര്യത്തിനുവേണ്ടി എത്ര കുറച്ചുമാത്രം നാം അന്യരാജ്യക്കാരെ ആശ്രയിക്കുമോ അത്രയും നാം ഈ പ്രശ്നത്തിന് പരിഹാരം കണ്ടുപിടിച്ചുവെന്ന് പറയാം. കഴിവുള്ളിടത്തോളം നെല്ല് ഈ രാജ്യത്തുതന്നെ ഉണ്ടാക്കുകയാണ് വേണ്ടത്. ഇതിലേക്ക് ചില പദ്ധതികൾ ഇന്നത്തെ മന്ത്രിസഭ ആരംഭിച്ചിട്ടുണ്ടെന്ന് കാണുന്നത് ആശ്വാസകരമാണ്. പെരിഞ്ചാണി അണയുടെ പണി ഗവൺമെന്റാരംഭിച്ചിട്ടുണ്ട്. അതുപോലെയോ അതിനേക്കാൾ പ്രധാനപ്പെട്ടതോ ആയ ഒരണയാണ് ഭൂതത്താൻ കെട്ട് അണ. ഇതു ഞാൻ പറയുമ്പോൾ എന്റെ ബഹുമാന്യ സ്നേഹിതന്, മി. തര്യതുകുഞ്ഞിത്തൊമ്മന് വിരോധമുണ്ടാകുമോ എന്നറിഞ്ഞില്ല. പക്ഷേ അദ്ദേഹം ഇപ്പോൾ ഇവിടെ ഇല്ലെന്നുള്ളത് ആശ്വാസകരംതന്നെ. ഏകദേശം ഏഴുലക്ഷം രൂപയുടെ ചെലവേ ഈ അണകെട്ടുന്നതിന് വേണ്ടി വരൂ എന്നറിയുന്നു. തോടുകീറാനാണ് വലിയ ചെലവ് അതിന് രണ്ടു കോടി രൂപാ വേണം. ഇത്രയും രൂപ ചെലവാക്കി ഈ അണകെട്ടിയാൽ അതുകൊണ്ടു രണ്ടു കോടിപ്പറ നെല്ല് ആണ്ടുതോറും ഇവിടെ കൂടുതലായി വിളയിക്കാൻ കഴിയുമെന്നുകാണുന്നു. ഒരു കോടി പറ നെല്ലേ ഉണ്ടാകുന്നുള്ളൂ എങ്കിൽത്തന്നെ അത് ചെറുതല്ല. ഇക്കാര്യത്തിൽ ഗവൺമെന്റിന്റെ സത്വരമായ ശ്രദ്ധ പതിയണമെന്ന് ഞാൻ അപേക്ഷിക്കുന്നു. ഇവിടുത്തെ ഭക്ഷണക്ഷാമത്തിന് ഇത് കുറെയൊക്കെ പരിഹാരമുണ്ടാക്കുമെന്നുള്ളതിന് സംശയമില്ല. ആഹാരകാര്യത്തിൽ ജനങ്ങൾക്കും ഇപ്പോഴുണ്ടായിരിക്കുന്ന അതൃപ്തിയും അതു കുറെയൊക്കെ മാറ്റും. ബഹുമാനപ്പെട്ട മന്ത്രിസഭയും അസംബ്ളിയും ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണെന്നു പറഞ്ഞുകൊണ്ടു സമയമില്ലെന്നുള്ള വ്യസനത്തോടുകൂടി വിരമിക്കുന്നു.

മന്നത്ത് പത്മനാഭൻ (1878 – 1970)

കേരളത്തിലെ സാമൂഹ്യ പരിഷ്കർത്താവും നവോത്ഥാനത്തിൽ പ്രധാന പങ്കുവഹിച്ച സ്വാതന്ത്ര്യസമര സേനാനിയും സാഹിത്യകാരനുമായ മന്നത്ത് പത്മനാഭൻ 1878 ജനുവരി 2 ന് കോട്ടയം ജില്ലയിലെ ചങ്ങനാശ്ശേരിക്കടുത്ത് പെരുന്നയിൽ പാർവ്വതി അമ്മയുടെയും ഈശ്വരൻ നമ്പൂതിരിയുടെയും മകനായി ജനിച്ചു. അധ്യാപകനായും അഭിഭാഷകനായും സേവനമനുഷ്ഠിച്ച അദ്ദേഹം 1914 ൽ നായർ സർവ്വീസ് സൊസൈറ്റിക്ക് രൂപം നൽകുകയും സമുദായത്തിലെ അനാചാരങ്ങൾ, അയിത്തം, മരുമക്കത്തായം തുടങ്ങിയവയ്ക്കെതിരെ പോരാടുകയും ചെയ്തു. സർ സി. പി.ക്കെതിരെ മുതുകുളം പ്രഖ്യാപനം നടത്തിയതിന് ജയിൽവാസം അനുഭവിച്ചു. 1924 ൽ വൈക്കം സത്യാഗ്രഹവുമായി ബന്ധപ്പെട്ട് ഗാന്ധിജിയുടെ നിർദ്ദേശപ്രകാരം 'സവർണ്ണജാഥ' നയിക്കുകയും ക്ഷേത്രപ്രവേശന വിളംബരത്തിന് സവർണ്ണരെ ബോധവൽക്കരിക്കുകയും ചെയ്തു. ശ്രീമൂലം പ്രജാസഭ, തിരുകൊച്ചി നിയമനിർമ്മാണ സഭ എന്നിവിടങ്ങളിൽ അദ്ദേഹം അംഗമായിരുന്നു. 1959 ൽ 'ഭാരത കേസരി' സ്ഥാനവും 1966 ൽ പത്മഭൂഷൺ ബഹുമതിയും ലഭിച്ചു. തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ ആദ്യ പ്രസിഡന്റായും പ്രവർത്തിച്ചു. 1970 ഫെബ്രുവരി 25 ന് അദ്ദേഹം നിര്യാതനായി.

കേന്ദ്ര ബജറ്റ് 2022-23

രാജ്യത്തിന്റെ മുൻഗണനാക്രമം അട്ടിമറിച്ചു; കൃഷിയെ വേണ്ടത്ര പരിഗണിച്ചില്ല.

ഡോ. എൻ. ജയരാജ്
ഗവ. ചീഫ് വിപ്പ്

രാജ്യത്തെ 'കാർഷിക മേഖലയ്ക്ക്' നയരൂപീകരണത്തിൽ ഉണ്ടായിരുന്ന പ്രാധാന്യം ഇല്ലാതാക്കുകയും മുൻഗണനാക്രമത്തിൽ കാതലായ മാറ്റം വരുത്തുകയും ചെയ്തു എന്നതാണ് 2022-23 ലെ കേന്ദ്ര ബജറ്റിന്റെ പ്രത്യേകത. കർഷകരുടെ വരുമാനം ഇരട്ടിയാക്കും എന്ന പ്രഖ്യാപനം പ്രാവർത്തികമാക്കുന്നതിൽനിന്നും കേന്ദ്ര സർക്കാർ പിൻവാങ്ങി. കാർഷിക മേഖല കുത്തകകൾക്ക് തീറെഴുതുന്ന വിധത്തിൽ മൂന്ന് നിയമങ്ങൾ പാസ്സാക്കിയെങ്കിലും ചരിത്രപരമായ ചെറുത്തു നിൽപ്പിനെ തുടർന്ന് അവ പിൻവലിക്കാൻ നിർബന്ധിതമായി. കാർഷിക നിയമങ്ങൾ പിൻവലിച്ചതുകൊണ്ട് മാത്രം രാജ്യത്തെ കർഷകരുടെ പ്രശ്നങ്ങൾ പരിഹരിക്കപ്പെട്ടു എന്നർത്ഥമില്ല. കാർഷികോൽപ്പന്നങ്ങളുടെ താങ്ങുവില, സംഭരണം, വായ്പ എഴുതിത്തള്ളൽ, ഇറക്കുമതി നിയന്ത്രണം, സ്വതന്ത്ര വ്യാപാര കരാറുകളുടെ പുനഃപരിശോധന തുടങ്ങിയ നിരവധി പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതുണ്ട്. ഇവയ്ക്കെല്ലാം പരിഹാരം കാണുന്ന തരത്തിലുള്ള ഒരു കേന്ദ്ര ബജറ്റാണ് ജനങ്ങൾ പ്രതീക്ഷിച്ചതെങ്കിലും നിരാശയായിരുന്നു ഫലം.

കോവിഡ് മഹാമാരിയുടെ ആഘാതം കുറയ്ക്കുന്നതിലും, 'V' ആകൃതിയിലുള്ള സാമ്പത്തിക വളർച്ച കൈവരിക്കുന്നതിലും രാജ്യത്തെ കാർഷിക മേഖലയുടെ പങ്ക് ചെറുതല്ല. 2020-21 ലെ 7.3 ശതമാനം നെഗറ്റീവ് വളർച്ചയിൽനിന്നും സമ്പദ്‌വ്യവസ്ഥ നടപ്പു സാമ്പത്തിക വർഷം 9.2 ശതമാനവും 2022-23 ൽ 8.5 ശതമാനം വരെയും വളർച്ച നേടുമെന്നാണ് സാമ്പത്തിക സർവ്വേയുടെ പ്രവചനം. 2022-23 ൽ 39.45 ലക്ഷം കോടി രൂപയാണ് രാജ്യത്തെ മൊത്തം പ്രതീക്ഷിത ചെലവ്. ഇതിൽ 1.32 ലക്ഷം കോടി രൂപ അതായത് 3.3 ശതമാനം മാത്രമാണ് കൃഷിക്കും കർഷകരുടെ ക്ഷേമത്തിനും വേണ്ടി നീക്കിവച്ചിരിക്കുന്നത്. നെല്ല്, ഗോതമ്പ് തുടങ്ങിയവയുടെ സംഭരണത്തിനായി 2.37 ലക്ഷം കോടി രൂപ നീക്കിവച്ചു എന്നതാണ് ഈ ബജറ്റിലെ പ്രധാന പ്രഖ്യാപനം. 163 ലക്ഷം കർഷകർക്ക് ഇതിന്റെ ഗുണം ലഭിക്കും എന്ന് പറയുന്നുണ്ടെങ്കിലും, താങ്ങുവില എത്രമാത്രം ഉയർത്തുമെന്നത് ബജറ്റിൽ പ്രതിപാദിക്കുന്നില്ല. ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനും വിള വൈവിധ്യവത്കരണത്തിലൂടെ ഭക്ഷ്യ എണ്ണയുടെ ഉത്പാദനം ഉയർത്താനുമുള്ള പ്രഖ്യാപനം എത്രമാത്രം ഫലം കാണുമെന്ന് ചിന്തിക്കേണ്ടിയിരിക്കുന്നു. ദീർഘകാല ആസൂത്രണത്തിലുണ്ടായ പാളിച്ചമൂലമാണ് ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഒരു കാലത്ത് വ്യാപകമായിരുന്ന എണ്ണപ്പന കൃഷി നശിക്കാനിടയായത്.

ടേബിൾ:1 വിവിധ കാർഷിക പദ്ധതികൾക്കുള്ള കേന്ദ്ര വിഹിതം

എക്സ്പെൻഡിച്ചർ ഹെഡ്	2021-22 (BE)	2020-21 (RE)	2022-23 (BE)	Chance over last year (RE)(%)	Chance over last year (BE)(%)
പി.എം കിസാൻ യോജന	65000	67500	68000	0.7%	4.6%
ഇന്ററസ്റ്റ് സബ്സിഡി ഫോർ ഷോർട്ട് ടേം ക്രെഡിറ്റ്	19468	18142	19500	7.5%	0.2%
പി. എം ഫസൽ ബീമാ യോജന (PMFBY)	16000	15989	15500	-3.05%	-3.13%
പി. എം കൃഷി സിഞ്ചായ് യോജന	11588	12705	12954	2%	11%
രാഷ്ട്രീയ കൃഷി വികാസ് യോജന(RKVY)	3712	2000	10433	421.7%	181.0%
കൃഷി ഉന്നതി യോജന			7183	New	New
മാർക്കറ്റ് ഇന്റർവെൻഷൻ ആൻഡ് പ്രൈസ് സപ്പോർട്ട്	1501	3596	1500	58.3%	0.0%
ഫോർമേഷൻ ആൻഡ് പ്രൊമോഷൻ ഓഫ് ഫാർമർ പ്രൊഡ്യൂസ് ഓർഗനൈസേഷൻസ്	700	250	500	100.0%	-28.6%
അഗ്രിക്കൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്(AIF)	900	200	500	150.0%	-44.4%
നീല വിപ്ലവം (മത്സ്യബന്ധന മേഖല)	1015	1210	1891	56.3%	86.3%
ധവള വിപ്ലവം(ക്ഷീര വികസനം)	1177	1394	1395	0.1%	18.5%

അവലംബം :
എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - യൂണിയൻ ബജറ്റ് 2022-23

കർഷകർക്ക് പ്രതിവർഷം 6,000 രൂപ വീതം നൽകുന്ന പ്രധാൻമന്ത്രി കിസാൻ പദ്ധതിക്ക് പ്രാധാന്യം നൽകി 68,000 കോടി രൂപ ഈ ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കർഷകരുടെ ഹ്രസ്വകാല കാർഷിക വായ്പയ്ക്ക് പലിശ ഇളവ് നൽകുന്നതിന് 19,500 കോടി രൂപയും അനുവദിച്ചു. വിള ഇൻഷ്വറൻസ് പദ്ധതിയായ പ്രധാൻമന്ത്രി ഫസൽ ബീമാ യോജനയ്ക്ക് അനുവദിച്ച 15,500 കോടി രൂപ മുൻവർഷത്തെ അപേക്ഷിച്ച് 3.13 ശതമാനം കുറവാണ്. ജലസേചനത്തിനുള്ള പി.എം. കൃഷി സിഞ്ചായ് യോജനയ്ക്ക് കഴിഞ്ഞ വർഷത്തെ ബജറ്റിനെ അപേക്ഷിച്ച് 11 ശതമാനം കൂടുതലായി 12,954 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. രാഷ്ട്രീയ കൃഷി വികാസ് യോജനയിൽ ഉൾപ്പെടുന്ന 6 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 10,433 കോടി രൂപയാണ് വകയിരുത്തിയിരിക്കുന്നത്. 2020-21 ലെ പുതുക്കിയ ബജറ്റ് പ്രകാരം ഈ പദ്ധതിക്ക് 2,000 കോടി രൂപ ചെലവഴിച്ച സ്ഥാനത്ത് ഈ ബജറ്റ് 421 ശതമാനത്തിന്റെ വൻവർദ്ധനവാണ് വരുത്തിയിരിക്കുന്നത്. പുതിയ പദ്ധതിയായ കൃഷി ഉന്നതി യോജനയിൽ 10 കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി 7,183 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കാർഷികോൽപ്പന്നങ്ങൾക്ക് വിലത്തകർച്ച ഉണ്ടാകുമ്പോൾ വിപണിയിൽ ഇടപെട്ട് കർഷകരെ സഹായിക്കുന്നതിനുള്ള മാർക്കറ്റ് ഇന്റർവെൻഷൻ ഫണ്ടിന് 3,596 കോടിരൂപ ഉണ്ടായിരുന്ന സ്ഥാനത്ത് ഈ ബജറ്റിൽ അത് 1,500 കോടിരൂപയായി കുറച്ചു. 2020-21 ബജറ്റിൽ കാർഷിക മേഖലയിലെ അടിസ്ഥാന സൗകര്യ വികസനത്തിന് പ്രഖ്യാപിച്ച 900 കോടി രൂപയിൽ 200 കോടി രൂപ മാത്രമേ ചെലവഴിക്കുകയുണ്ടായുള്ളൂ. ഇത്തവണ ഈ ഇനത്തിൽ 700 കോടി രൂപ മാത്രമാണ് വകയിരുത്തിയിരിക്കുന്നത്. കാർഷികനിയമത്തിലൂടെ ഇല്ലാതാക്കാൻ ശ്രമിച്ച പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷനുകൾ ശക്തിപ്പെടുത്താൻ 500 കോടിരൂപ നീക്കിവച്ചത് ശ്രദ്ധേയമാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ക്ഷീര വികസനത്തിന് 1,395 കോടി രൂപയും മൽസ്യബന്ധന മേഖലയ്ക്ക് 1,891 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ഒറ്റനോട്ടത്തിൽ ഈ ബജറ്റ് കാർഷിക മേഖലയ്ക്ക് ഭേദപ്പെട്ട തുക വകയിരുത്തിയതായി തോന്നുമെങ്കിലും യഥാർത്ഥത്തിൽ സംസ്ഥാനങ്ങൾക്ക് കൂടുതൽ സാമ്പത്തിക ബാധ്യത ഉണ്ടാക്കുന്ന വിധത്തിലാണ് ഇത് വിഭാവനം ചെയ്തിരിക്കുന്നത്. കേന്ദ്ര പദ്ധതികൾ നടപ്പാക്കൽ പ്രധാനമായും രണ്ട് തരത്തിലാണ്. ഒന്ന്, നൂറു ശതമാനം ചെലവും കേന്ദ്രം വഹിക്കുന്ന 'കേന്ദ്ര പദ്ധതികൾ'. രണ്ടാമത്തേത്, സംസ്ഥാന വിഹിതത്തോടെ നടപ്പിലാക്കുന്ന 'കേന്ദ്രാവിഷ്കൃത പദ്ധതികൾ'. കാർഷിക മേഖലയിൽ നിലവിൽ 5 കേന്ദ്ര പദ്ധതികളും ബാക്കിയുള്ളവ കേന്ദ്രാവിഷ്കൃത പദ്ധതികളുമാണ്. 2015-16 മുതൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഘടനയിൽ കാതലായ മാറ്റമാണ് നീതി ആയോഗ് വരുത്തിയത്. 'കോർ ഓഫ് ദി കോർ ' എന്നും 'കോർ' - എന്നും ഇവയെ രണ്ടായി തരംതിരിച്ചു. ഇതിൽ ആദ്യത്തെ ഗണത്തിൽപ്പെട്ടവയ്ക്ക് 90 ശതമാനം കേന്ദ്ര വിഹിതം ലഭിക്കും; ബാക്കി 10 ശതമാനം മാത്രം സംസ്ഥാനം വഹിച്ചാൽ മതി. രണ്ടാമത്തെ 'കോർ' ഗണത്തിനാകട്ടെ 60:40 എന്ന അനുപാതത്തിൽ കേന്ദ്ര വിഹിതം കുറയുകയും സംസ്ഥാന വിഹിതം ഗണ്യമായി വർദ്ധിക്കുകയും ചെയ്യും. നിർഭാഗ്യവശാൽ കൃഷിയുമായി ബന്ധപ്പെട്ട പ്രധാന പദ്ധതികളെല്ലാം 'കോർ' ഗണത്തിലായതിനാൽ സംസ്ഥാനം 40 ശതമാനം വിഹിതം കണ്ടെത്തണം. 2021-22 മായി താരതമ്യം ചെയ്യുമ്പോൾ ഈ ബജറ്റിൽ കേന്ദ്ര പദ്ധതികളുടെ വിഹിതത്തിൽ 1 ശതമാനം മാത്രമാണ് കുറവ് വന്നത്. എന്നാൽ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിഹിതത്തിൽ 39 ശതമാനത്തിന്റെ വർദ്ധനവാണ് ഉണ്ടായത്. കേന്ദ്ര പദ്ധതികൾ കുറച്ച് കേന്ദ്രത്തിന്റെ സാമ്പത്തികഭാരം കുറയ്ക്കുകയും കേന്ദ്രാവിഷ്കൃത പദ്ധതികൾ ഘട്ടംഘട്ടമായി ഉയർത്തി സംസ്ഥാനങ്ങളുടെമേൽ കൂടുതൽ സാമ്പത്തിക ഭാരം അടിച്ചേൽപ്പിക്കുകയുമാണ് കേന്ദ്ര സർക്കാരിന്റെ ദീർഘകാല ലക്ഷ്യം എന്ന് ഇതിൽ നിന്നും വ്യക്തമാണ്. ഇത് ഫെഡറൽ തത്വങ്ങൾക്ക് നിരക്കാത്തതും സംസ്ഥാനങ്ങളെ കൂടുതൽ സാമ്പത്തിക ബാധ്യതയിലേയ്ക്ക് നയിക്കുന്നതുമാണ്.

രാജ്യത്തെ കാർഷിക പ്രശ്നങ്ങൾ ആഴത്തിലുള്ളവയാണ്. എന്നാൽ ഇവയെ കേവലം കർഷകരുടെ സാമ്പത്തിക പ്രശ്നമായി കണ്ട് പണം നേരിട്ട് ബാങ്ക് അക്കൗണ്ടിൽ നൽകുന്ന പദ്ധതിക്കാണ് കഴിഞ്ഞ കുറെ വർഷങ്ങളായി കേന്ദ്ര സർക്കാർ പ്രാധാന്യം നൽകി വരുന്നത്. അതുകൊണ്ടുതന്നെ ഈ ഗണത്തിൽപ്പെടുന്ന പദ്ധതികളായ പ്രധാൻമന്ത്രി കിസാൻ യോജന, പ്രധാൻ മന്ത്രി ഫസൽ ബീമാ യോജന തുടങ്ങിയ പദ്ധതികൾക്കാണ് മൊത്തം ചെലവിന്റെ 79 ശതമാനവും നീക്കിവച്ചിരിക്കുന്നത്. വെറും 21 ശതമാനം തുക മാത്രമേ ദീർഘകാല ആസൂത്രണത്തോടുകൂടിയുള്ള അടിസ്ഥാന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് വേണ്ടി ചെലവാക്കുന്നുള്ളൂ. വ്യക്തിഗത നേട്ടത്തെക്കാളുപരി സമൂഹത്തിന് നേട്ടമുണ്ടാകുന്ന തരത്തിൽ പദ്ധതികൾ പരിഷ്കരിക്കണം. ഈ പ്രവണത കതിരിൽ വളം വയ്ക്കുന്നതിന് തുല്യമാണ്. ഇതിൽ മാറ്റം വരുത്താൻ ബജറ്റ് അലോക്കേഷനിൽ സമഗ്രമായ പൊളിച്ചെഴുത്ത് അനിവാര്യമാണ്.

പഞ്ചവത്സര പദ്ധതികളിലൂടെ നടപ്പിലാക്കിയ ദീർഘകാല ആസൂത്രണമായിരുന്നു രാജ്യത്തെ കാർഷിക വികസനത്തിന്റെ പ്രധാന ചാലകശക്തി. ആസൂത്രണ ബോർഡിനെ ഇല്ലാതാക്കി പകരം നീതി ആയോഗ് വന്നതോടെ കേവലം പേരുമാറ്റത്തിനപ്പുറം പതിറ്റാണ്ടുകളായി നാം പിന്തുടർന്നുവന്ന ആസൂത്രണ സങ്കൽപ്പത്തിന് അന്ത്യം കുറിച്ചു. അഞ്ചു വർഷത്തെ ആസൂത്രണം കൊണ്ട് ലക്ഷ്യങ്ങൾ കൈവരിച്ചിരുന്ന സ്ഥാനത്ത് 25 വർഷം കൊണ്ട് അവ നേടുക എന്ന രീതിയിലേയ്ക്ക് ഈ ബജറ്റ് രാജ്യത്തെ ആസൂത്രണ സങ്കൽപ്പത്തെ കീഴ്മേൽ മറിച്ചു. കാർഷിക മേഖലയ്ക്ക് മുഖ്യ പരിഗണന നൽകുന്നതിനുപകരം പശ്ചാത്തല സൗകര്യ വികസനത്തിനും വിവര സാങ്കേതിക വിദ്യയ്ക്കുമാണ് ഈ ബജറ്റ് ഊന്നൽ നൽകിയത്.

കർഷകരുടെ വരുമാനം ഇരട്ടിയാക്കുമെന്നത് വെറും പ്രഖ്യാപനമോ?

2021 ഒക്ടോബറിൽ നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ് പുറത്തിറക്കിയ റിപ്പോർട്ട് പ്രകാരം രാജ്യത്തെ ഒരു കർഷക കുടുംബത്തിന്റെ വാർഷിക വരുമാനം 10,218 രൂപ മാത്രമാണ്. അതായത് ദിവസ വരുമാനം വെറും 27 രൂപ മാത്രം. കേരളത്തിന്റെ സ്ഥിതി അൽപ്പം മെച്ചപ്പെട്ടതാണെങ്കിലും രാജ്യത്തെ മൊത്തം കർഷകരുടെ ഒരു നേർചിത്രം തന്നെയാണിത്.

കർഷകരുടെ വരുമാനം 2022-23 ആകുമ്പോൾ ഇരട്ടിയാക്കും എന്നായിരുന്നു 2016-17 ൽ അരുൺ ജെയ്റ്റ്ലിയുടെ ബജറ്റ് പ്രഖ്യാപനം. അശോക് ദൽവായി കമ്മറ്റിയുടെ റിപ്പോർട്ട് പ്രകാരം കർഷകരുടെ വരുമാനം ഇരട്ടിയാകണമെങ്കിൽ കാർഷിക മേഖല കുറഞ്ഞത് 10 ശതമാനം വളർച്ചയെങ്കിലും കൈവരിക്കണം. ഇത് നേടിയില്ല എന്നുമാത്രമല്ല വളർച്ചാനിരക്ക്, 2016 ൽ പ്രഖ്യാപനം നടത്തിയപ്പോളുണ്ടായിരുന്ന 6.3 ശതമാനത്തിൽ നിന്നും 2021-22 ൽ എത്തിയപ്പോഴേയ്ക്കും 3.9 ശതമാനമായി കുറയ്ക്കാൻ മാത്രമാണ് ഈ സർക്കാരിന് സാധിച്ചത്. മാത്രമല്ല കഴിഞ്ഞ രണ്ട് ബജറ്റുകളിൽ കാർഷിക മേഖലയിൽ ദീർഘ വീക്ഷണത്തോടുകൂടിയ പദ്ധതികളൊന്നും ആവിഷ്കരിച്ചില്ല. കാർഷിക സബ്സിഡികളും ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിഹിതവും വെട്ടിക്കുറച്ചു. ഇതെല്ലാം പരിഗണിക്കുമ്പോൾ 'വരുമാനം ഇരട്ടിയാക്കൽ' പ്രഖ്യാപനം 2019 ലെ പൊതുതെരഞ്ഞെടുപ്പിനെ ലക്ഷ്യമാക്കിക്കൊണ്ടുള്ള വെറും പ്രഹസനം മാത്രമായിരുന്നു എന്ന് വ്യക്തമാണ്.

സബ്സിഡികൾ വെട്ടിക്കുറച്ചത് എന്തിന്?

കാർഷിക സബ്സിഡികൾ നിർത്തലാക്കണം എന്നത് ലോക വ്യാപാര സംഘടനയും ലോകബാങ്കും വികസ്വര രാജ്യങ്ങളോട് നിരന്തരം ആവശ്യപ്പെടുന്ന കാര്യമാണ്. ഈ പശ്ചാത്തലത്തിൽ കൂടിയായിരിക്കാം വളം, ഭക്ഷ്യോല്പന്നങ്ങൾ, കാർഷിക വായ്പ തുടങ്ങിയവയ്ക്കുള്ള സബ്സിഡി ഘട്ടംഘട്ടമായി ഇല്ലാതാക്കാൻ 2022-23 ലെ ബജറ്റ് ലക്ഷ്യമിടുന്നത്.

ടേബിൾ:2 കാർഷിക മേഖലയുമായി ബന്ധപ്പെട്ട സബ്സിഡികൾ

സബ്സിഡികൾ	2020-21	2021-22 (RE)	2022-23 (BE)	Change %
വളം	127921	140122	105222	-24.9
പെട്രോളിയം	38454	6516	5812	-10.8
ഭക്ഷ്യ വസ്തുക്കൾ	541330	286469	206831	-27.8
കാർഷിക ലോൺ	30215	36562	24723	-23.9
മറ്റുള്ളവ	20243	18200	13049	-29.32
ആകെ	758165	487871	355638	-27.12

അവലംബം :
എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് - യൂണിയൻ ബജറ്റ് 2022-23

2021-22 ലെ പുതുക്കിയ ബജറ്റിൽ 1,40,122 കോടി രൂപയായിരുന്ന രാസവള സബ്സിഡി 2022-23 ൽ എത്തിയപ്പോഴേയ്ക്കും 1,05,222 കോടി രൂപയായി കുറച്ചു. 34,900 കോടി രൂപയുടെ കുറവാണ് ഉണ്ടായത്. ഇതോടൊപ്പം രാസവളങ്ങളുടെ ഇറക്കുമതി പകുതിയാക്കിക്കുറച്ചത് രാജ്യത്തെ കർഷകരെ കടുത്ത പ്രതിസന്ധിയിലാക്കി. 2020-21 ൽ 10,846 മെട്രിക് ടൺ ആയിരുന്ന ഇറക്കുമതി 2021-22 ആയപ്പോഴേയ്ക്കും 5,079 മെട്രിക് ടൺ ആയി കുറഞ്ഞു. ഇതുമൂലം 2021 ഏപ്രിൽ മാസം 850 രൂപയായിരുന്ന പൊട്ടാഷ് വില 2022 ഫെബ്രുവരി ആയപ്പോഴേയ്ക്കും 1,710 രൂപയായി വർദ്ധിച്ചു. മിശ്രിത വളങ്ങളുടെ വില ഒരു ചാക്കിന് 940 രൂപയായിരുന്നത് ഇപ്പോൾ 1,200 രൂപയായി വർദ്ധിച്ചു.

ഭക്ഷ്യ വസ്തുക്കളുടെ സബ്സിഡി 2020-21 ൽ 5,41,330 കോടി രൂപയായിരുന്നത് 2021-22 ലെ പുതുക്കിയ ബജറ്റ് പ്രകാരം 2,86,469 കോടി രൂപയായും ഈ ബജറ്റിൽ ഇത് 2,06,831 കോടി രൂപയായും കുറച്ചു. 79,638 കോടി രൂപയുടെ കുറവാണുണ്ടായത്. ഇത് രാജ്യത്തെ പൊതുവിതരണ സംവിധാനത്തെ സാരമായി ബാധിക്കുകയും നിത്യോപയോഗ സാധനങ്ങളുടെ വിലക്കയറ്റത്തിന് കാരണമാകുകയും ചെയ്തു. കാർഷിക വായ്പക്ക് 2021-22 പുതുക്കിയ ബജറ്റിൽ 36,562 കോടി രൂപ സബ്സിഡി അനുവദിച്ചപ്പോൾ ഈ ബജറ്റിൽ 24,723 കോടി രൂപ മാത്രമാണ് നീക്കിവച്ചിരിക്കുന്നത്. ഇത് മുൻവർഷത്തെ അപേക്ഷിച്ച് 23 ശതമാനം കുറവാണ്. കാർഷിക മേഖലയുമായി ബന്ധപ്പെട്ട മൊത്തം സബ്സിഡികളുടെ കാര്യത്തിൽ കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കേന്ദ്ര സർക്കാർ 1,32,233 കോടി രൂപയുടെ ഭീമമായ കുറവാണ് വരുത്തിയത്. ഇതെല്ലാം കേരളത്തിന് ലഭിക്കേണ്ട സാമ്പത്തിക സഹായങ്ങളിൽ ആനുപാതികമായ കുറവുണ്ടാക്കും.

റബ്ബർ കർഷകരെ അവഗണിച്ചോ?

കേരളത്തിന്റെ കാർഷിക സമ്പദ്‌വ്യവസ്ഥയുടെ നട്ടെല്ലായ റബ്ബർ കൃഷിക്ക് യാതൊരു പരിഗണനയും ഈ ബജറ്റ് നൽകിയില്ല. റബ്ബർ ബോർഡിന് വാർഷിക വിഹിതമായി 268 കോടി രൂപ മാത്രമാണ് നീക്കിവച്ചത്. ആവർത്തന കൃഷിക്ക് നൽകിവന്നിരുന്ന സാമ്പത്തിക സഹായങ്ങൾ തുടരാൻ ഈ തുക അപര്യാപ്തമാണ്. ചുരുക്കത്തിൽ കർഷകർക്ക് യാതൊരു പ്രയോജനവും ലഭിക്കാത്ത, ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് മാത്രമായുള്ള ഒന്നായി റബ്ബർ ബോർഡിനെ സർക്കാർ മാറ്റി. സ്വാഭാവിക റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിക്കണമെന്ന ദീർഘകാല ആവശ്യം പരിഗണിച്ചില്ല. ലോക വ്യാപാര സംഘടനയുടെ മാനദണ്ഡപ്രകാരം റബ്ബർ കാർഷിക വിളയായി കണക്കാക്കാൻ സാധിക്കില്ല എന്നതാണ് കേന്ദ്ര നിലപാട്. എന്നാൽ ഇതേ സ്വഭാവഗണത്തിൽപ്പെട്ട പരുത്തി, ചണം, പുകയില തുടങ്ങിയവ കാർഷിക വിളകളായാണ് കണക്കാക്കപ്പെടുന്നത്. കാർഷിക ഉൽപ്പന്നങ്ങൾക്ക് മാത്രമേ ലോകവ്യാപാര സംഘടനയുടെ നിബന്ധനകളിൽ പ്രത്യേക ഇളവുകൾക്ക് അർഹതയുള്ളൂ. സ്വാഭാവിക റബ്ബറിനെ കാർഷിക വിളയായി പ്രഖ്യാപിച്ചെങ്കിൽ മാത്രമേ താങ്ങുവില, ഇറക്കുമതി നിയന്ത്രണം തുടങ്ങിയവയുടെ ഗുണഫലങ്ങൾ കർഷകർക്ക് ലഭിക്കുകയുള്ളൂ. നിലവിൽ റബ്ബറിനെ വ്യാവസായിക അസംസ്കൃത വസ്തുവായി കണക്കാക്കുന്നതിനാൽ പരമാവധി 25 ശതമാനം മാത്രമേ ഇറക്കുമതി ചുങ്കം ഈടാക്കാൻ സാധിക്കുകയുള്ളൂ. ഇത് മുതലെടുത്തുകൊണ്ട് കുത്തക ടയർ കമ്പനികൾ അനിയന്ത്രിതമായി റബ്ബർ ഇറക്കുമതി ചെയ്യുന്നതാണ് കേരളത്തിലെ റബ്ബർ വിലത്തകർച്ചയുടെ പ്രധാന കാരണം.

സ്വാഭാവിക റബ്ബറിന്റെ വില കുറയ്ക്കുകയും ടയർ വില വർദ്ധിപ്പിക്കുകയും ചെയ്തതിന് അടുത്ത കാലത്ത് കോമ്പറ്റീഷൻ കമ്മീഷൻ ഓഫ് ഇന്ത്യ രാജ്യത്തെ അഞ്ച് പ്രമുഖ ടയർ കമ്പനികൾക്ക് 1,788 കോടി രൂപ പിഴ ചുമത്തിയതും അത് സുപ്രീം കോടതി ശരിവച്ചതും ശ്രദ്ധേയമാണ്. അന്താരാഷ്ട്ര വിപണിയിലെ വില നിലവാരത്തിനപ്പുറം സ്വാഭാവിക റബ്ബറിന്റെ വില നിയന്ത്രിക്കാൻ തക്ക ശക്തമാണ് രാജ്യത്തെ ടയർ ലോബി എന്ന് ഇതിൽനിന്നും വ്യക്തമാണ്.

തൊഴിലുറപ്പ് വിഹിതം വെട്ടിക്കുറച്ചത് കാർഷിക മേഖലയെ ബാധിക്കുമോ?

നാഷണൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ കണക്കുകൾ പ്രകാരം രാജ്യത്തെ ഒരു കർഷക കുടുംബത്തിന് 10,218 രൂപ വാർഷിക വരുമാനം ലഭിക്കുന്നതിൽ 3798 രൂപ മാത്രമാണ് കാർഷിക വിളയിൽ നിന്നും കിട്ടുന്നത്. എന്നാൽ 4063 രൂപ തൊഴിലുറപ്പ് പദ്ധതിയുൾപ്പെടെയുള്ള അനുബന്ധ മേഖലയിൽ നിന്നുമാണ് ലഭിക്കുന്നത്. ഇതിൽനിന്ന് തന്നെ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ പ്രാധാന്യം വ്യക്തമാണ്. രാജ്യവ്യാപക അടച്ചുപൂട്ടലിനെ തുടർന്ന് ലക്ഷക്കണക്കിന് തൊഴിലാളികളാണ് ഗ്രാമങ്ങളിലേക്ക് പലായനം ചെയ്തത്. ഇവർക്ക് തൊഴിൽ ദിനങ്ങൾ പ്രദാനം ചെയ്തുകൊണ്ട് ദാരിദ്ര്യം ലഘൂകരിക്കാനും കാർഷികമേഖലയിൽ വളർച്ച കൈവരിക്കാനും തൊഴിലുറപ്പുപദ്ധതി നൽകിയ സംഭാവന നിർണ്ണായകമാണ്. 2020-21 സാമ്പത്തിക വർഷം 1,11,169 കോടി രൂപയായിരുന്ന തൊഴിലുറപ്പ് പദ്ധതിക്കുള്ള കേന്ദ്രവിഹിതം. 2021-22 ൽ ഇത് 98,000 കോടി രൂപയായും 2022-23 ലെ ബജറ്റിൽ ഇത് 75,000 കോടി രൂപയായും കുറച്ചു. 2021-22 നടപ്പു സാമ്പത്തിക വർഷവുമായി താരതമ്യം ചെയ്യുമ്പോൾ 26 ശതമാനത്തിന്റെയും 2020-21 കാലയളവുമായി താരതമ്യം ചെയ്യുമ്പോൾ 35 ശതമാനത്തിന്റെയും കുറവാണ് ഈ ബജറ്റ് വരുത്തിയിരിക്കുന്നത്. കാർഷിക മേഖലയിലെ പല പ്രവൃത്തികളും തൊഴിലുറപ്പുപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളതുകൊണ്ട് വിഹിതത്തിൽ ഉണ്ടാകുന്ന ഈ കുറവ് കാർഷിക മേഖലയെയും പ്രതികൂലമായി ബാധിക്കും. മാത്രമല്ല ഇത് ഗ്രാമീണ മേഖലയിലെ തൊഴിൽ ദിനങ്ങൾ ഗണ്യമായി കുറയ്ക്കുകയും അതുവഴി കർഷകരുടെ അനുബന്ധ വരുമാനത്തിൽ ഇടിവുണ്ടാക്കുകയും ചെയ്യും. നിലവിലുള്ള വേതനം 291 രൂപയിൽ നിന്ന് ഉയർത്തുമെന്നും ഉറപ്പായ തൊഴിൽ ദിനങ്ങളുടെ എണ്ണം 100 ൽ നിന്നും 150 ആയി വർദ്ധിപ്പിക്കുമെന്നും പ്രതീക്ഷിച്ച സ്ഥാനത്ത് നിലവിലുള്ളതുകൂടി ഇല്ലാതാക്കുകയാണ് കേന്ദ്ര സർക്കാർ ചെയ്തതെന്ന് വ്യക്തമാകുന്നു.

നിയമസഭാ ലൈബ്രറിയിലെ പുതിയ പുസ്തകങ്ങളിലൂടെ...



Covid-19: Separating fact from fiction

Anirban Mahapatra
Penguin Random House: Haryana, 2021
L:423 R1
(This book deals with scientific and sociological aspects of the current Covid-19 pandemic with historical accounts of past viral outbreaks)



Spike-The Virus vs the People:The Inside Story

Jeremy Farrar with Anjana Ahuja
Profile books: London, 2021
L:423 R1
(This book is a truthful scientific narrative told about how the Covid-19 virus played out and how the world confronted it)



Covid-19 Lockdowns and Basic Needs in Developing Countries

Dr. K.S.S.N Neelima and
Dr. P. Hyma
Random Publications: New Delhi, 2022
L:423 R2
(This book deals with Covid-19 Pandemic Lockdowns and its impacts on developing countries in an unprecedented debt situtation)

ശ്യാമയ്ക്കൊരുപൂവ്

എസ്. രമേശൻ നായർ
ഡി.സി. ബുക്സ്: കോട്ടയം, 2020
O32,1RAM R0
(കവിതാസമാഹാരം)



മരമാമരം

സുഗതകുമാരി
ഡി.സി. ബുക്സ്: കോട്ടയം, 2021
O32,1SUG R1
(കവിതാസമാഹാരം)

പുഴമീനുകളെ കൊല്ലുന്ന വിധം

ബെന്യാമിൻ
ഡി.സി. ബുക്സ്: കോട്ടയം, 2021
O32,3 BEN R1
(കുറ്റാന്വേഷണ നോവൽ)

അബോധങ്ങളിൽ ഗുൽമോഹർ പൂക്കുമ്പോൾ

എം. കെ. രാജൻ
ബോഷോബുക്സ്: കോഴിക്കോട്, 2021
O32,3RAJ R1
(നിയമസഭാ സെക്രട്ടേറിയറ്റിലെ ജീവനക്കാരനായ എം.കെ.രാജന്റെ കഥകൾ)

നിരന്തര പ്രതിപക്ഷം

ജെ. ദേവിക
ഡി.സി. ബുക്സ്: കോട്ടയം, 2021
O32, 6(Y15)DEVR1
(ലേഖനസമാഹാരം)



ഡയറിക്കുറിപ്പുകൾ ജെ. കൃഷ്ണമൂർത്തി

വിവ. ജോസാന്റണി
ഡി.സി. ബുക്സ്: കോട്ടയം, 2021
Rx2 32R1
(Krishnamurti's Journal എന്ന പുസ്തകത്തിന്റെ മലയാള പരിഭാഷ)

ആഗോളവൽക്കരണവും ഇടിഞ്ഞുപൊളിഞ്ഞ ലോകവും ആഗോളവൽക്കരണ പ്രക്രിയയുടെ അരനൂറ്റാണ്ട്

എൻ.പി.ചെക്കുട്ടി
ഡി.സി. ബുക്സ്: കോട്ടയം, 2021
X:(W:1) 32R1
(ആഗോളവൽക്കരണത്തിന്റെ ഒരു ഉപോൽപ്പന്നമെന്ന നിലയിൽ കോവിഡ്മഹാമാരിയുടെ ആഗോളവ്യാപനത്തെ വിശദമായി അപഗ്രഥിക്കുന്ന ഗ്രന്ഥം)

സ്റ്റേറ്റ് അഡ്വൈസറി ബോർഡ് ഓൺ ഡിസബിലിറ്റിയിൽ നിയമസഭാ സാമാജികർ

2016-ലെ The Rights of Persons with Disabilities Act ന്റെ വകുപ്പ് 66 പ്രകാരമുള്ള സ്റ്റേറ്റ് അഡ്വൈസറി ബോർഡ് ഓൺ ഡിസബിലിറ്റിയിലേക്ക് പതിനഞ്ചാം കേരള നിയമസഭയിലെ മൂന്ന് അംഗങ്ങൾ തെരഞ്ഞെടുക്കപ്പെട്ടു. പിറവം നിയോജക മണ്ഡലത്തിൽ നിന്നുള്ള അനൂപ് ജേക്കബ്, പാറശാല നിയോജക മണ്ഡലത്തിൽ നിന്നുള്ള സി.കെ. ഹരീന്ദ്രൻ, പുനലൂർ നിയോജക മണ്ഡലത്തിൽ നിന്നുള്ള പി.എസ്. സുപാൽ എന്നീ സാമാജികരാണ് തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ.

അനൂപ് ജേക്കബ്

സി.കെ. ഹരീന്ദ്രൻ

പി.എസ്. സുപാൽ



ഒരുമക്കെതിരെ ഒരു ശതമാനം ഡിജിറ്റൽ കാലത്തെ കോർപറേറ്റ് അധിനിവേശം

വന്ദന ശിവ ആൻഡ് കാർത്തികേയ് ശിവ
വിവ. ജോണി എം.എൽ.
ഡി.സി. ബുക്സ്: കോട്ടയം, 2021
Y:75 32R0
(ലോകത്തെ എഴുന്നൂറ് കോടി ജനങ്ങളിൽ ഏറ്റവും ഉയർന്ന തട്ടിലുള്ള ഒരു ശതമാനം, ഭൂമി എന്ന ഗ്രഹത്തെയും അതിലെ മുഴുവൻ ജനങ്ങളേയും സാമൂഹികവും പാരിസ്ഥിതികവുമായ നാശത്തിന്റെ ഗർത്തകത്തിലേക്ക്കൊണ്ടുവന്നിരിക്കുന്നു എന്ന് സമർത്ഥിക്കുന്ന ഗ്രന്ഥം)

മനുഷ്യകുലം പ്രത്യാശാനിർഭരമായ ചരിത്രം

റട്ഗർ ബ്രഗ്മാൻ
വിവ. പി. സുധാകരൻ
മഞ്ജുൾ പബ്ലിഷിങ്ങ് ഹൗസ് : ന്യൂഡൽഹി, 2021
(മാനവികതയെ പുതിയ വീക്ഷണകോണിൽ നിന്ന് കാണുവാൻ സഹായിക്കുന്ന പുസ്തകം)

സഭാ നേതാവിന്റെ പേജ്

നൂറ് ദിന കർമ്മ പദ്ധതി

പിണറായി വിജയൻ
മുഖ്യമന്ത്രി

പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമുള്ള രണ്ടാമത്തെ നൂറുദിന പരിപാടിക്ക് തുടക്കം കുറിച്ചിരിക്കുകയാണ്. കേരളത്തിന്റെ സമസ്ത മേഖലകളെയും പുരോഗമനപരമായി സ്വാധീനിക്കുന്ന വൈവിധ്യമാർന്ന പദ്ധതികളാണ് ഈ നൂറുദിന കർമ്മ പരിപാടിയുടെ ഭാഗമായിട്ടുള്ളത്. ചുരുങ്ങിയ നാൾ കൊണ്ടാണെങ്കിലും ബൃഹത്തായ പദ്ധതികൾ തന്നെയാണ് നടപ്പാവുന്നത്. 2021 ജൂൺ 11 മുതൽ സെപ്റ്റംബർ 19 വരെ നടപ്പാക്കിയ നൂറുദിന പരിപാടിയിൽ സാമൂഹിക സുരക്ഷയും തൊഴിൽ സുരക്ഷയും പശ്ചാത്തല സൗകര്യ വികസനവും പ്രധാന അജണ്ടയായിരുന്നു. അതേ പാത പിന്തുടർന്നാണ് ഇത്തവണയും കർമ്മപരിപാടി നടപ്പാക്കുന്നത്.

കഴിഞ്ഞ അഞ്ചു വർഷം കൊണ്ട് ജനങ്ങളോട് ഉത്തരവാദിത്വമുള്ള സർക്കാർ പറയുന്നത് പ്രവർത്തിക്കുന്നതിലെയും, പ്രായോഗികമാക്കാൻ കഴിയാതെ വരുന്ന ഒറ്റപ്പെട്ട ചിലതിൽ ജനങ്ങളെ കാരണം ബോധ്യപ്പെടുത്തുന്നതിലെയും, പ്രതിബദ്ധതയാർന്ന ജനകീയ ഭരണ സുതാര്യത ജനങ്ങൾക്കനുഭവപ്പെട്ടു. അതുകൊണ്ടു തന്നെ ഈ ഭരണം തുടരണമെന്ന് ജനങ്ങൾ നിശ്ചയിച്ചു. തുടർഭരണത്തിന്റെ ഈ അവസരത്തെ ഫലപ്രദമായി ഉപയോഗിക്കുകയാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ. ഹ്രസ്വകാല പദ്ധതികൾ വേറെ. ദീർഘകാല പദ്ധതികൾ വേറെ. വികസന പരിപാടികൾ വേറെ. ക്ഷേമ പദ്ധതികൾ വേറെ. ഇങ്ങനെ തരംതിരിച്ച്, പദ്ധതിനിർവ്വഹണത്തിന് സമയം നിശ്ചയിച്ച് ജനങ്ങളെ വിശ്വാസത്തിലെടുത്ത് മുന്നോട്ടു പോകുകയാണ് എൽ ഡി എഫ് സർക്കാർ.

ജനാധിപത്യ പ്രക്രിയയിൽ പ്രഖ്യാപനങ്ങൾ തെരഞ്ഞെടുപ്പിൽ ഉദിച്ച് തെരഞ്ഞെടുപ്പിൽ തന്നെ അസ്തമിക്കുന്ന രീതിയാണ് പൊതുവെ ഉള്ളത്. എന്നാൽ, കേരളത്തിൽ അതിന് മാറ്റമുണ്ടായിരിക്കുകയാണ്. ജനങ്ങൾക്ക് കൺമുമ്പിൽ കാണാനാവുകയാണ് വികസനം. ഓരോ വർഷം കഴിയുമ്പോഴും പ്രോഗ്രസ്സ് റിപ്പോർട്ടിലൂടെ അവർക്ക് നേരിട്ട് വിലയിരുത്താൻ കഴിയുകയാണ് സർക്കാരിന്റെ പ്രവർത്തനം. ആ നിലയ്ക്ക് ജനാധിപത്യ സംവിധാനത്തെ തന്നെ കൂടുതൽ ജനകേന്ദ്രീകൃതമാക്കുകയാണ്. ജനങ്ങളാണ് യജമാനന്മാർ എന്ന കാഴ്ചപ്പാടിനെ ഊട്ടിയുറപ്പിക്കുകയാണ്.

പുതിയ നൂറുദിന പരിപാടിയുടെ തുടക്കം ഒരു പൊതുവിദ്യാലയത്തിൽ നിന്നായിരുന്നു എന്നതിൽ നിന്നുതന്നെ ഈ സർക്കാരിന്റെ ഊന്നൽ എന്തിലാണ് എന്നത് വ്യക്തമാണ്. വിദ്യാഭ്യാസ മേഖലയിൽ നാം കൈവരിച്ച നേട്ടങ്ങൾ സംരക്ഷിക്കാൻ ഉദ്ദേശിച്ചുകൊണ്ട് കഴിഞ്ഞ തവണ ആരംഭിച്ച പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തെ കൂടുതൽ ശക്തിപ്പെടുത്തണം. അതോടൊപ്പം പൊതുവിദ്യാലയങ്ങളിൽ സൃഷ്ടിക്കുന്ന മുന്നേറ്റത്തിന് സമാനമായ കുതിച്ചുചാട്ടം നടത്താൻ കഴിയുന്ന വിധത്തിൽ ഉന്നത വിദ്യാഭ്യാസ മേഖലയെയും നവീകരിക്കണം. അങ്ങനെ വൈജ്ഞാനിക സമ്പദ്ഘടനയാക്കി കേരളത്തെ പരിവർത്തിപ്പിക്കണം. അതിന് സഹായകമാവുന്ന വിധത്തിൽ നൂതനത്വത്തിൽ അധിഷ്ഠിതമായ സമൂഹമായി നാം മാറണം. ഇത്തരം ഇടപെടലുകളിലൂടെ നമ്മുടെ ചെറുപ്പക്കാർക്ക് വേണ്ട തൊഴിലുകൾ ഇവിടെത്തന്നെ ഒരുക്കാൻ കഴിയണം. അതിനുള്ള കൃത്യമായ പദ്ധതി ആസൂത്രണം ചെയ്തുകൊണ്ടാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ മുന്നേറുന്നത്.

പൊതുവിദ്യാഭ്യാസം ഒരു പാഴ്ചെലവാണെന്നും വിദ്യാഭ്യാസ മേഖലയിൽ നിന്നും സർക്കാർ പിൻവാങ്ങണമെന്നുമുള്ള മുറവിളികൾ പല കോണുകളിൽ നിന്നും ഉയരുന്നുണ്ട്. കേരളത്തിലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് വ്യത്യസ്തമായ നിലപാടാണുള്ളത്. കേരളത്തിന്റെ സാമൂഹിക മുന്നേറ്റത്തിന്റെ ചാലകശക്തിയായി വർത്തിച്ചത് വിദ്യാഭ്യാസമാണ്. അത് നമ്മുടെ നവോത്ഥാന പ്രസ്ഥാനങ്ങളുടെ ചരിത്രം പരിശോധിച്ചാൽ തന്നെ മനസിലാകും. അവയുടെയും കർഷക - തൊഴിലാളി മുന്നേറ്റങ്ങളുടെയും ഇടതുപക്ഷ പുരോഗമന പ്രസ്ഥാനങ്ങളുടെയും ചുവടുപിടിച്ചാണ് സഖാവ് ഇ എം എസിന്റെ നേതൃത്വത്തിൽ ഐക്യകേരളത്തിന്റെ ആദ്യ മന്ത്രിസഭ അധികാരത്തിൽ എത്തിയത്. ആ സർക്കാർ വിദ്യാഭ്യാസ ബിൽ അവതരിപ്പിക്കുകയും പിന്നീട് 1967 ൽ വീണ്ടും അധികാരത്തിൽ എത്തിയപ്പോൾ സെക്കൻഡറി തലം വരെയുള്ള വിദ്യാഭ്യാസം സൗജന്യമാക്കുകയും ചെയ്തു. അവിടെ നിന്നും പല ഘട്ടങ്ങളിലൂടെ കടന്ന് ഇപ്പോൾ കേരളം വൈജ്ഞാനിക സമൂഹം എന്ന ലക്ഷ്യത്തിലേക്ക് ചുവടുവയ്ക്കുകയാണ്. അതിന്റെ ഭാഗമായി കൂടി വേണം വിദ്യാഭ്യാസ മേഖലയിലെ ഇത്തരം കേന്ദ്രീകൃത ഇടപെടലുകളെ കാണാൻ.

ഇത്തരം കേന്ദ്രീകൃത ഇടപെടലുകൾ ആവശ്യമായിരുന്ന ഘട്ടത്തിലാണ് 2016 ലെ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ അധികാരത്തിലെത്തിയത്. അതിന് തൊട്ടുമുമ്പ് 2015 ൽ പൊതുവിദ്യാലയങ്ങൾ സംരക്ഷിക്കാൻ ഉത്തരവാദപ്പെട്ട സർക്കാർ തന്നെ അവയെ അടച്ചുപൂട്ടാൻ ശ്രമിക്കുന്ന അവസ്ഥയുണ്ടായിരുന്നു. 2016ൽ ചുമതലയേറ്റ എൽ ഡി എഫ് സർക്കാർ നവകേരളം കർമ്മപദ്ധതി ആവിഷ്ക്കരിച്ചു. അതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസസംരക്ഷണയജ്ഞം നടപ്പാക്കി. മുൻപ് അടച്ചുപൂട്ടാൻ അനുവാദം കൊടുത്ത വിദ്യാലയങ്ങളെ സർക്കാർ ഏറ്റെടുത്തു. അങ്ങനെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളെ സംരക്ഷിക്കുക എന്നത് സംസ്ഥാന സർക്കാരിന്റെ ഉത്തരവാദിത്തമാണെന്ന് പ്രവൃത്തിയിലൂടെ തെളിയിച്ചു. അത് പൊതുസമൂഹത്തിന്, പ്രത്യേകിച്ച് രക്ഷാകർതൃ സമൂഹത്തിന് നൽകിയ ആത്മവിശ്വാസം വളരെ വലുതാണ്. അതിന്റെ പ്രത്യക്ഷ തെളിവാണ് 2017-18 അക്കാദമിക വർഷം മുതൽ 2021-22 അക്കാദമിക വർഷം വരെയായി പൊതുവിദ്യാലയങ്ങളിലേക്ക് അധികമായെത്തിയ 9.34 ലക്ഷം കുട്ടികൾ.

പൊതു-ഉന്നതവിഭ്യാഭ്യാസ മേഖലകളിൽ ഈ സർക്കാർ ഊന്നൽ നൽകുന്നു എന്നതിനർത്ഥം അത് മാത്രമാണ് ഈ നൂറുദിന പരിപാടിയുടെ ശ്രദ്ധാകേന്ദ്രം എന്നല്ല. ലൈഫ് മിഷന്റെ ഭാഗമായി 20,000 പേർക്ക് വീടുകൾ, മൂന്ന് ഭവന സമുച്ചയങ്ങൾ, പുനർഗേഹം വഴി 532 വീടുകൾ, കേരളത്തിൽ അങ്ങോളമിങ്ങോളം വാതിൽപ്പടി സേവനം, 15,000 പേർക്ക് പട്ടയം, 14,000 കുടുംബങ്ങൾക്ക് കെ-ഫോൺ കണക്ഷൻ, എല്ലാ ജില്ലകളിലും സുഭിക്ഷ ഹോട്ടലുകൾ, 15 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ, 150 വെൽനെസ് സെന്ററുകൾ, 53 പുതിയ സ്കൂൾ കെട്ടിടങ്ങൾ, 150 വിദ്യാർത്ഥികൾക്ക് നവകേരള ഫെലോഷിപ്പ്, 1,500 ഗ്രാമീണ റോഡുകൾ, മാങ്കുളം ജലവൈദ്യുത പദ്ധതി, ചേർത്തല മെഗാ ഫുഡ് പാർക്ക് എന്നിവയൊക്കെ ഈ നൂറുദിന പരിപാടിയുടെ ഭാഗമാണ്.

കേരളത്തിന്റെ മുഖച്ഛായ അടിസ്ഥാനപരമായി മാറ്റാൻ കഴിയുന്ന വിധത്തിലുള്ള മഹത്തായ ഒരു കർമ്മ പദ്ധതിയാണിത്. ഇതിലൂടെ ഒന്ന് കണ്ണോടിക്കുന്നവർക്കറിയാം കേരളത്തിന്റെ എല്ലാ ഭാഗങ്ങൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും സമതുലിതമായ സമീപനം ഉൾക്കൊള്ളുന്നതുമാണ് ഇതിലെ പദ്ധതികൾ എന്നത്. വിവിധ വകുപ്പുകളുടെ സഹകരണത്തോടെ ഇതിലൂടെ 23 ലക്ഷത്തോളം തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

പുതിയ നൂറുദിന പരിപാടിയിൽ ആകെ 1,557 പദ്ധതികളുണ്ടാവും. 17,183.89 കോടി രൂപ മുടക്കിയാണ് ഇത് നടപ്പാക്കുന്നത്. ഇത്ര വലിയ തുകക്കുള്ള പരിപാടി ഈ ചുരുങ്ങിയ നാളുകൾക്കുള്ളിൽ സംസ്ഥാനത്തിന്റെ നാനാ ഭാഗങ്ങളിലുമായി പൂർത്തിയാക്കുക എന്നത് ചരിത്രത്തിലെ അപൂർവതകളിലൊന്നായിരിക്കും. മഹാമാരിയെ തുടർന്ന് പല രംഗങ്ങളിലുമുണ്ടായ മാന്ദ്യം മനുഷ്യവിഭവ വിനിയോഗത്തെയും ബാധിച്ചിട്ടുള്ള സാഹചര്യത്തിൽ അതിന് വലിയൊരളവിൽ പരിഹാരമാവുക കൂടി ചെയ്യുമിത്. ലക്ഷക്കണക്കിനു തൊഴിൽ ദിനങ്ങളാണിവ സൃഷ്ടിക്കുക എന്നതിൽ നിന്ന് ഇക്കാര്യം വ്യക്തമാണല്ലോ. മനുഷ്യവിഭവ വിനിയോഗം ഊർജസ്വലമാക്കിക്കൊണ്ട് സാധാരണക്കാരിൽ പണം എത്തിക്കുക എന്നത് കോവിഡ് സമ്പദ്ഘടനയിലുണ്ടാക്കിയ ക്ഷീണത്തെ മറികടക്കാനുള്ള വഴികളിലൊന്നാണെന്ന് സർക്കാർ കരുതുന്നു.

ഒരു പരിപാടി തന്നെ അനേകം പരിപാടികളെ ഉൾക്കൊള്ളുന്നു എന്നത് ഈ നൂറുദിന പരിപാടിയുടെ വലിയ ഒരു പ്രത്യേകതയാണ്. ഉദാഹരണത്തിന്, സ്കൂൾ കെട്ടിടങ്ങളുടെ ഉദ്ഘാടനം എന്നത് ഒരു പരിപാടിയാണ്. എന്നാൽ, യഥാർത്ഥത്തിൽ ഉദ്ഘാടനം ചെയ്യപ്പെടുന്നത് 53 സ്കൂൾ കെട്ടിടങ്ങളാണ്. മികച്ച ഇന്റർനെറ്റ് - ബ്രോഡ്ബാന്റ് കണക്റ്റിവിറ്റി ഒരുക്കും എന്നു പറയുമ്പോൾ 140 നിയമസഭാ മണ്ഡലങ്ങളിൽ നൂറു കുടുംബങ്ങൾക്ക് വീതവും 30,000 സർക്കാർ ഓഫീസുകൾക്കും കണക്ഷൻ കിട്ടുകയാണ്. ഇതിൽ നിന്നു തന്നെ നൂറുദിന കർമ്മപദ്ധതി എത്രമാത്രം ബൃഹത്തായ ഒന്നാണ് എന്ന് നമുക്ക് മനസിലാകും.

ചെറുകിട ജലവൈദ്യുത സ്റ്റേഷൻ മുതൽ നവീകരിച്ച ട്രഷറികൾ വരെയുണ്ട്. ഫുഡ് പാർക്ക് മുതൽ റബർ കമ്പനി വരെയുണ്ട്. ഇന്റർനാഷണൽ എക്സിബിഷൻ - കൺവെൻഷൻ സെന്റർ മുതൽ ലൈഫ് സയൻസ് പാർക്ക് വരെയുണ്ട്. 18 വയസ്സ് പൂർത്തിയാക്കിയ ഭിന്നശേഷിക്കാർക്ക് ജീവനോപാധി കണ്ടെത്താനുള്ള ശാക്തീകരണ പദ്ധതി മുതൽ പ്രവാസി സഹായപദ്ധതി വരെയുണ്ട്. പട്ടികജാതിയിൽപ്പെട്ട കുട്ടികൾക്കുള്ള പഠനമുറി ഒരുക്കൽ മുതൽ പിന്നോക്ക വിഭാഗം പ്രവാസികൾക്കുള്ള റിട്ടേൺ വായ്പാ പദ്ധതി വരെയുണ്ട്. സമൂഹത്തിലെ എല്ലാ വിഭാഗങ്ങളെയും നാടിന്റെ എല്ലാ ഭാഗങ്ങളെയും ഒരുപോലെ സമഗ്രമായി സ്പർശിക്കുന്ന പദ്ധതികളാണ് നടപ്പാക്കുന്നതെന്നു ചുരുക്കം.

ഫെബ്രുവരി 10 മുതൽ മെയ് 20 വരെ നടപ്പാക്കുന്ന ഈ നൂറുദിന പരിപാടി പൂർണതയിലെത്തുമ്പോൾ മന്ത്രിസഭയുടെ ഒന്നാംവാർഷികമാവും. വാർഷികം ആഘോഷമാക്കണമെന്ന് കരുതുന്നവരുണ്ട്. ആഘോഷിക്കേണ്ടത് തന്നെയാണ്. എന്നാൽ വെറുതേ ആഘോഷമെന്ന് പ്രഖ്യാപിച്ചാൽ പോര. ആഘോഷത്തിന് അടിസ്ഥാനം നൽകുന്ന കാര്യങ്ങളുണ്ടാവണം. അതുണ്ടാക്കാൻ പ്രതിജ്ഞാബദ്ധമാണ് ഈ സർക്കാർ. അതിന്റെ ദൃഷ്ടാന്തങ്ങളാണ് ഈ നൂറുദിന പരിപാടികളിലുള്ളത്.

Printed and Published by S.V. Unnikrishnan Nair, Secretary, Kerala Legislature Secretariat on behalf of Kerala Legislative Assembly and Printed at Akshara Offset, TC 25/3230 (1), Near Old GPO, Vanchiyoor, Thiruvananthapuram - 695 035 and Published from Data Resource Development Section, Kerala Legislature Secretariat, Vikas Bhavan P.O, Thiruvananthapuram 695033, Editor- M.B. Rajesh